Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1125 ചിങ്ങം 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ആഗസ്റ്റ് 23 | ലക്കം 2

## പ്രസാദവരത്തിന്റെ വിജയം

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി.)



കണ്ടത്തിൽ മാർ ആഗ്ഗസ്തീനോസ് തിരുമേനി വിജയിപ്പൂതാക!

പരിശുദ്ധതമനും പണ്ഡിതാഗ്രേസരനുമായ അഗ്ഗസ്തീനോസിന്റെ ജീവിതകഥാകഥനം ഒരാവർത്തി പാരായണം ചെയ്യുന്ന ഏതൊരാളും പ്രസാദവരം എത്ര അത്ഭുതകരമായ വിധത്തിലാണു് അദ്ദേഹത്തിൽ പ്രവർത്തിച്ചതെന്നു് സുതരാം വ്യക്തമാകും. സമർത്ഥന്മാർ ചീത്തയായാൽ തീരെ ചീത്തയാകുമെന്നുള്ളതു സുവിദിതമാണല്ലോ. ധീമാനായ അഗ്ഗസ്തീനോസു ബാല്യം മുതൽക്കുതന്നേ സത്യപഥത്തിൽനിന്നു വ്യതിചലിച്ചു അബദ്ധത്തിലും ദുർമ്മാർഗ്ഗത്തിലും ചരിച്ചു. അനിയന്ത്രിതമായ ആ ജീവിതം ജുഗുപ്സാവഹമായ പാപങ്ങൾകൊണ്ടു എത്രയും വഷളായെന്നു ചുരുക്കിപ്പറയുവാനേ നിവൃത്തിയുള്ളു. പുണ്യവതിയായ മാതാവിന്റെ മാതൃകയോ ഉപദേശങ്ങളോ സുകൃതപന്ഥാവിൽ അഗ്ഗസ്തീനോസിനെ പിടിച്ചുനിറുത്തുന്നതിനു പര്യാപ്തമായില്ല. വേദപുസ്തകം അനാകർഷകമായിത്തോന്നി. ജഡികദുർമ്മോഹങ്ങൾ തീപോലെ ശരീരത്തിൽ കത്തിക്കാളി. മനുഷ്യനു സ്വാതന്ത്ര്യമനസ്സില്ലെന്നുപോലും ആ സ്ഥിതിയിൽ അഗ്ഗസ്തീനോസു വിചാരിച്ചുപോയി. മനുഷ്യനിൽസ്ഥിതിചെയ്യുന്നമൃഗീയമായ ശക്തി അവനെ ദുർമ്മാർഗ്ഗത്തിലൂടെ ആനയിച്ചുകൊണ്ടിരിക്കുകയാണെന്നു മനിക്കിയരോടുകൂടെ അഗ്ഗസ്തീനോസു ചിന്തിച്ചു. പാപത്തിന്റെ അടിമത്തത്തിൽ കഴിഞ്ഞുകൂടുന്ന ഒരാത്മാവു് ചില സമയങ്ങളിൽ അഗ്ഗസ്തീനോസിനെപ്പോലെ ചിന്തിച്ചേക്കാം; തനിക്കു നന്മചെയ്യാനും തിന്മയിൽനിന്നു് അകന്നിരിക്കുവാനും ശക്തിയില്ലെന്നു്. പണ്ഡിതരായ യുവാക്കളും അഭ്യസ്തവിദ്യരായ യുവതികളും ചില ജീവിതസന്ധികളിൽ ഇപ്രകാരമുള്ള ഒരു ചിന്താഗതി സ്വീകരിച്ചു മൃഗങ്ങളെപ്പോലെ സ്വച്ഛന്ദവിഹാരംചെയ്തു ജീവിക്കാമെന്നു നിർല്ലജ്ജം നിശ്ചയിച്ചു ജീവിതം പാഴാക്കുന്നുണ്ടു്. ഈദൃശമായ ചിന്താസരണിയിൽ കുറേനാൾ വർത്തിച്ചുകഴിയുമ്പോൾ അവർ ചോദിക്കുന്നു: മനുഷ്യനു സുകൃതജീവിതം സാധ്യമാണോ?

വിരക്തജീവിതത്തിന്റെ താപസാനുയോജ്യമായ സൗന്ദര്യവും കന്യാത്വത്തിൽ മരിച്ചു സ്വർഗ്ഗം പ്രാപിച്ചിട്ടുള്ള യുവതിയുവാക്കളുടെ വമ്പിച്ച സംഖ്യയും അഗ്ഗസ്തീനോസിനെ സുകൃതത്തിലേക്കു ക്ഷണിച്ചിരുന്നെങ്കിലും അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ദുരാശകൾ ചോദിച്ചിരുന്നു: "ഇവകൂടാതെ താങ്കൾക്കു ജീവിക്കുവാൻ കഴിയുമെന്നു കരുതുന്നുണ്ടോ?" ഇങ്ങനെ നന്മയുടെയും തിന്മയുടെയും മദ്ധ്യേനിന്നു കുഴഞ്ഞുവശായ അഗ്ഗസ്തീനോസിനു് ഒരു ദിവസമുണ്ടായ അനുഭവം അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നേ ഇവിടെ ഉദ്ധരിക്കാം:

"എന്റെ ആത്മാവിന്റെ രഹസ്യമായ അഗാധങ്ങളിൽ അദൃശ്യമായിക്കിടന്നിരുന്ന എല്ലാ ദുഷ്പ്രവൃത്തികളെയും സൂക്ഷ്മമായി പരിശോധിക്കുവാൻ തുടങ്ങിയപ്പോൾ ഒരു വലിയ കോളിളക്കം തന്നേ എന്നിൽ പ്രത്യക്ഷപ്പെടുകയും ഞാൻ അശ്രുക്കൾ വർഷിക്കുകയും ചെയ്തു. എന്റെ വിലാപവും കരച്ചിലും സ്വച്ഛന്ദം തുടരുന്നതിനായി എന്റെ സ്നേഹിതനായ അലിപ്പിയസ്സിന്റെ പക്കൽനിന്നു് ഞാൻ എഴുന്നേററു മാറി. കരയുന്നതിനു് ഏകാന്തമാണു നല്ലതെന്നു ഞാൻ വിചാരിച്ചു. സ്നേഹിതന്റെ സാന്നിദ്ധ്യം പരിഭ്രമത്തിനു കാരണമാകാതിരിക്കാൻ ഞാൻ കുറേ ദൂരെപ്പോയി എന്തോ ഞാൻ ഉച്ചരിച്ചു; എന്നാൽ എന്റെ സ്വരം ഗൽഗദത്തിൽ ആഴുകയാണു ചെയ്തതു്. അത്ഭുതപരതന്ത്രനായ അലിപ്പിയസ്സ് പൂർവ്വസ്ഥലത്തു തന്നെ ഇരുന്നു. ഞാൻ ഒരു അത്തിവൃക്ഷത്തിന്റെ കീഴിൽ കുഴഞ്ഞുവീണു. പ്രളയംപോലെ പ്രവഹിച്ചിരുന്ന ബാഷ്പകണങ്ങളെ ഞാൻ നിയന്ത്രിച്ചില്ല. അവ, കർത്താവേ, അങ്ങേക്കുള്ള ഒരു ബലിയായിരുന്നു. ഏറെക്കുറെ ഞാൻ ഇപ്രകാരം പറഞ്ഞു: "കർത്താവേ, എത്ര നാൾ എന്നോടു് ഇങ്ങനെ കോപിച്ചിരിക്കും? എത്രനാൾ? കഴിഞ്ഞകാലത്തെ ഞങ്ങളുടെ തിന്മ നീ ഓർക്കല്ലേ." അവ എന്നെ ബന്ധിച്ചിരുന്നതുപോലെയാണു കരുതിയിരുന്നതു്. ഞാൻ തുടർന്നു് ഇപ്രകാരം ആവലാതിപ്പെട്ടു: "നാളെ നാളെയെന്നു് ഇനി എത്രകാലത്തേക്കാണു ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നതു്? എന്തുകൊണ്ടു്, ഇപ്പോൾ, ഈ നിമിഷത്തിൽ എന്റെ ഈ അശുദ്ധതയെ ഞാൻ അവസാനിപ്പിക്കുന്നില്ല." കരഞ്ഞുകൊണ്ടു ഞാൻ ഇത്രയും പറഞ്ഞു പെട്ടെന്നു് അടുത്ത വീട്ടിൽനിന്നു് ഒരു ബാലന്റെയോ ഒരു ബാലികയുടെയോ — ആരുടേതെന്നു് അറിഞ്ഞുകൂടാ — ഒരു സ്വരം കേട്ടു. ഒരു തരം പാട്ടുമട്ടിൽ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു: "എടുത്തു വായിക്കൂ; എടുത്തു വായിക്കൂ." കരച്ചിൽ ഞാൻ നിറുത്തി. ഏതെങ്കിലും "പിള്ളേരുകളി"കളിൽ കുട്ടികൾ ഇങ്ങനെ പാടാറുണ്ടോയെന്നു് ശ്രദ്ധാപൂർവ്വം ചിന്തിച്ചുനോക്കി. ഒരിക്കലും ഇങ്ങനെ കേട്ടതായി ഓർക്കുവാൻ കഴിഞ്ഞില്ല." കണ്ണീരു പിന്നെയും ചിന്തി. എന്റെ വേദപുസ്തകമെടുത്തു പാരായണം ചെയ്യാനുള്ള ദിവ്യമായ ഒരാജ്ഞതന്നെയാണിതെന്നു ഞാൻ തീർച്ചയാക്കി. തുറക്കുന്ന സ്ഥലത്തുതന്നെ വായിക്കാമെന്നു് ഉറച്ചു. അന്തോനീസു് ഒരിക്കൽ ഇപ്രകാരം വായിച്ച വേദപുസ്തകവിഭാഗം തനിക്കുതന്നെ നല്കപ്പെട്ട ഒരു സന്ദേശമായിക്കരുതി പ്രവർത്തിച്ചുവെന്നു കേട്ടിട്ടുണ്ടു്? "നിനക്കുള്ള സമസ്തവും വിററു ദരിദ്രനു കൊടുക്കുക. നിനക്കു സ്വർഗ്ഗത്തിൽ സമ്പത്തുണ്ടാകും. നീ എന്റെ പിന്നാലെ വരിക" എന്നാണു് അന്തോനീസ് വായിച്ചതു്. തൽക്ഷണം അദ്ദേഹം അപ്രകാരം ചെയ്തു നിന്നിലേക്കു പിന്തിരിഞ്ഞു. ഞാൻ അതുകൊണ്ടു് അലിപ്പിയസ് ഇരുന്ന സ്ഥലത്തേക്കു തിരികെപ്പോയി. അവിടെ ഞാൻ വിട്ടുംവെച്ചു പോന്നിരുന്ന വേദപുസ്തകം തുറന്നു് ആദ്യം എന്റെ ദൃഷ്ടിയിൽപ്പെട്ട വാക്യം ഇപ്രകാരം വായിച്ചു: "വിരുന്നുകളിലും മദ്യപാനത്തിലും ശയനമോഹങ്ങളിലും അശുദ്ധിയിലും വ്യവഹാരത്തിലും അസൂയയിലും അല്ല ചരിക്കേണ്ടതു്; പ്രത്യുത നിങ്ങൾ കർത്താവായ ഈശോമിശിഹായെ ധരിക്കുക. മോഹങ്ങൾക്കായി ശരീരത്തിൽ ഭോഗങ്ങൾ കരുതിവെക്കാതിരിക്കുകയും ചെയ്യുക." (റോമ. 13, 13) കൂടുതൽ വായിക്കുവാൻ തോന്നിയില്ല; വായിച്ചുമില്ല. ആ നിമിഷത്തിൽത്തന്നെ ശരണത്തിന്റെ പ്രകാശം എന്റെ ഹൃദയത്തിൽ പൊൻപുലരി വീശി. അനിശ്ചിതാവസ്ഥയിലുള്ള അന്ധകാരം നീങ്ങി."

ഇതാണു് അഗ്ഗസ്തീനോസിന്റെ ജീവിതത്തിലെ പരിവർത്തനരംഗം. അന്നു് അദ്ദേഹം ഒരു പുതിയ മനുഷ്യനായി. ദീർഘമായി ദൈവത്തെ മറന്നുകളഞ്ഞു് അവിടുത്തെ ദ്രോഹിച്ചുജീവിച്ചിരുന്ന ഈ ധൂർത്തപുത്രൻ പ്രത്യാഗമിച്ചപ്പോൾ എന്താണു പറഞ്ഞതു്! "പ്രാചീനവും എന്നാൽ എപ്പോഴും നവ്യമായ സൗന്ദര്യമേ, ഞാൻ അങ്ങേ സ്നേഹിക്കുവാൻ എത്ര വൈകിപ്പോയി."

പാപിയായ ഒരാത്മാവു് യഥാർത്ഥമായി ഈശ്വരങ്കലേക്കു പിന്തിരിയുമ്പോൾ തോന്നുന്നതു് ഇപ്രകാരമായിരിക്കും. "എന്നും പഴയതും എന്നും പുതനുമായ സൗന്ദര്യമേ, ഞാൻ അങ്ങേ സ്നേഹിക്കുവാൻ എത്ര വൈകിപ്പോയി." അനന്തരം സമാരംഭിക്കുന്ന ഈശ്വരസ്നേഹം ദുരാശകളുടെ ആമർഷംകൊണ്ടു മങ്ങിമറഞ്ഞുപോകുന്നില്ല. അതു കത്തി എരിയുകതന്നെ ചെയ്യും.

അഗ്ഗസ്തീനോസിൽ ഇപ്രകാരമാണു സംഭവിച്ചതു്. അദ്ദേഹത്തിന്റെ ആത്മാവു് ഇനി വേർപിരിയാത്തവണ്ണം സ്രഷ്ടാവിലേക്കു പിന്തിരിഞ്ഞു. അദ്ദേ

(ശേഷം 12-ാം പേജിൽ)




## ആത്മാവിൻെറ ശ്വാസോച്ഛ്വാസം

ഒരിക്കൽ അവിടുന്നു ഓർശലത്തേക്കു പോകവെ ശമരിയായും ഗ്ലീലായും മദ്ധ്യേക്കൂടെ കടന്നുപോയി. അവിടുന്നു ഒരു ഗ്രാമത്തിലേക്കു ചെന്നപ്പോൾ കുഷ്ഠരോഗികളായ പത്തുപേർ അവിടുത്തെ പക്കലേക്കുവന്നു, ദൂരത്തുനിന്നുകൊണ്ടു, "ഗുരുവായ ഈശോ! ഞങ്ങളോടു കരുണയുണ്ടാകേണമെ" എന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അവിടുന്നു അവരെ അഭിമുഖീകരിച്ചുകൊണ്ടു, "നിങ്ങൾ പോയി നിങ്ങളെത്തന്നെ പുരോഹിതന്മാർക്കു കാണിക്കുവിൻ" എന്നു അരുളിച്ചെയ്തു. തന്മൂലം പോകവേ അവർ ശുചീകൃതരായി. എന്നാൽ അവരിൽ ഒരുത്തൻ, താൻ സുഖംപ്രാപിച്ചുവെന്നുകണ്ടു, ഉച്ചസ്വരത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരികെവന്നു, ഈശോയുടെ പാദത്തിങ്കൽ സാഷ്ടാംഗം വീണു നന്ദിപ്രദർശിപ്പിച്ചു. ഇയാൾ ഒരു ശമരായനായിരുന്നു. അപ്പോൾ ഈശോ ചോദിച്ചു: "പത്തുപേരും ശുചീകൃതരായില്ലേ? ബാക്കി ഒമ്പതുപേർ എവിടെ? ഈ വിജാതീയനല്ലാതെ മറ്റാരുംതന്നെ ദൈവത്തെ സ്തുതിക്കുവാൻ തിരിച്ചുവന്നില്ല. അതിനുശേഷം അവിടുന്നു അവനോടു, "നീ എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിൻെറ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു," എന്നു പറഞ്ഞു. (പന്തക്കുസ്താ 13-ാം ഞായർ; സുവിശേഷം: ലൂക്കാ XVII, 11—19)

പണ്ടു രണ്ടു മാലാഖമാർ വിശന്ന സ്ഥലത്തെ തരണംചെയ്തു ധവളമേഘപാളികളെ ഇളച്ചുകൊണ്ടു ഭൂതലത്തിലെത്തി. രണ്ടുപേരുടേയും കൈയിൽ ഓരോ വലിയ കൊട്ടയുണ്ടായിരുന്നു. പ്രാർത്ഥനാനിരതരായി മുട്ടിന്മേൽ നിന്നിരുന്ന സകല മനുഷ്യരേയും ഇവർ സമീപിച്ചു. വീടുകൾ, പള്ളികൾ, സ്കൂളുകൾ, കോട്ടകൾ, സന്യാസാശ്രമങ്ങൾ തുടങ്ങിയവയെല്ലാം അവർ സന്ദർശിച്ചു. ക്രമേണ ഒരു മാലാഖയുടെ കൊട്ട നിറഞ്ഞു ഭാരമുള്ളതായിത്തീർന്നു. എന്നാൽ ഇതരൻെറ കൊട്ടയിലാകട്ടെ യാതൊന്നും ലഭിച്ചുമില്ല. ആദ്യത്തെ കൊട്ടയിൽ യാചനാരൂപത്തിലുള്ള പ്രാർത്ഥനകളായിരുന്നു സംഭരിക്കപ്പെട്ടതു: "ദൈവമേ, എനിക്കു ഇതു ലഭിക്കണം; എനിക്കു അതു ആവശ്യമുണ്ടു" എന്നിങ്ങനെയുള്ള നിവേദനങ്ങൾ. രണ്ടാമത്തെ കൊട്ടയിൽ നന്ദിപ്രകടനങ്ങളായിരുന്നു സംഭരിക്കുവാൻ ഉദ്ദേശിച്ചിരുന്നതു: "ദൈവമേ, അങ്ങു എനിക്കു നല്കിയ ആ ഉപകാരത്തിനു നന്ദി, ഈ സംരക്ഷണങ്ങൾക്കു നന്ദി" എന്നിങ്ങനെയുള്ള കൃതജ്ഞതാപ്രകാശനങ്ങൾ. ആദ്യത്തെ മാലാഖ രണ്ടാമത്തെ മാലാഖയോടു പറയുന്നു: "എന്താണു സ്നേഹിതാ തങ്കളുടെ കൊട്ടയിൽ യാതൊന്നും കാണാനില്ലല്ലോ." "അതേ," ഇതരൻ മറുപടിപറഞ്ഞു; "മനുഷ്യരെല്ലാം തങ്ങൾക്കാവശ്യമുള്ള കാര്യങ്ങൾ ചോദിച്ചുവാങ്ങുവാൻ വളരെ ഉത്സാഹമുള്ളവരാണു. എന്നാൽ അവരുടെ അപേക്ഷകൾ സാധിച്ചുകഴിയുമ്പോൾ നല്ലവനായ ദൈവത്തോടു നന്ദിസൂചകമായി ഒരു വാക്കെങ്കിലും പറയുവാൻ അവർ സന്നദ്ധരല്ല!"

ഇന്നത്തെ സുവിശേഷത്തിൽ ദിവ്യരക്ഷകൻ പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തിയെങ്കിലും അവരിൽ ഒരാൾ മാത്രമേ അങ്ങേയോടു നന്ദിപ്രദർശിപ്പിക്കുവാൻ ആഗതനായുള്ളു. ഇതു കേൾക്കുമ്പോൾ ഒരുപക്ഷെ മറ്റുള്ള ഒമ്പതുപേരോടും നമുക്കു എന്തെന്നില്ലാത്ത വെറുപ്പോ കോപമോ തോന്നുവാൻ ഇടയുണ്ടു. വ്യാധികളിൽവെച്ചു മഹാവ്യാധിയായ കുഷ്ഠരോഗം ഒരു നിമിഷംകൊണ്ടു മാറിക്കിട്ടിയപ്പോൾ അതു മാററിത്തന്ന ആ ദിവ്യപുരുഷനോടു നന്ദിയുള്ള ഒരു വാക്കെങ്കിലും പറയുവാൻ സന്നദ്ധത പ്രദർശിപ്പിക്കാത്ത ആ ഒമ്പതുപേരേയും നരാധമന്മാരെന്നു നാം വിധികല്പിക്കുന്നു. എന്നാൽ അതേസമയം, നാം നമ്മുടെ ദൃഷ്ടികൾ നമ്മിലേക്കുതന്നെ തിരിച്ചു, നമ്മുടെ ആത്മാവിൻെറ കുഷ്ഠരോഗമാകുന്ന പാപങ്ങൾ ഒരിക്കലല്ല, പലവുരു തൻെറ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കയും ലൗകികവും ശാരീരികവും ആദ്ധ്യാത്മികവുമായ നിരവധി നന്മകൾ നമുക്കു പ്രദാനംചെയ്യുകയും ചെയ്തിട്ടുള്ള ആ ദിവ്യനാഥനോടു നാം വല്ലപ്പോഴും നന്ദിപ്രദർശിപ്പിക്കാറുണ്ടോ എന്നു അല്പം പര്യാലോചിക്കുന്നതു ഉപകാരപ്രദമായിരിക്കും.

ദൈവത്തോടു നന്ദിപ്രകാശിപ്പിക്കുകയെന്നുള്ളതു ഏററവും സ്വീകാര്യമായ ഒരു പ്രാർത്ഥനയാണു. അതിനെ ആത്മാവിൻെറ ശ്വാസോച്ഛ്വാസമായി പരിഗണിക്കാം. മനുഷ്യൻെറ ശ്വാസകോശത്തിൽ രണ്ടു പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു: ഒന്നു, വായുവിനെ ഉള്ളിലേക്കു ശ്വസിക്കുക; മറേറതു, ആ ഉൾക്കൊണ്ട വായുവിനെ അതു രക്തത്തെ ശുദ്ധീകരിച്ചു പരിപുഷ്ടമാക്കിയതിനുശേഷം, പുറത്തേക്കുവിടുക. ഈ പ്രവൃത്തികൾക്കാണല്ലോ നാം ശ്വാസോച്ഛ്വാസം എന്നു സംജ്ഞ നല്കുന്നതു. ഇപ്രകാരംതന്നെ ആത്മാവിലും രണ്ടു പ്രവൃത്തികൾ അനുസ്യൂതം നടന്നുകൊണ്ടിരിക്കണം. ഒന്നു, ദൈവത്തിൻെറ ദാനങ്ങളെ സ്വീകരിച്ചു അവയെ ആത്മാവിനെ പരിപുഷ്ടമാക്കുന്നതിനു ഉപയോഗിക്കുക; രണ്ടു, ഈ ദാനങ്ങളെ ഹൃദയംഗമമായ കൃതജ്ഞതാപ്രകാശനം വഴിയായി ദൈവസന്നിധിയിലേക്കുതന്നെ സമർപ്പിക്കുക. പ്രകൃത്യനുസൃതമോ, പ്രകൃത്യതീതമോ, ആയ ഏതനുഗ്രഹവും ദൈവത്തിൽനിന്നുള്ള ദാനമാണു. വി. യാക്കോബ്ശ്ലീഹാ പറയുന്നു: "പരിപൂർണ്ണമായ ഏതൊരു ദാനവും മുകളിൽനിന്നു പ്രകാശത്തിൻെറ പിതാവിൽനിന്നു ഇറങ്ങിവരുന്നതാണു." (I—17)

ഇല്ലായ്മയിൽനിന്നു അസ്തിത്വത്തിലേക്കു നമ്മെ ആനയിച്ച ആ ദിവ്യകരങ്ങളെ നാം കൃതജ്ഞതയോടുകൂടെ സ്മരിക്കണം. ജീവൻ—അതെത്ര താണപടിയിലുള്ളതായാലും—വളരെ വിലപിടിച്ചതാണു. ഈ ജീവൻ വെടിയാതിരിക്കുവാൻ മനുഷ്യമൃഗാദികൾ മാത്രമല്ല—ഏററവും കൃശകീടങ്ങൾപോലും—എന്തുമാത്രം വ്യഗ്രതയാണു കാണിക്കുന്നതു! ജീവനിൽ പററിപ്പിടിച്ചു നില്ക്കുവാൻ സകല ജീവികളും വെമ്പൽകൊള്ളുന്നു. കാരണം ജീവൻ വിലപിടിച്ചതാണു. അങ്ങനെയെങ്കിൽ മനുഷ്യജീവൻ എത്രമേൽ വിലപിടിച്ചതാണു. ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതു അങ്ങേ പ്രതിഛായിലും സാദൃശ്യത്തിലുമാണു. അനശ്വരമായ ഒരാത്മാവു—ബുദ്ധി, മനസ്സു, ഓർമ്മ, സ്വാതന്ത്ര്യം എന്നിവ—അങ്ങുന്നു നമുക്കു നൽകി സങ്കീർത്തനക്കാരൻ പറയുന്നു: "അങ്ങുന്നു മനുഷ്യനെ മാലാഖമാരെക്കാൾ അല്പം മാത്രം താഴ്ത്തിയിരിക്കുന്നു. അങ്ങുന്നു അവനെ മഹത്വവും ബഹുമാനവുംകൊണ്ടു മകുടം ചൂടിച്ചു; അങ്ങേ സൃഷ്ടജാലങ്ങളുടെ നായകനാക്കി നിശ്ചയിച്ചു" (സങ്കീ. VIII 6). എന്നാൽ ഇതിലും ഉപരിയായ ഒരനുഗ്രഹമാണു ദൈവം നമ്മെ അസ്തിത്വത്തിൽ സംരക്ഷിച്ചുകൊണ്ടുപോകുന്നുവെന്നുള്ളതു. അങ്ങുന്നു ഒരു നിമിഷമെങ്കിലും കൈവിട്ടാൽ നാം ശൂന്യതയിലേക്കു പതിതരാകും. നമ്മുടെ ജീവൻെറ ജീവൻ അങ്ങുന്നാകുന്നു. നാം ജീവിക്കുന്ന ഓരോ ദിവസവും, നാം ശ്വസിക്കുന്ന ഓരോ ശ്വാസവും, നമ്മുടെ ഹൃദയത്തിൻെറ ഓരോ മിടിപ്പും അങ്ങേ അനന്തനന്മയുടെ പുതിയ പുതിയ അടയാളങ്ങൾ മാത്രമാണു. നമ്മുടെ മാതാപിതാക്കന്മാർ, സഹോദരീസഹോദരന്മാർ, സ്നേഹിതർ, ഉപകാരികൾ തുടങ്ങിയവർ വഴിയായി നമുക്കു സിദ്ധിച്ചുകൊണ്ടിരിക്കുന്ന നന്മകൾ നിരവധിയല്ലേ? ദിവ്യരക്ഷകൻ തൻെറ കുരിശുമരണവും ക്ലേശകളും വഴിയായി മനുഷ്യവർഗ്ഗത്തെ രക്ഷിച്ചതിൽ പ്രദർശിപ്പിച്ച സ്നേഹം ഊഹസീമകളെപ്പോലും അതിലംഘിക്കുന്നില്ലേ? സത്യവിശ്വാസമാകുന്ന മഹാദാനവും അപ്രമാദിത്വമുള്ള ഒരു സഭയും ദൈവത്തിൻെറ ദത്തുപുത്രസ്ഥാനവും സ്വർഗ്ഗത്തിൻെറ അവകാശവും അങ്ങുന്നു നമുക്കു നൽകിയില്ലേ? ഇങ്ങനെ നോക്കുമ്പോൾ ദൈവത്തോടു നന്ദിപ്രദർശിപ്പിക്കുവാൻ നമുക്കു ധാരാള ന്യായങ്ങളുണ്ടു. എങ്കിലും നാം അപ്രകാരം ചെയ്യാറുണ്ടോ? ദൈവം തൻെറ പ്രവാചകൻ വഴിയായി ഇപ്രകാരം വിലപിക്കുന്നു: "ഇസ്രായേലെ, കേൾക്കുക: ഞാൻ കുട്ടികളെ വളർത്തി, അവരെ ഉന്നതസ്ഥാനങ്ങളിലേക്കു ആനയിച്ചു. എന്നാൽ അവരാകട്ടെ എന്നെ നിന്ദിച്ചുപേക്ഷിച്ചു. കാള അതിൻെറ യജമാനനെ അറിയുന്നു, കഴുത അതിൻെറ യജമാനൻെറ തൊഴുത്തും അറിയുന്നു. എന്നാൽ ഇസ്രായേൽ എന്നെ അറിഞ്ഞിട്ടില്ല. എൻെറ ജനം എന്നെ മനസ്സിലാക്കിയതുമില്ല." (ഇസ. I, 2-3). ലോകത്തിൽതന്നെ "നന്ദികെട്ടവൻ" എന്നുള്ള വിശേഷണം ലഭിക്കുവാൻ ആരും ആഗ്രഹിക്കുന്നില്ല. അതു വളരെ ഹീനമായി പരിഗണിക്കപ്പെടുന്നു. "പ്രത്യുപകാരം മറക്കുന്ന പൂരുഷർ—ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും," എന്നുള്ള കവിവാക്യം പൊതുജനാഭിപ്രായത്തിൻെറ പ്രതിധ്വനിമാത്രമാണു. അങ്ങനെ മനുഷ്യരുടെ ഇടയിൽ നന്ദിയില്ലാത്തവനെന്നുള്ള പേരു ലഭിക്കാതിരിപ്പാൻ നാം പരിശ്രമിക്കുന്നുവെങ്കിൽ അതിലുപരിയായി ദൈവതിരുമുമ്പാകെയും നന്ദികെട്ടവനാകാതിരിപ്പാൻ നാം അവിശ്രമം പരിശ്രമിക്കേണ്ടതല്ലയോ?

ചിലർ പറയുമായിരിക്കാം: "എനിക്കു ദൈവത്തോടു നന്ദിപ്രദർശിപ്പിക്കുവാനായി ഒന്നുംതന്നെയില്ല. എൻെറ ജീവിതം ഒരു വെറും മണലാരണ്യമായിത്തീർന്നിരിക്കുന്നു. എൻെറ ചുററിലും ജനങ്ങൾ നല്ല ആരോഗ്യം അനുഭവിക്കുമ്പോൾ ഞാൻ ഇതാ വിവിധവ്യാധികൾക്കു അധീനനായി കഷ്ടപ്പെടുന്നു. മററുള്ളവരെ എല്ലാവരും ബഹുമാനിക്കയും സ്തുതിക്കയും ചെയ്യുമ്പോൾ ഞാനിതാ അജ്ഞാതനും നിന്ദിക്കപ്പെട്ടവനുമായിത്തീർന്നിരിക്കുന്നു. മററുള്ളവർക്കു ധനവും സുഖസൗകര്യങ്ങളും ധാരാളമുണ്ടു; എനിക്കാണെങ്കിൽ ദാരിദ്ര്യവും പട്ടിണിയും മാത്രം." ഇതെല്ലാം വാസ്തവമായിരിക്കാം. എന്നാൽ ദൈവം നമുക്കു ലൗകികനന്മകൾ തരുമ്പോൾ മാത്രം നാം അങ്ങേയോടു നന്ദിപറഞ്ഞാൽ പോരാ, പ്രത്യുത, അങ്ങുന്നു നമുക്കു ക്ലേശങ്ങൾ യാത്രയാക്കുമ്പോഴും അങ്ങേയോടു നാം നന്ദിപറയേണ്ടതാണു. അങ്ങുന്നു ഒരു പിതാവിനെപ്പോലെ ലാളിക്കുമ്പോൾ മാത്രം നാം അങ്ങയെ സ്നേഹിച്ചാൽപോരാ; പ്രത്യുത, ഒരു വൈദ്യനെപ്പോലെ കയ്പുള്ള കഷായം നൽകുമ്പോഴും ശസ്ത്രക്രിയ നടത്തുമ്പോഴും നാം അങ്ങയെ സ്നേഹിക്കണം. നമ്മെ താലോലിക്കുന്ന ആ തൃക്കരങ്ങളെ നാം ചുംബിക്കുന്നതുപോലെ, നമ്മെ ആ തൃക്കരങ്ങൾ തല്ലുമ്പോഴും നാം അവയെ ചുംബിക്കണം. കാരണം അങ്ങുന്നു നമ്മെ ലാളിക്കുമ്പോഴും പ്രഹരിക്കുമ്പോഴും ഒരു സ്നേഹമുള്ള പിതാവിനെപ്പോലെയാണു വർത്തിക്കുന്നതു. ഇളു ലോകത്തിലും സാധാരണയാണല്ലോ. മാത്രമല്ല, പല വിശുദ്ധരും അഭിപ്രായപ്പെടുന്നതുപോലെ, സകലകാര്യങ്ങളുടേയും ശരിയായ വിലയും നിലയും വെട്ടിത്തുറന്നു കാണിക്കപ്പെടുന്ന വിധിദിവസത്തിൽ. നാം ദൈവം തന്നിട്ടുള്ള സൗഭാഗ്യങ്ങളെക്കാളധികം അങ്ങുന്നു നൽകിയിട്ടുള്ള കഷ്ടപ്പാടുകൾക്കാണു നന്ദിപ്രദർശിപ്പിക്കുവാൻ നിർബന്ധിതരായിത്തീരുക. സുഖത്തിലെക്കാൾ ദുഃഖത്തിൽ നാം ദൈവത്തോടടുക്കുന്നു; വിശ്വാസം തഴച്ചുവളരുവാനും വിശുദ്ധീകരണത്തിൻെറ ഫലങ്ങൾ ഉളവാക്കുവാനും ഇടവരികയും ചെയ്യുന്നു. എല്ലാവക സുഖങ്ങൾ അനുഭവിക്കുന്നവരെന്നോണം വല്ലപ്പോഴും ദൈവത്തെ സ്തുതിക്കുകയും നന്ദിപ്രകടിപ്പിക്കയും ചെയ്യുന്നുണ്ടോ?" തന്നിൽ വർഷിക്കപ്പെടുന്ന മഴവെള്ളം മുഴുവനും കടിക്കുന്ന ഭൂമി മുള്ളുകളും കളകളുമാണു പുഷ്പിക്കുന്നതെങ്കിൽ അതു തിരസ്കരിക്കപ്പെടുകയും അവസാനം അഗ്നിക്കിരയാകപ്പെടുകയും ചെയ്യും" എന്നുള്ള വി. അപ്പസ്തോലൻെറ വാക്യം ശ്രദ്ധാർഹമാണു.

(ജെ. ചെമ്മണൂർ)

—

## അവലംബമെന്തു്!!!

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ)

ധരയെങ്ങു ജനാക്രോശങ്ങൾ മുഴങ്ങുമ്പോൾ
സരസം നന്മയും തെളിഞ്ഞു നിന്നോൻ
മണിദീപം കാണിച്ചനുഗ്രഹിച്ചീടുവാൻ
മനതാരിൽ കാരുണ്യമാർന്നിടുക!
കട്ടുകൾ സത്വ നീതിയുമില്ലാതെ
കരളിൽ കനിവും കലർന്നിടാതെ,
ജഗദീശവിശ്വാസ ബോധവുമില്ലാതെ,
ജനിമൃതിചിന്ത കലർന്നിടാതെ
മഹിതസാഹോദര്യത്തണലണഞ്ഞിടാതെ
മനുജർ മരുവീടും വേളയിങ്കൽ
മണിദീപം കാണിച്ചനുഗ്രഹിച്ചീടുവാൻ
മനതാരിൽ കാരുണ്യമാർന്നിടുക!
പറയുംചൊഴിയെല്ലാം പരിചോടനാകുലം
പരിപാലിച്ചീടുവാൻ കഴിവില്ലാതെ
പലമട്ടിൽ പ്ലാവങ്ങൾക്കരുദോഷം ചെയ്യുവാൻ
പലരും ഇന്നിഞ്ഞിട്ടും നേരമതിൽ
പകയോടി സ്വാതന്ത്ര്യം പുലർത്തുവാനോരോപ്പർ
പരിചിൽ തുനിയുമ്പോളുൾക്കനിവായ്
മണിദീപം കാണിച്ചനുഗ്രഹിച്ചീടുവാൻ
മനതാരിൽ കാരുണ്യമാർന്നിടുക!
ഭുവി, നാശകാരുതിത്ത കൂടാരം ചുറ്റിടാൻ
അവികല ശക്തിമുഴങ്ങീടുന്ന
നിശിതഭയങ്കര കമ്യൂണിസമെന്നൊരസുരദുഷ്ടമൊക്കെയുൾക്കിടുമ്പോൾ
ക്ഷിതിയെയുദ്ധവഹ്നി മഴക്കിപ്പടിക്കവെ
മതിമോദമോടു കാരുണ്യമായ്,
വരവർഷപൂരത്തെ നിരന്തരം
മരതകം മേല്പ്പതിന്നാക്കുന്നു!
പെരുകുംവിപല്പ്പിനാൽ വലയുന്നോരങ്ങൾ—
ക്കൊരുമുള്ളിക്കഞ്ഞിക്കു മാർഗ്ഗമേകാൻ
മനതാരിൽ കനിവേലു പൊല്ലാപ്പെന്തെന്നി—
മഹിയതിൽ കനകമൊഴുക്കീടുന്നു!
അരികൾ പിടിക്കുവാൻ വലകൾ വിരിക്കുമ്പോൾ
ചിറകു വിടർത്തിയ തന്നകത്തായ്
വിരവിൽത്താൻ കുഞ്ഞുങ്ങൾക്കഭയം നൽകിടുന്ന
ചരണായുധംപോലെയാർത്തുണയ്ക്കും!
പരമാനന്ദമൂർത്തെ ലിവോടെ തലൂറിന
പരലോക മണിയദ്വീപ്യത്താമം
അവിരളഗുണഗണ ശ്രുപിണി യമ്മ താ—
നവനിയിതിന്നവലംബമെന്നു!!!

—

## വൈകുന്നേരം കുർബ്ബാന വേണമെന്നു

ഈയിടെ ജർമ്മനിയിലെ ഫ്രാങ്കഫർട്ടു എന്ന സ്ഥലത്തു നടത്തിയ "ലിററർജിക്കൽ വാരത്തിൽ 600 വൈദികരും 150 അത്മനികളും സംബന്ധിക്കുകയുണ്ടായി താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ചു പരിശുദ്ധപിതാവിൻെറ പക്കൽ നിവേദനം സമർപ്പിക്കുവാൻ അവർ തീരുമാനിച്ചിരിക്കുന്നു:-

(1) ദുഃഖശനിയാഴ്ചയിലെ വിശുദ്ധകർമ്മങ്ങൾ അന്നു വൈകുന്നേരം നടത്തുക (2) ആവശ്യമുള്ളിടത്തെല്ലാം വൈകുന്നേരം കുർബ്ബാന ചൊല്ലുവാൻ അനുവാദം നല്കുക. (3) ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു മുമ്പുള്ള ഉപവാസം സംബന്ധിച്ചു നിയമങ്ങൾ കുറെക്കൂടി ലഘൂകരിക്കുക. (4) ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും കുർബ്ബാനകളിൽ ലേഖനവും സുവിശേഷവും ജർമ്മൻ ഭാഷയിൽ വായിക്കുവാൻ അനുവദിക്കുക.

വിമർശനവീഥി

# ക്യാപ്പിററലിസ്റ്റ് രാജ്യങ്ങളോടു റഷ്യക്കു സന്ധിയില്ലാസമരം

[1943-ാമാണ്ട് ഹിററ്ലരുടെ സൈന്യം സോവ്യററ് റഷ്യയിൽ ഇരച്ചുകയറിക്കൊണ്ടിരുന്ന കാലഘട്ടം. അമേരിക്കയിൽനിന്നു കടവാടക (Leud Lease) കരാറനുസരിച്ച് അനേകം കപ്പലുകൾ നിറയെ യുദ്ധോപകരണങ്ങളും മററും റഷ്യയിലേക്കു ഇടമുറിയാതെ വന്നുകൊണ്ടിരുന്ന സന്ദർഭം. ഒരു തൊഴിലാളി കുടുംബത്തിൽ ജനിച്ചു, സാർ ചക്രവർത്തിയുടെ കാലത്തു അദ്ദേഹത്തിന്റെ സ്വേഛാധിപത്യത്തിനെതിരായുണ്ടായ വിപ്ലവത്തിൽ സജീവഭാഗം വഹിച്ചു ഒരു പിതാവിന്റെ കീഴിൽ വളന്നു്, കമ്മ്യൂണിസം റഷ്യയിൽ സമത്വസുന്ദരമായ വ്യവസ്ഥിതി ഉളവാക്കുമെന്നുള്ള പരമാത്ഥമായ ബോദ്ധ്യത്താൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിച്ചേന്നു്, സ്വപരിശ്രമത്താൽ പ്രാമാണികനായ ഒരു ഇഞ്ചിനീയരുടെ പദത്തിലെത്തി സ്വരാജ്യത്തിനു വേണ്ടി ഏററവും വലിയ സ്വാത്ഥത്യാഗത്തോടുകൂടി പ്രയത്നിച്ചുകൊണ്ടിരുന്ന "വിക്ടർ അഡ്രയേയ്യ പിച്ച്" എന്ന യുവാവാണ് അനുഭവസ്ഥൻ. കടവാടക ഏർപ്പാട് സംബന്ധിച്ചു റഷ്യയുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സോവ്യററ് ഗവമ്മെന്റിനാൽ അമേരിക്കയിലേക്ക് അദ്ദേഹം നിയോഗിക്കപ്പെട്ടിരുന്നു. അമേരിക്കയിലേക്കു പുറപ്പെടുന്നതിനു മുൻപ് അധികാരികൾ തന്റെ വിശ്വസ്തതയെ പരിശോധിക്കുകയും പരീക്ഷിക്കയും മററും ചെയ്ത ചില വിവരങ്ങൾ അമേരിക്കയിൽ ചെന്നശേഷം "I Choose Freedom" എന്ന നാമത്തിൽ അദ്ദേഹം രചിച്ച ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതാണ് താഴെ ചേക്കുന്നതു്.]

* * *

ഞങ്ങളുടെ വിദേശവ്യാപാര ഡിപ്പാർട്ടുമെന്റിൽ ഒരു പ്രധമസ്ഥാനം വഹിക്കുന്ന ഒരുദ്യോഗസ്ഥനുമായി കടവാടക വിഷയത്തെക്കുറിച്ചു ഒരു രാത്രി ഞാൻ ചർച്ച നടത്തുകയായിരുന്നു. ഞങ്ങൾ തമ്മിൽ വളരെ സൗഹാർദ്ദതയിലാണ് അതുവരെ കഴിഞ്ഞുകൂടിയിരുന്നതു്.

"വിക്ടർ, അമേരിക്കയിലേക്കു പോകുവാൻ നിങ്ങൾക്കു സമ്മതമായിരിക്കുമോ?" അദ്ദേഹം പെട്ടെന്നു ചോദിച്ചു. "എനിക്കറിയാം, നമുക്കവിടെ ഇനിയുമാളുകൾ പോരാതിരിക്കുന്നെന്നു്."

"എന്നാൽ, ഞാനിക്കാര്യത്തെപ്പററി ചിന്തിച്ചിട്ടേയില്ല. മാത്രമല്ല, ഞാനിവിടെ വളരെ ഉത്തരവാദിത്വമുള്ള ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നു അങ്ങേക്കറിയാമല്ലോ. എങ്കിലും യുദ്ധശ്രമങ്ങൾക്ക് എന്റെ സേവനം പ്രയോജനപ്പെടുമെങ്കിൽ ..."

"ഞാൻ വേണ്ടതു ചെയ്യാൻ നോക്കാം." അദ്ദേഹം പറഞ്ഞു. "ഈ അഭിപ്രായം തക്കസ്ഥാനങ്ങളിൽ ഞാൻ ശ്രദ്ധയിൽപ്പെടുത്തുമെന്നു നിങ്ങൾ ഉറച്ചുകൊള്ളുക."

ഞാൻ അദ്ദേഹത്തിനു നന്ദി പറഞ്ഞു. അദ്ദേഹം ഈ വാക്കു പാലിക്കുമെന്നു ഞാനൊരിക്കലും ആശിച്ചില്ല. അദ്ദേഹത്തിന്റെ അഭിപ്രായം യഥാത്ഥീകരിക്കപ്പെടുമെന്നു വിശ്വസിക്കാൻ ഞാൻ ധൈയ്യപ്പെട്ടുമില്ല. ഇതു് 1942 ഡിസംബർ അവസാനത്തിലായിരുന്നു. 1943 ജനുവരിയിൽ യുണൈറഡ് സ്റ്റേയ്ററ്സിലേക്കുള്ള എന്റെ പോക്കിന്റെ കായ്യം രൂപമെടുക്കുവാൻ തുടങ്ങി. യാത്രയ്ക്കുള്ള പാസ്പോർട്ട് ജൂലൈയിൽ നൽകപ്പെടുകയും ചെയ്തു. ഇടയ്ക്കുള്ള 6 മാസങ്ങളിൽ എനിക്കുണ്ടായ ശല്യം കുറച്ചൊന്നുമല്ല. ഒരു വലിയ ലാബൊട്ടറിയിൽ ഒരു ചൊട്ടുസൂചിയുടെ മുനയിൽ കുത്തിനിത്തിയിരിക്കുന്ന അപൂവ്വതരം ജീവിയെ അനേകമനേകം ശാസ്ത്രജ്ഞന്മാർ സകല വീക്ഷണകോണങ്ങളിൽനിന്നു പരിശോധിച്ച് അതിന്റെ ഗുണദോഷങ്ങൾ പഠിച്ചറിയുന്നതുപോലെയാണ് എന്നെ സംബന്ധിച്ചുണ്ടായ പരിശോധനകളും പരീക്ഷണങ്ങളും. നഗ്നങ്ങളായ വല്ല കുററം കുറവുകൾ എന്നിൽ കണ്ടുപിടിക്കുവാനുണ്ടോയെന്നായിരുന്നു അധികാരികളുടെ ശ്രമം മുഴുവനും. ഒരു സവ്വാധിപത്യ രാഷ്ട്രത്തിന്റെ സകല ശക്തികളും ഈ പാവപ്പെട്ട എന്റെ ഉള്ളു പരിശോധിക്കാനുള്ള ഏകജോലിയിൽ കേന്ദ്രീകരിക്കപ്പെട്ടതുപോലെ തോന്നി. രക്തസംബന്ധികളും, വിവാഹം വഴിക്കുള്ള ബന്ധുക്കളും, സകല തരത്തിലും തോതിലുമുള്ള മിത്രങ്ങളും പരിചയക്കാരും ഈ പരിശോധനയുടെ വലയത്തിൽ ഉൾപ്പെടുത്തപ്പെട്ടു.

* * *

ഒടുവിൽ എല്ലാം ശരിപ്പെട്ടുവെന്നുള്ളതിനു് എനിക്കു തെളിവു കിട്ടി. മെഡിക്കൽ പരിശോധന വിദേശവ്യാപാര മന്ത്രിവകുപ്പിൽ ചെന്നു നടത്തിച്ചു റിപ്പോർട്ടു ചെയ്യുവാനും, എന്റെ മുഖത്തിന്റെ ഔദ്യോഗികമായ ഛായാപടം പ്രസ്തുതവകുപ്പിലെ ഫോട്ടോഗ്രാഫരെക്കൊണ്ടു് എടുപ്പിച്ചു സമപ്പിക്കുവാനും എനിക്കുത്തരവു കിട്ടി. കുറെക്കഴിഞ്ഞപ്പോൾ പ്രസ്തുതമന്ത്രിവകുപ്പിലെ ഒരുദ്യോഗസ്ഥന്റെ മുമ്പിൽ ഞാൻ ഹാജരാകേണ്ടിയിരുന്നു. അദ്ദേഹം എന്നെ ഒരു മിനിററുനേരം മുഴുവനും സൂക്ഷിച്ചു നോക്കി. എന്നിട്ടു പറഞ്ഞു:

"നിങ്ങളെപ്പററിയുള്ള വിവരങ്ങൾ നിങ്ങൾതന്നെ എന്നോടു പറയൂ. ഇതിനുമുമ്പുള്ള പ്രശ്നോത്തരക്കടലാസുകളിൽ അടങ്ങിയിട്ടുള്ളതും ഞാനറിഞ്ഞു കഴിഞ്ഞിട്ടുള്ളതുമായ സംഗതികൾ മയവായി ആവത്തിക്കാതിരിക്കണം. എനിക്കറിയേണ്ടതു് നിങ്ങളുടെ വീക്ഷണഗതിയാണു്; നിങ്ങളുടെ രാഷ്ട്രീയമനസ്ഥിതിയാണു്."

ഒരെത്തും പിടിയുമില്ലാതെ ഞാൻ സംസാരിച്ചു. ഇതിനു മുൻപു പല പ്രാവശ്യങ്ങളിലായി എന്നോടു ചോദിച്ച ചോദ്യങ്ങൾക്കു വാക്കാലും രേഖാമൂലവും ഞാൻ നൽകിയ ഉത്തരങ്ങളിൽ വല്ലതും വിട്ടുപോയിട്ടുണ്ടോയെന്നറിയുവാൻ ഞാൻ എന്റെ തല പുണ്ണാക്കിച്ചിന്തിച്ചു. അപ്പോൾ അദ്ദേഹംതന്നെ പോയിന്റിലേക്കു വന്നു.

"നമ്മുടെ പാർട്ടിയുടെ നയങ്ങളുടെ വിവേകത്തെപ്പററി എന്തെങ്കിലും സംശയം നിങ്ങൾക്കെപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ."

"ഒരിക്കലുമില്ല." ഞാൻ ഉടൻ മറുപടി പറഞ്ഞു.

"ആ കൂട്ടുകൃഷി ഏപ്പാടിൽ നിങ്ങൾ ഏപ്പെട്ടിരുന്നപ്പോഴും, നിങ്ങൾക്കുതന്നെ ചില ബന്ധനങ്ങൾ സഹിക്കേണ്ടിവന്ന ആ ശുദ്ധീകമ്മത്തിനിടയിൽപ്പോലും, പാർട്ടിയുടെ പൊതുനയത്തെപ്പററി ഒരു സംശയവും ഉണ്ടായിട്ടില്ലയോ?"

"ഇല്ല, പൊതുനയത്തെപ്പററി ഉണ്ടായിട്ടില്ല."

"എന്നാൽ നെക്കോപ്പോളിൽവച്ചു് 1936-ലും 1937-ലും നിങ്ങൾ വല്ലാത്ത അസുഖങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടല്ലോ. നിങ്ങളെപ്പററി പരിശോധിക്കുകയും അന്വേഷണങ്ങൾ നടത്തുകയും മററും ചെയ്തല്ലോ. അവ സംബന്ധിച്ചു നിങ്ങളുടെ മനോഭാവമെന്തായിരുന്നു?"

"അതു പറയാനുണ്ടോ, ഞാൻ അമ്പരന്നുപോയി, അല്പം കുപിതനുമായിപ്പോയി. എങ്ങനെയായാലും എനിക്കറിയാമായിരുന്നു ഞാൻ നിരപരാധിയാണെന്നു്. അല്പസ്വല്പം ബന്ധം തോന്നുകയുമുണ്ടായി."

"അതു മനസ്സിലാക്കുവാൻ കഴിയും. അതിൽ നിങ്ങളെ കുറപ്പെടുത്താനൊന്നുമില്ല. എന്നാൽ, സഖാവേ! ആ ബന്ധത്തിലും, ആ കോപത്തിലും, വല്ല അംശവും നിങ്ങളുടെ ഉള്ളിൽ തങ്ങിയിരിക്കുന്നുണ്ടോ?"

"ഓ, ഇല്ല, തീർച്ചയായും ഇല്ല." എന്തൊരു ബുദ്ധിയില്ലാത്ത ചോദ്യമെന്നോത്തു ഞാൻ പുഞ്ചിരിയിട്ടു. എന്നെ പ്രഹരിക്കുകയും അവമാനിക്കുകയും ചെയ്ത ആ ശുദ്ധീകമ്മത്തിലെ ബന്ധകന്മാരോടെല്ലാം സ്വാഭാവികമെന്നോണം എനിക്കു കൃതജ്ഞതയാണുണ്ടായിരുന്നതു്.

ഈ ചോദ്യകാരനു് എന്നെപ്പററി നല്ല അഭിപ്രായമാണുള്ളതെന്നു തോന്നി. അദ്ദേഹം പറഞ്ഞു:

"കൊള്ളാം, ഗുഡ്ബൈ. സെൻട്രൽ കമ്മിററിയുടെ തീരുമാനം നാലഞ്ചു ദിവസത്തിനുള്ളിൽ നിങ്ങൾക്കറിയാൻ കഴിഞ്ഞേക്കാം."

തീരുമാനം അനുകൂലമായിരുന്നു. ഒരാഴ്ചയ്ക്കുള്ളിൽ വിദേശവ്യാപാരമന്ത്രിവകുപ്പിൽ "അസംസ്കൃതസാധന ഇറക്കുമതി ഭരണകായ്യാലയത്തിൽ" ഞാൻ ഹാജരായി. രഹസ്യങ്ങളായ പല വലിയ വാല്യങ്ങൾ എനിക്കു വായിച്ചു പഠിക്കുവാൻ തന്നു. കടവാടകസമ്പ്രദായങ്ങളേയും അമേരിക്കൻ വ്യവസായകായ്യങ്ങളേയും മററും കുറിച്ചുള്ള റിപ്പോർട്ടുകളും നിദ്ദേശങ്ങളും അടങ്ങിയവയായിരുന്നു ആ ഗ്രന്ഥങ്ങൾ. അനന്തരം സെൻട്രൽകമ്മിററിക്കായ്യാലയത്തിലേക്കു് എന്നെ വീണ്ടും വിളിച്ചു് രഹസ്യമായ രണ്ടു ലഘുലേഖകൾ എനിക്കു തന്നു. അവിടെവച്ചുതന്നെ അവ ശ്രദ്ധാപൂവ്വം വായിച്ചു മടക്കിക്കൊടുക്കണമെന്നും, അതിലെ ഉള്ളടക്കങ്ങൾ എനിക്കു മനസ്സിലായെന്നു സാക്ഷീകരിച്ചു് ഒരു ഫോറം ഒപ്പിട്ടുകൊടുക്കണമെന്നും എന്നോടു പറഞ്ഞു. പാർട്ടിയംഗങ്ങൾ പുറരാജ്യങ്ങളിൽച്ചെന്നാൽ അനുസരിക്കേണ്ട നടപടിച്ചട്ടങ്ങളും അവ ലംഘിച്ചാലുള്ള ശിക്ഷകളുമാണ് ലഘുലേഖകളിൽ വിവരിച്ചിരുന്നതു്. അവ വായിച്ചപ്പോൾ എനിക്കു തോന്നിയതും എന്റെ മനസ്സിൽനിന്നു ഒരിക്കലും മാഞ്ഞുപോകാത്തതുമായ അഭിപ്രായം, സോവ്യററുറഷ്യക്കു പുറത്തുള്ള ലോകത്തെപ്പററി സോവ്യററധികാരികൾക്കുള്ള അബദ്ധവും വികൃതവുമായ ധാരണയുടെ ഒന്നാംതരം സംക്ഷേപമാണ് അവയെന്നായിരുന്നു.

* * *

ലഘുലേഖകൾ വായിച്ചു മടക്കിക്കൊടുക്കുകയും അതിലെ ചട്ടങ്ങളും നിദ്ദേശങ്ങളും എനിക്കു മനസ്സിലായെന്നു് എഴുതിക്കൊടുക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ സെൻട്രൽകമ്മിററിയിലെ ഒരുന്നതോദ്യോഗസ്ഥന്റെ വാചാലതയോടുകൂടിയ ഉപദേശങ്ങൾ കേൾക്കാൻ ഞാൻ ആനയിക്കപ്പെട്ടു.

"സഖാവേ," അദ്ദേഹം പറയാൻ തുടങ്ങി, "നിങ്ങൾ ഒരു വിദേശദൗത്യം വഹിക്കുവാൻ പോവുകയാണ്. വിദേശീയപരിസരത്തിലായിരിക്കും നാം ന്യായപൂവ്വം അവഹേളിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്ന ക്യാപ്പിററലിസ്റ്റുകളുടെ ഇടയിലായിരിക്കും, നിങ്ങൾ വ്യാപാരം നടത്തുന്നതു്. ചിഞ്ഞഴിഞ്ഞു് അധഃപതനത്തിന്റെ അവസാനദശകളിൽ എത്തിയിരിക്കുന്ന ഒരു സമുദായത്തിലെ പ്രലോഭനങ്ങളും, ഉപഭോഗവസ്തുക്കളുടെ കാഴ്ചയും, നിങ്ങൾ തലതിരിഞ്ഞു പോവുകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു പുതിയ സോവ്യററ് നാഗരികതയുടെ പ്രതിനിധിയെന്ന നിലയിലാണ് നിങ്ങൾ ചരിത്രപ്രസിദ്ധമായ ഈ ദൗത്യം വഹിക്കുന്നതെന്നു് ഒരിക്കലും മറക്കരുതു്.

"ശരി, അമേരിക്ക ഇപ്പോൾ നമ്മെ സഹായിക്കുന്നുണ്ട്. എന്നാൽ ഒരു വസ്തുത നാം വിസ്മരിക്കരുതു്. ഈ സഹായം വൈമനസ്യത്തോടുകൂടി, തീരെ നിവൃത്തിയില്ലാത്തതിനാൽ, നമുക്കു നൽകുന്നതാണ്. ശരി, തല്ക്കാലത്തേക്കു നമ്മുടെ ചില യുദ്ധലക്ഷ്യങ്ങൾ അവരുടേതുമായി പൊരുത്തമുള്ളതാണ്. എങ്കിലും ഈ രണ്ടു ലോകങ്ങളും പരസ്പരം യോജിക്കുവാൻ സാദ്ധ്യമല്ലാത്തവയായിത്തന്നെ നിലകൊള്ളുന്നു. ഒരു കമ്മ്യൂണിസ്റ്റെന്നനിലയിൽ നിങ്ങൾ ക്യാപ്പിററലിസ്റ്റ് സമുദായത്തിന്റെ ബദ്ധശത്രുവാണെന്നുള്ള ബോധം മുറുകെപ്പിടിച്ചുകൊള്ളുക. ആ സമുദായത്തിന്റെ കേന്ദ്രം ഇന്നു അമേരിക്കയാകുന്നു. കമ്മ്യൂണിസവും ക്യാപ്പിററലിസവും പരസ്പരം പൊരുത്തപ്പെടുവാൻ ഒരിക്കലും സാദ്ധ്യമല്ല.

"അമേരിക്കയിൽ ചെന്നശേഷം നമ്മുടെ പാർട്ടിയുടെ പ്രവത്തനങ്ങളിൽ നിങ്ങൾ തുടന്നു കായ്യമായ പങ്കുവഹിക്കണം. എന്നാൽ ഒന്നു മറക്കരുതു്. അമേരിക്കനധികാരികളുടെ ദൃഷ്ടികളിൽ നിങ്ങൾ ഒരിക്കലും ഒരു പാർട്ടിയംഗമാണെന്നോ ആയിരുന്നെന്നോ വരരുതു്; രാഷ്ട്രീയകായ്യങ്ങളിൽ നിങ്ങൾക്കു ലേശം താല്പയ്യമില്ലെന്നുപോലും നിങ്ങൾ ശഠിച്ചുകൊണ്ടിരിക്കണം. അമേരിക്കയിൽ, യു. എസ്. എസ്. ആറിലെ കമ്മ്യൂണിസ്റ്റ് പാർട്ടിസംഘടനകളിവിലും ഭൂഗർഭാടിസ്ഥാനത്തിലുമാണ് പ്രവത്തനങ്ങൾ നടത്തുന്നതു്. നിങ്ങൾ നിങ്ങളുടെ പാർട്ടികാർഡ് കൂടെ കൊണ്ടുപോകരുതു്. നിങ്ങൾ പാർട്ടിയംഗമാണെന്നുള്ള വസ്തുത അറിയേണ്ടവർ അറിഞ്ഞുകൊള്ളും. ബാഹ്യമായി നിങ്ങൾ ഒരു എഞ്ചിനിയറായിരിക്കണം; അതിലപ്പുറമൊന്നും കാണപ്പെടരുതു്. മനസ്സിലായോ?"

"ഉവ്വ് എനിക്കു മനസ്സിലായി."

* * *

ജൂൺ അവസാനിക്കാറായി. "എന്നെ കഴുകുകയും വീണ്ടും തേച്ചുകഴുകുകയും" ചെയ്യുന്ന ഈ പദ്ധതി ഇനിയും അവസാനിച്ചില്ല. വേറൊരുദ്യോഗസ്ഥൻ, ഒരു പടികൂടി ഉയന്നയാൾ, എന്നെ കാണാൻ കാത്തിരിക്കുകയാണ്. അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരായി.

"സഖാവേ, സെൻട്രൽകമ്മിററി യുണൈറഡ് സ്റ്റേയ്ററ്സിലേക്കുള്ള നിങ്ങളുടെ നിയമനത്തെ സ്ഥിരീകരിച്ചിരിക്കുന്നു" എന്നു അദ്ദേഹം വലിയ ഭാവത്തിൽ തട്ടിവിട്ടു. "നിങ്ങളുടെമേൽ വച്ചിരിക്കുന്ന ഈ വിശ്വാസത്തിന്റെ അത്ഥം മുഴുവനും നിങ്ങൾ ഗ്രഹിക്കുന്നുണ്ടോ?"

"ഉണ്ടു്," ഞാൻ പ്രത്യുത്തരിച്ചു.

"ആ ചട്ടങ്ങളും നിദ്ദേശങ്ങളും നിങ്ങൾ വായിച്ചോ? അവയ്ക്കു തെററുവരുത്തിയാലുണ്ടാകുന്ന ഭവിഷ്യത്തുകൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ?"

"ഉണ്ടു്. ഞാൻ അവ ഓത്തുകൊള്ളാം."

"നിങ്ങൾക്കു തെററു പിണയാതിരിക്കുവാനുള്ള ഏററവും നല്ല രക്ഷാമാഗ്ഗം ബോൾഷെവിക് സഹജമായ ശ്രദ്ധയും നമ്മുടെ പ്രിയപ്പെട്ട പാർട്ടിയോടുള്ള സവ്വാത്മകമായ ഭക്തിയുമാണ്."

"അതെ, സംശയമില്ല. എനിക്കതു മനസ്സിലാക്കാൻ കഴിയും."

"നിങ്ങൾ പോകുന്നതു് ക്യാപ്പിററലിസം ഏററവും അധികം വികസിച്ചതും ഏററവും വലിയ ദൂഷണത്തോടുകൂടിയതുമായ രാജ്യത്തിലേക്കാണ്. അവിടെ നിലവിലിരിക്കുന്ന എതിർ-ഒററിക്കൊടുക്കൽ സമ്പ്രദായം ഏററവും ഗഹനവും അപ്രതിരോധ്യവുമാകുന്നു. സ്വരാജ്യത്തെ ഒററിക്കൊടുക്കുവാൻ വേണ്ടി നിങ്ങൾക്കു കോഴകൾ തരാനിടയുണ്ട്. ആ നാട്ടുകാരായ ക്യാപ്പിററലിസ്റ്റുകളും അവിടെ ചെന്നുപാറിയിട്ടുള്ള ഇന്നാട്ടുകാരും നിങ്ങളെ വശത്താക്കുവാൻ സകല സൂത്രങ്ങളും പ്രയോഗിക്കും. എതിർ-വിപ്ലവകാരികളുടേയും ക്യാപ്പിററലിസ്റ്റുകളുടേയും പ്രസിദ്ധീകരണങ്ങൾ നിങ്ങളുടെ വിശ്വാസത്തെ നശിപ്പിക്കുവാൻ ശ്രമിക്കും.

"നമ്മുടെ രാജ്യത്തിന്റെ മിത്രങ്ങളെന്നു നടിക്കുന്നവരെ വിശ്വസിക്കരുതു്. നേരിട്ടുള്ള ബദ്ധവൈരികളെക്കാൾ ആപത്തുണ്ടാക്കുന്നവരാണ് അവരധികവും. ഇന്നാട്ടിൽനിന്നു് അവിടെ കുടിയേറിപ്പാത്തവരുടെയിടയിൽ ഇടതുപക്ഷക്കാരിൽ മാത്രമല്ല പിന്നെയോ സാക്ഷാൽ രാജഭരണവാദികളുടെയിടയിലും, നമ്മുടെ ചെരുപ്പുകൾ നക്കുക ഈയിടെയായി ഒരു ഫാഷനായിത്തീന്നിരിക്കുന്നു. അവരെ വിശ്വസിക്കരുതു്. ഒരിക്കൽ കക്ഷിമാറുന്നവൻ എന്നും കക്ഷിമാറിയവനാണ്. സോവ്യററ് റഷ്യയെ അഭിനന്ദിക്കുന്ന പുതിയ ഫാഷൻ സ്വീകരിച്ചിരിക്കുന്ന ബാങ്കർമാരുടേയും ഉല്പാദകന്മാരുടേയും മററു ക്യാപ്പിററലിസ്റ്റുകളുടേയും കായ്യം ഇങ്ങനെതന്നെയാണ്. അവരുടെ അഭിനന്ദനത്തിനു പുല്ലുവിലയാണുള്ളതു്. ഒരു രാത്രികൊണ്ടു് അതു വഞ്ചനയായി മാറാൻ കഴിയുന്നതാണ്.

"നിങ്ങൾ അമേരിക്കയിൽ നമ്മുടെ രാജ്യത്തിന്റെ കണ്ണുകളും ചെവികളുമായിരിക്കണം. വാഷിംഗ്ടണിൽ ചെന്നെത്തിയാലുടൻ സഖാവു സെറോവിന്റെ മുമ്പിൽ ഹാജരാകണം. നിങ്ങൾ നിങ്ങളുടെ പാർട്ടികാർഡു് ഇവിടെ ഏല്പിച്ചുകഴിയുമ്പോൾ നിങ്ങൾക്കു ത

(ശേഷം 10-ാം പേജിൽ)

# വേദപുസ്തകത്തിലെ കാഴ്ചബംഗ്ലാവ്

(എടമരം വി. സെബാസ്റ്റ്യൻ, വിദ്വാൻ)

(തുടർച്ച)

ദൈവത്തിന്റെ ജനമായ ഇസ്രായേൽക്കാരുടെ "സെൻസസും" അവരുടെ പ്രയാണചരിത്രത്തിന്റെ മുഖ്യഭാഗങ്ങളും വിവരിക്കുന്ന "സംഖ്യ" പുസ്തകത്തിലും ഒരു പുതിയ മൃഗത്തിന്റെ പേർ നാം ദർശിക്കുന്നു. ഈജിപ്തിന്റെ ശക്തിയെ ഉദാഹരിച്ചുകൊണ്ട് പറയപ്പെട്ട (Rhinoceros) കണ്ടാമൃഗമാണതു്. കൂടാതെ ബാലാമിന്റെ അത്ഭുതാവഹമായ ഒരു ഗർദ്ദഭത്തിന്റെ കഥയും അടുത്തുതന്നെ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. മോവാബിൽ കുടിയേറിയ ഇസ്രായേൽ ജനതയെ തിരിച്ചോടിക്കാൻവേണ്ടി അവിടത്തെ രാജാവിൽനിന്നു ലഭിച്ച അപേക്ഷ സ്വീകരിച്ച് യാത്രപുറപ്പെട്ട സ്വാമിയെ വഹിച്ചുകൊണ്ട് കഴുത സഞ്ചരിക്കാൻ തുടങ്ങി. തൽസമയം ഒരു ദൈവദൂതൻ വഴി തടഞ്ഞതിനാൽ ഗർദ്ദഭം അന്യമാർഗ്ഗത്തേക്കു തിരിഞ്ഞു. കാര്യമറിയാതെ ബാലാം രണ്ടുമൂന്നുതവണ കഠിനമായി പ്രഹരിച്ചപ്പോൾ കഴുത ദൈവദത്തമായ സംസാരശക്തി പ്രാപിച്ച് യജമാനനോടു ചോദിച്ചു: "നീ എന്തിനെന്നെ ഇപ്രകാരം അടിച്ചു? എന്നെ നീ വാഹനമായി കൈക്കൊണ്ടശേഷം ഒരിക്കലെങ്കിലും ഞാൻ നിനക്ക് അനിഷ്ടം ചെയ്തിട്ടില്ലല്ലോ." സാധുജീവികളോടുള്ള മനുഷ്യന്റെ നിർദ്ദയമായ പെരുമാറ്റത്തെ ശാസിക്കുന്ന ഏക മൃഗം ബൈബിളിൽ ഇതുമാത്രമാണ്. തിര്യക്കുകളോടുള്ള ക്രൂരത നിരോധിക്കാൻ ജനസമുദായത്തിനു വിശേഷബുദ്ധി ആവശ്യമാണെങ്കിൽ ബാലാമിന്റെ കഴുത അതിനു പറ്റിയതുതന്നെ.

അടുത്തതായ ആവർത്തനഗ്രന്ഥത്തിലും ശുദ്ധാശുദ്ധ ജീവികളുടെ ഒരു ലിസ്റ്റ് വീണ്ടും കൊള്ളിച്ചിട്ടുണ്ട്. അതിൽ കാണുന്ന "Bufle" സംജ്ഞക്കു "Auroch" (വനവൃഷഭം) എന്ന പദമാണ് ചില വിവർത്തകന്മാർ പകരം സ്വീകരിച്ചതു്. എന്നാൽ വെബ്സ്റ്ററിന്റെ (Vebstor) അഭിപ്രായത്തിൽ അതു Buffalo (കാട്ടുപോത്തു) ആകുന്നു. വേറൊരുമൃഗം നീണ്ട കഴുത്തും കാലുകളുമുള്ള ഒരു ആഫ്രിക്കൻ ജീവിയത്രെ. ഒട്ടകത്തോടുള്ള സാദൃശ്യം പുരസ്കരിച്ച് തർജ്ജിമക്കാർ ഇതിനു (Camlopardalus) ഒട്ടകക്കഴുത എന്നാണ് പേർ കൊടുത്തിട്ടുള്ളതു്. ജാതിനാമാദികളിൽ മേൽപ്രകാരം, സംശയാസ്പദമായ പദങ്ങൾ പട്ടികയിൽ വേറെയും ഇല്ലാതില്ല.

വിസ്തൃതവും ഭയാനകവുമായ വനഭൂമികളിൽക്കൂടി ഉണ്ടായ യൂദജനത്തിന്റെ സുദീർഘപ്രയാണം വർണ്ണിക്കുന്ന കൂട്ടത്തിൽ വിഷജ്വാല വമിച്ചുകൊണ്ടിരുന്ന രണ്ടുമൂന്നുതരം ഘോരസർപ്പങ്ങളെക്കൂടി നിർദ്ദിഷ്ടഗ്രന്ഥം വായനക്കാർക്ക് പ്രദർശിപ്പിച്ചിട്ടുണ്ട്. ഒന്നു (Asps) മണ്ഡലിയും മറ്റേതു് (Dipsas) അണലിയും. ആദ്യത്തേതിന്റെ നിശ്വാസം ദുസ്സഹമായ പൊള്ളലും രണ്ടാമത്തേതിന്റെ ദംശം കഠിനമായ ദാഹവും ജനിപ്പിക്കുന്നതായിപ്പറയപ്പെട്ടിരിക്കുന്നു. Dipsa എന്നതു ഏതെങ്കിലും പ്രത്യേകതരം സർപ്പത്തെ സൂക്ഷ്മവിവേചനം ചെയ്യാൻ പറ്റിയ ശാസ്ത്രീയസംജ്ഞയല്ലെങ്കിലും അതു തൃഷ്ണ എന്നർത്ഥമുള്ള ഒരു ഗ്രീക്കുധാതുവിൽനിന്ന് ഉത്ഭവിച്ചതാണെന്നാണ് Douay Version (ബൈബിളിന്റെ ഒരു പ്രാമാണിക പരിഭാഷ) പ്രസ്താവിക്കുന്നതു്. പഴയനിയമഗ്രന്ഥങ്ങളിൽവെച്ച് "ആവർത്തന"ത്തിൽമാത്രം ഇദംപ്രഥമമായി പറഞ്ഞുകാണുന്ന (Dragon) പറവസർപ്പത്തെ സംബന്ധിച്ച ആശയവും മേൽപ്രകാരംതന്നെ അതിന്റെ എബ്രായസംജ്ഞയിൽ മങ്ങിമറഞ്ഞു കിടക്കുന്നു.

കുറുക്കനെ ബൈബിളിൽ ഒന്നാമതായി അരങ്ങത്തിറക്കിയ ആൾ ശാംശോനാണ്. അതു ഒരു പ്രതികാരസിദ്ധിക്കുവേണ്ടിയുമായിരുന്നു. ഫിലിസ്ത്യർകാരുടെ ബദ്ധശത്രുവായ ശാംശോൻ വനത്തിൽനിന്നു മുന്നൂറു കുറുക്കന്മാരെ ബന്ധിച്ചുകൊണ്ടുവന്നു് വാലോടുവാലു് കൂട്ടിക്കെട്ടി നടുവിൽ ജ്വലിക്കുന്ന ഓരോ പന്തവും ഘടിപ്പിച്ച് വയലുകളിലേക്കു വിടുകയും അങ്ങനെ അവരുടെ വിളവെല്ലാം അയാൾ നശിപ്പിച്ചുകളയുകയും ചെയ്തു. ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഏതനുലമുണ്ടായ നാശം സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ആ സൃഗാലപ്പടയുടെ പിന്നത്തെ കഥയൊന്നും വിശദമല്ല. ബൈബിളിൽ കുറുനരികൾക്കു പിമ്പെ വരുന്നതു കൂടുതൽ ഭീഷ്മസത്വങ്ങളായ കരടികളത്രെ.

ഇസ്രായേൽക്കാർക്ക് മൊട്ടത്തല കാണുന്നതു വലിയ ദുശ്ശകുനം കാരണമായിരുന്നു. ശാംശോന്റെ ശക്തി മുഴുവൻ നിക്ഷിപ്തമായിരുന്നതു് അയാളുടെ തലമുടിയിൽ ആയിരുന്നല്ലോ. മുടി നഷ്ടപ്പെട്ടതോടെ അയാളുടെ ശക്തിയും ശൂന്യമായി. ദാവീദിന്റെ കുമാരനായ അബ്ശലോം കൊല്ലംതോറും ഒരിക്കൽ ക്ഷൗരം ചെയ്യിക്കയും തലമുടി ദുർവിനിമയം ചെയ്യുകയും ചെയ്തതിനാൽ അകാലമരണത്തിനു അടിപ്പെട്ടു. കൊടുങ്കാറ്റിൽ വാനത്തിലേക്ക് ഉയർന്ന ഏലിയാസ് ദീർഘദർശിയുടെ അംസത്തിൽനിന്നു് നിപതിച്ച അങ്കവസ്ത്രം എടുത്തുകൊണ്ട് അധികം വൈകാതെ യോർദ്ദാൻ നദി കടന്നു ബഥേലിലേക്ക് ചെന്ന ഏലീശായുടെ കഷണ്ടിത്തല സാഹസികരായ ഒരുകൂട്ടം കുട്ടികളുടെ കഠിനമായ പരിഹാസത്തിനു വിഷയമായി. "അപ്പോൾ വനത്തിൽനിന്നു രണ്ടു കരടികൾ ഇറങ്ങിവന്നു് അവരിൽ നാല്പത്തിരണ്ടുപേരെ ചീന്തിക്കളഞ്ഞു. ഈ സംഭവത്തിനുമുമ്പ് ഒരിക്കൽ ആടുമേച്ചിരുന്ന ബാലനും സുന്ദരനും ദൈവഹിതമനുസരിച്ച് ഇസ്രായേലിന്റെ ഭാവിരാജാവായി സാമുവേലിനാൽ രഹസ്യത്തിൽ അഭിഷേചിക്കപ്പെട്ടവനുമായ ദാവീദിന്റെ സന്നിധിയിലും കരടി പ്രത്യക്ഷീഭവിക്കയുണ്ടായി. അക്കാലത്തു് ഫിലിസ്ത്യർകാരോടു യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന ഇസ്രായേലിന്റെ അംഗീകൃതരാജാവായ സാവൂളിന്റെ കൂടാരത്തിലേക്കു ചെന്ന ദാവീദ് സ്വജനത്തെ നിരന്തരം ഭീഷണിപ്പെടുത്തിയ ഗോലിയാത്തിന്റെ അപ്രതിരുദ്ധമായ വെല്ലുവിളികളാൽ ക്രുദ്ധനായിത്തീർന്നു. രാക്ഷസനെ എതിരിടാനുള്ള ബാലന്റെ പ്രതിജ്ഞ സാവൂൾ അനുവദിച്ചില്ല. ദാവീദ് പറഞ്ഞു: "നിന്റെ ദാസൻ സ്വപിതാവിന്റെ ആടുകളെ മേയ്ക്കുകയായിരുന്നു. തൽസമയം ഒരു സിംഹവും കരടിയും പുറപ്പെട്ടുവന്നു് കൂട്ടത്തിൽനിന്നു ഒരു ആട്ടിൻകുട്ടിയെ അപഹരിച്ചു. ഞാൻ പിന്തുടർന്നു് അവയെ അടിച്ചുമത്തി ആടിനെ വിമുക്തമാക്കി. എന്നെ അവ എതിർത്തപ്പോൾ ഞാൻ കേസരപടലത്തിൽപ്പിടിച്ച് അവയെ പ്രഹരിച്ചുകൊന്നു. ചേലകർമ്മം ചെയ്യപ്പെടാത്ത ഈ ഫിലിസ്ത്യനും ജീവനുള്ള ദൈവത്തിന്റെ സേനയെ നിന്ദിച്ചതിനാൽ അവയിൽ ഒന്നുപോലെയാകും."

സാവൂളും ദാവീദും തമ്മിൽ നടന്ന ഭീതിയ സംഭാഷണത്തിൽ അതുവരെ അജ്ഞാതമായിരുന്ന ഒരു ഗാർഹികജീവിയെ രാജാക്കന്മാരുടെ പുസ്തകം പുത്തനായി അവതരിപ്പിക്കുന്നു. സാവൂൾ തന്നോടു ചെയ്ത ഉപദ്രവത്തെപ്പറ്റി വർണ്ണിക്കവെ ദാവീദ് പറയുന്നു: "പർവ്വതങ്ങളിൽ വളർത്തുമൃഗത്തെ വേട്ടയാടുന്നതുപോലെ ഇസ്രായേലിന്റെ രാജാവ് ഒരു പ്രാണിയെത്തേടി പുറപ്പെട്ടു." പ്രസ്തുത വാക്യത്തിൽ പറയപ്പെട്ട വളർത്തുമൃഗം പിതാവിനെപ്പേടിച്ച് ഓടിയൊളിക്കാൻ നിർബന്ധനായ അബ്ശലോമിന്റെ പ്രതിരൂപമാണ്. കാരണം അവൻ ന്യായരഹിതമായി സിംഹാസനം കാംക്ഷിക്കയും പിതാവിനെതിരായി ഗൂഢാലോചനകൾ നടത്തുകയും ഭ്രാതാവായ ആമോനെ ഒരു വിരുന്നിൽവെച്ച് നിഗ്രഹിപ്പിക്കയും ചെയ്തതായിരുന്നു. "അപ്പോൾ രാജകുമാരന്മാർ എല്ലാവരും എഴുന്നേറ്റു: സകലരും അവനവന്റെ കോവർകഴുതകളിന്മേൽക്കയറി പലായനം ചെയ്തു." ബൈബിളിൽ കോവർകഴുതയെപ്പറ്റിക്കാണുന്ന ആദ്യപ്രസ്താവം ഇതാണെങ്കിലും ഇസ്രായേല്യർ തനതുരാജ്യം സംസ്ഥാപിതമാകുന്നതിനു് വളരെ വർഷങ്ങൾമുമ്പു തന്നെ വർഗ്ഗവർദ്ധനാർത്ഥം ഇവയെ വളർത്തിവന്നുവെന്നു് അവരുടെ നിയമസംഹിതയിലെ ചില വാക്യങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം.

ആന, വാനരം, മയൂരം എന്നിവ പലസ്തീനയിൽ ഒരിക്കലും പ്രകൃത്യാ ഇല്ലാതിരുന്നതിനാൽ ബൈബിളിന്റെ ആദ്യഗ്രന്ഥങ്ങളിൽ അവയെക്കുറിച്ച് യാതൊന്നും പ്രസ്താവിച്ചുകാണുന്നില്ല. സ്ലോമോൻ തന്റെ രാജ്യം വിസ്തൃതവും ബലിഷ്ഠവുമാക്കിത്തീർത്തശേഷം മാത്രമേ അന്യനാട്ടുകാർ കപ്പവും കരവും കൊടുത്തു് ജറുസലേമിൽ തിങ്ങിക്കൂടാൻ തുടങ്ങിയുള്ളു. പിന്നീടു് "രാജാവിന്റെ നാവങ്ങൾ മൂന്നാംകൊല്ലം ഒരിക്കൽ വീതം ഹീരാമിന്റെ കപ്പലുകളോടുകൂടി സമുദ്രമാർഗ്ഗേണ താർബിസിലേക്കു പോകുകയും അവിടെനിന്നു് പൊന്നു്, വെള്ളി, ആനക്കൊമ്പ്, വാനരങ്ങൾ, മയൂരങ്ങൾ എന്നിവ ഇറക്കുമതി ചെയ്യുകയും ചെയ്തു." റിക്കാർഡുകളിൽനിന്നു് സ്ലോമോൻ ഒരിക്കലും ഒരാനയെക്കണ്ടതായി തെളിവില്ലെങ്കിലും ക്രിസ്തുവിന്റെ വരവിനു തലേ ശതാബ്ദത്തിൽ യൂദയദേശം ആക്രമിച്ച സൈന്യസമൂഹത്തിൽ ഏകദേശം ആനയുടെ ലക്ഷണസംയുക്തമായി ഉണ്ടായിരുന്ന ബഹുലമായ ഒരുജാതി മൃഗക്കൂട്ടം മക്കബായക്കാർക്ക് സുപരിചിതമായിരുന്നതായി ലക്ഷ്യമുണ്ട്. കൂടാതെ ജോബിന്റെ പുസ്തകത്തിൽ "ശാർദ്ദൂലം കവർച്ചയ്ക്കായി പാഞ്ഞുനടന്നിരുന്നു" എന്നൊരു വാക്യം രേഖപ്പെടുത്തിക്കാണുന്നു. ശിക്ഷയുടെ ഈ വന്യോപകരണവും പലസ്തീനയിലെ ഉല്പന്നങ്ങളിൽ ഒന്നായിരുന്നുവെന്നു് വിചാരിക്കാൻ തീരെ നിവൃത്തിയില്ല.

സങ്കീർത്തനഗ്രന്ഥം കവിതാരൂപമായതുകൊണ്ട് അതിൽ സാങ്കേതികവും ആലങ്കാരികവുമായ അർത്ഥകല്പനകളോടുകൂടി അനവധി തിര്യക്കുകളുടെ പേരുകൾ നാം വായിക്കുന്നു. (1) "എര കൊതിക്കുന്ന സിംഹംപോലെ." (2) "അനേകം കാളക്കിടാങ്ങൾ എന്നെ വലയംചെയ്തു." (3) "അറിവില്ലാത്ത കുതിരകൾ പോലെയോ കോവർകഴുതകൾ പോലെയോ നിങ്ങൾ ആകരുതു്." (4) "ഭക്ഷണത്തിനുള്ള ആടുകളെപ്പോലെ." (5) "ഒരു പ്രാവിനുള്ളതുപോലെ ആർ എനിക്കു ചിറകുകൾ നല്കും." (6) "അവർ ചെവികേൾക്കാത്ത അണലിപോലെ." (7) "അവർ കുറുനരികൾക്ക് ആഹാരമാകും." (8) "നിന്റെ ശത്രുക്കളുടെ രക്തത്തിൽ നിന്റെ പാദങ്ങളും ശ്വാനക്കളുടെ നാവുകളും മുക്കുവാൻവേണ്ടി." (9) "അവൻ അവരുടെ വിളവ് പച്ചപ്പുഴുവിനും പ്രയത്നം വെട്ടുകിളിക്കും നല്കി." (10) "കാട്ടുപന്നി അതു മാന്തിക്കളയും." (11) "അത്രയുമല്ല കുരികിൽ, കുഞ്ഞുങ്ങൾക്കും മീവൽപ്പക്ഷി, തനിക്കും ഓരോ കൂട് കണ്ടെത്തി." (12) "കൊക്കിനു് അതിന്റെ ഇരിപ്പിടം ദേവദാരുതരുവും കുഴിമുയലിനു് പാറക്കുഴിയും." (13) "അവിടെ അതിൽ വിഹരിക്കാൻ നീ സൃഷ്ടിച്ച തിമിംഗലമുണ്ടു്." (14) "ഞാൻ ഒരു ഞാവൽപ്പക്ഷിയെപ്പോലെ നൃത്തം ചെയ്യിക്കപ്പെടുന്നു." (15) "അവർ തേനീച്ചകളെപ്പോലെ എന്നെ വളഞ്ഞു."

പഴയ ഗ്രീക്കുകാരുടേയും റോമൻമാരുടേയും (Unicorn) ഒറ്റക്കൊമ്പൻ കുതിരയെക്കുറിച്ച് ദാവീദിന്റെ ഗാനത്തിലും പ്രസ്താവമുണ്ടെങ്കിലും കല്പിതകഥകളിലല്ലാതെ ഏതൊരുകാലത്തും അങ്ങനെ ഒരു ജീവി ഭൂമുഖത്തു കാണപ്പെട്ടതായി തെളിവില്ല. വാസ്തവത്തിൽ മറ്റേതോ മൃഗത്തിന്റെ സംജ്ഞക്കു പകരം വിവർത്തകന്മാർ കണ്ടെത്തിയ പദമാണിതെന്നു് അനുമിക്കുന്നതു് കൂടുതൽ യുക്തിമത്തായിരിക്കും. വേറെയും Basilisk, Irchins എന്നു രണ്ടുതരം ജീവികൾക്കൂടി സങ്കീർത്തനഗ്രന്ഥത്തിൽ നവമായിപ്പറയപ്പെട്ടിരിക്കുന്നു. ആദ്യത്തേതു പറക്കുന്ന അഗ്നിസർപ്പഗണത്തിലും പിന്നത്തേതു ശശവർഗ്ഗത്തിലും ഉൾപ്പെട്ടവയത്രെ.

പാപിയുടെ പൊതുവിധിയെപ്പറ്റി പ്രവചിക്കുന്ന ഘട്ടത്തിൽ ഇസയാസ് ദീർഘദർശിയും Baboon, Lamia, Ericuis എന്നീപേരുകളിൽ ചില വിശേഷജീവികളെ ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യത്തേതു് നീണ്ട മുഖവും കുറിയ വാലും ഉള്ള ഒരുവക സ്ഥൂലമർക്കടവും രണ്ടാമത്തേതു ഷേക്സ്പിയർ എന്ന ആംഗല കവി പറയുന്ന "Hyaena" അഥവാ പൈശാചികശക്തിയോടുകൂടിയ ഒരു നാഗിയുമാണെന്നു പലരും വിശ്വസിക്കുന്നു. മൂന്നാമത്തേതായ ജന്തു മാളത്തിൽ പാർക്കുകയും തണലിൽ കുഴിമാന്തി കുഞ്ഞുങ്ങളെ അതിൽ വളർത്തുകയും ചെയ്യുന്നതായി പുസ്തകത്തിൽ വർണ്ണിച്ചിട്ടുള്ളതിനെ ആധാരമാക്കി വ്യാഖ്യാതാക്കന്മാർ "Hedgehog" എന്നതിനുപകരം പ്രയോഗിച്ചിട്ടുള്ള പ്രസ്തുത ലത്തീൻസംജ്ഞ സർപ്പവർഗ്ഗത്തിൽ ഒന്നിനെത്തന്നെ സൂചിപ്പിക്കുന്നതായിട്ടാണ് ന്യായപൂർവം ഊഹിക്കുന്നതു്.

വീണ്ടും, ഇസയായ് പറയുന്ന (Dromedaries) അറേബ്യൻ ഒട്ടകങ്ങൾ പലസ്തീനയിൽ അറിയപ്പെട്ടിരുന്നില്ലെന്നുള്ളതു നിശ്ചയംതന്നെ. കാരണം അവ മെദിനിൽനിന്നും എഫായിൽനിന്നും ആഗമിച്ചവയായി പറയപ്പെട്ടിരിക്കുന്നു. വന്യമൃഗങ്ങളുടെ പട്ടികയിൽ ഒടുവിലത്തേതായി യറമിയാസ് പ്രസ്താവിക്കാൻ ശേഷിച്ച ഏക ജീവി പുള്ളിപ്പുലി മാത്രമാണ്. പൊതുവിധിയെ സംബന്ധിച്ച തന്റെ പ്രവചനങ്ങളിൽത്തന്നെ അദ്ദേഹവും നിർദ്ദിഷ്ടസത്വത്തെ നമുക്കു പ്രദർശിപ്പിച്ചിരിക്കുന്നു. "അതുകൊണ്ടു് വൃക്ഷത്തിൽനിന്നു വന്ന ഒരു സിംഹം അവരെ ഹിംസിച്ചു. സായാഹ്നത്തിൽ ചെന്നായ് അവരെ നശിപ്പിച്ചു. ഒരു പുള്ളിപ്പുലി അവരുടെ നഗരങ്ങൾ കാക്കുകയും ചെയ്തു."

എജിപ്തുകാർക്കു പൂച്ച ഒരു ആരാധ്യജീവിയും അവരോടുകൂടി ഉണ്ടായ ദീർഘനിവാസം ഇസ്രായേൽക്കാർക്ക് എത്രയും അവജ്ഞാകരവും ആയിരുന്നു. തന്നിമിത്തം മോശയുടെ പുസ്തകങ്ങൾ രചിച്ചവരാരും ഈ ജീവിയെപ്പറ്റി യാതൊന്നും പ്രസ്താവിക്കയുണ്ടായില്ല. പഴയനിയമഗ്രന്ഥങ്ങളിൽ ഒരു സ്ഥലത്തുമാത്രമേ നാം ഇതിന്റെ നാമം വായിക്കുന്നുള്ളു. അതുതന്നേയും അനേകശതാബ്ദങ്ങൾക്കുശേഷം യറമിയായുടെ ശിഷ്യനായ ബാറുക്ക് ബാബിലോൺകാരുടെ വിഗ്രഹങ്ങളോടുള്ള ഭത്സനം രേഖപ്പെടുത്തിയതായ വാക്യത്തിൽമാത്രം. "കൂമൻ, പരുന്തു് മുതലായ പക്ഷികൾ അവയുടെ ശരീരങ്ങൾക്കും ശിരസ്സുകൾക്കും മേലേ പാറുന്നു. പൂച്ചകളും അപ്രകാരംതന്നെ. ഇതിൽനിന്നു് അവ ദേവന്മാരല്ലെന്നു് നിങ്ങൾക്കു ഗ്രഹിക്കാം. ആകയാൽ നിങ്ങൾ അവയെ ഭയപ്പെടരുതു്."

എസക്കിയേൽ പുത്തനായി യാതൊരു ജീവിയേയും സ്വഗ്രന്ഥത്തിൽ അവതരിപ്പിച്ചിട്ടില്ല. എങ്കിലും അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഒരു ഭാഗം വിശിഷ്യ ശ്രദ്ധേയമാണ്. കെരൂബിൻമാരാൽ വഹിക്കപ്പെട്ട സിംഹാസനത്തിന്മേൽ ഇരിക്കുന്ന ദൈവത്തെ സംബന്ധിച്ച ഭീതിജനകമായ തന്റെ ദർശനം വർണ്ണിച്ചിട്ടുള്ള ഘട്ടമാകുന്നു അതു്. "ഓരോരുത്തനും നന്നാലു വദനങ്ങളും നന്നാലു ചിറകുകളും ഉണ്ടായിരുന്നു... അവരുടെ വദനങ്ങൾക്കു സാദൃശ്യം പറയുന്നതായാൽ എല്ലാവർക്കും, വലതുവശത്തു് മനുഷ്യന്റെയും സിംഹത്തിന്റെയും ഓരോ മുഖങ്ങൾ: ഇടതുഭാഗത്തു് വൃഷഭത്തിന്റെ ഓരോ വദനം; ശിരോഭാഗത്താകട്ടെ കഴുകന്റെ ഓരോ വക്ത്രം." വി. യോഹന്നാന്റെ വെളിപാടു് ഇതിനു് ഏറ്റം സദൃശമായ ഒന്നാണ്. "സിംഹാസനത്തിനു ചുറ്റിലും നാലു സത്വങ്ങൾ. ആദ്യത്തേതു് സിംഹസദൃശമായ ഒന്നു്; രണ്ടാമത്തേതു വൃഷഭതുല്യം; മൂന്നാമത്തേതു മനുഷ്യവക്ത്രത്തോടുകൂടിയതു്; നാലാമത്തേതു പറക്കുന്ന ഗൃദ്ധ്രത്തിനു് ഒത്തതും."

തിരുസഭ ഈ വെളിപാടുകളെപ്പറ്റി നമ്മെ ഉപന്യസിക്കുന്നതു പ്രസ്തുത നാലു സത്വങ്ങളും നമ്മുടെ നാലു് അപ്പസ്തോലന്മാരുടെ പ്രതിരൂപങ്ങളാണെന്നത്രെ. മനുഷ്യവദനം വി. മത്തായിയെ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ മാനുഷിക വംശപരമ്പര വർണ്ണിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ

എനിക്കേറ്റം സുപരിചിതമായ ഒരു ബോർഡാണതു്. "ജനറൽ ആശുപത്രി" എന്നു് അതിന്മേൽ എഴുതിയിരിക്കുന്നു. ആശുപത്രി എന്നു കേട്ടാൽ കശാപ്പുശാല എന്നു ധരിക്കുന്നവരുണ്ടു്. പക്ഷേ അകത്തൊന്നു കയറിനോക്കിയാൽ അവരുടെ തെററിദ്ധാരണ നീങ്ങും. മഹാമനസ്കനായ ഒരു ഡോക്ടറുണ്ടവിടെ. ചികിത്സിക്കുന്നതു തന്റെ ധർമ്മം, പണം കിട്ടിയാൽ കൊള്ളാം എന്ന ആദർശമാണു് അദ്ദേഹം വച്ചുപുലർത്താറുള്ളതു്. ദരിദ്രരായ പല രോഗികളെയും അദ്ദേഹം പ്രതിഫലം കൂടാതെ ചികി



ത്സിക്കാറുണ്ടു്. ചിലർക്കു പണം കൈയിൽനിന്നുകൊടുത്തു് സംരക്ഷണം നൽകുകയും ചെയ്യും. ഏതായാലും അദ്ദേഹം അവിടെ സ്ഥിരമായിട്ടിരിക്കുമെന്നു്

---

സുവിശേഷരചന ആരംഭിച്ചിരിക്കുന്നതു്. വന്യമൃഗമായ സിംഹം വി. മർക്കോസിന്റെ നിദർശകമാകുന്നു. വനത്തിൽനിന്നു ശ്രവിക്കപ്പെട്ട ഒരു അട്ടഹാസസ്വരം സമുദ്ധരിച്ചുകൊണ്ടുള്ളതാണു് തൽഗ്രന്ഥത്തിന്റെ പ്രാരംഭം. വൃഷഭം വി. ലൂക്കായുടെ പ്രതിച്ഛായയാകുന്നു. പുരോഹിതനും യോഹന്നാൻമാംദാനയുടെ പിതാവുമായ സഖറിയായുടെ കഥയോടുകൂടിയാണു് അദ്ദേഹം സ്വന്തപുസ്തകം രേഖപ്പെടുത്താൻ തുടങ്ങിയതു്. പക്ഷികളിൽവെച്ചു് ഏററം ഉയരത്തിൽ പറക്കുന്ന ഗൃദ്ധ്രം വി. യോഹന്നാന്റെ സാദൃശ്യമത്രെ. അദ്ദേഹത്തിന്റെ സുവിശേഷത്തിലെ പ്രഥമവാക്യങ്ങൾ നമ്മുടെ ശ്രദ്ധയെ സ്വർഗ്ഗത്തിലേക്കു ഉന്നയിക്കുന്നു. "ആദിയിൽ വചനം ഉണ്ടായി. അതു് ദൈവത്തോടുകൂടി ആയിരുന്നു. വചനം ദൈവവുമായിരുന്നു."

നാനാജാതിയിയ്ക്കുകളുടെ പേരുകളിൽ വെച്ചു് വേദപുസ്തകത്തിൽ ആവേശപൂർവ്വം അതിസാധാരണമായി ആവർത്തിക്കപ്പെട്ടുകാണുന്നതു് അജസംജ്ഞയാണു്. ബൈബിളിൽ ഒന്നാമത്തേതായും ഒടുവിലത്തേതായും നാം ദർശിക്കുന്നതും ആട്ടിൻകുട്ടിയെയാകുന്നു. ആദിപിതാക്കന്മാർ പറുദീസായിൽനിന്നു് നിരാകൃതരായശേഷം ആബേലിന്റെ ആദ്യജാത വളർത്താടുകളിൽ ആദ്യത്തേതു ദൈവത്തിനു് ആദ്യബലിയായി അർപ്പിക്കപ്പെട്ട വൃത്താന്തം ഉല്പത്തിഗ്രന്ഥത്തിന്റെ ആദ്യഭാഗങ്ങളിൽത്തന്നെ നാം വായിക്കുന്നു. "ദൈവം ആബേലിനെ അനുഗ്രഹിച്ചു." കാൽവരിബലിയുടെ പ്രസ്തുതപൂർവ്വചിഹ്നം എബ്രായക്കാർ മനുഷ്യന്റെ അധഃപതനത്തിനുശേഷമുള്ള ചരിത്രത്തിന്റെ പ്രാരംഭത്തിൽ ആകസ്മികമായ ഒന്നായിട്ടല്ല രേഖപ്പെടുത്തിയതു്. ഭൂമിയിലുള്ള സമസ്ത സത്വങ്ങളുടെയും നിർമ്മിതി ദൈവത്തെ മഹത്വപ്പെടുത്താൻവേണ്ടിയാണെന്നും ആബേൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ സംക്ഷിപ്തപ്രതിരൂപമായിരുന്നുവെന്നും ബോധ്യമാകാൻ ആർക്കും വേറെ ലക്ഷ്യമൊന്നും ആവശ്യമില്ല. ഉല്പത്തിഗ്രന്ഥം തുടങ്ങി പഴയനിയമത്തിലും പുതിയനിയമത്തിലും ഉള്ള എല്ലാ പുസ്തകങ്ങളും ആട്ടിൻകൂട്ടത്തോടും ആട്ടിൻരക്തത്തോടും ഉദ്ധസംബന്ധങ്ങളത്രെ. മാത്രമല്ല ഭൂമുഖത്തുള്ള സർവ്വസൃഷ്ടികളും അവസാനിക്കയും അവ ദൈവവദനം ദർശിക്കയും ചെയ്യുന്നതുവരെ ആടു് തിരുസഭയുടെ മണവാളനായിരിക്കുകയും ചെയ്യും.

---

സംഭവകഥ

# ഒരു കത്തോലിക്കനായിരുന്നു!

(ജി. സി. ടീലാർ)

ആർക്കും പ്രതീക്ഷയില്ല, അങ്ങനെ അപേക്ഷയുമുണ്ടെങ്കിലും, എന്നാൽ ഒരുകൂട്ടരുണ്ടു്; അവിടെ സ്ഥിരമായി താമസിക്കുന്നവർ. പേരു് ഉപവിയുടെ സഹോദരികൾ എന്നാണു്. നിസ്സ്വാർത്ഥമായ സേവനം—അതാണു് അവരുടെ മുദ്രാവാക്യം. തണുപ്പിൽ ചൂടും ഉഷ്ണത്തിൽ തണുപ്പും നൽകുന്ന ദൈവദൂതന്മാരായി അവർ രോഗികളുടെ ഇടയിൽക്കൂടി നടക്കുന്നതു കാണേണ്ട ഒരു കാഴ്ചയാണു്.

"ചാറൽസ്, ചാറൽസ്; താങ്കൾ ഇന്നലെ രാത്രിയിൽ കിടന്നു ധാരാളം പേയും പിച്ചും പറഞ്ഞു. ഒരു കത്തോലിക്കനാണോ താങ്കൾ?" സിസ്റ്റർ അസൂന്താ ആ രോഗിയുടെ നേരെ കുനിഞ്ഞു് സ്നേഹവചനയായി ചോദിച്ചു. കത്തോലിക്കൻ എന്ന വാക്കുകേട്ടപ്പോൾ അയാൾ പെട്ടെന്നു നിശ്ശബ്ദനായി. വേദനകൊണ്ടു് ഞരങ്ങിയും മൂളിയും കിടക്കയായിരുന്നു അതുവരെയും. അയാൾ കണ്ണുകൾ തുറിച്ചു് ആ സഹോദരിയുടെ നേരേ നോക്കിയിട്ടുപറഞ്ഞു: "ഒരിക്കൽ ഞാനൊരു കത്തോലിക്കനായിരുന്നു."

"എന്നാൽ ഇപ്പോൾത്തന്നെ ഒരച്ചനെ വിളിച്ചുകൊണ്ടുവരട്ടേയോ?"

"വേണ്ട, വേണ്ട, ഇപ്പോൾ ആവശ്യമില്ല."

തന്റെ അപകടനില രോഗി ശരിക്കു ഗ്രഹിക്കാഞ്ഞിട്ടായിരിക്കാം അയാൾ ഇപ്രകാരം മറുപടിപറഞ്ഞതെന്നു സിസ്റ്റർ അസൂന്താ വിചാരിച്ചു: "ചാറൽസ്, താങ്കളുടെ നില വളരെ അപകടത്തിലാണെന്നു വിചാരിക്കുക. അതല്ല ഇപ്പോൾത്തന്നെ മരിച്ചേക്കുമെന്നു ഭയപ്പെടുന്നു എന്നും വിചാരിക്കുക. അങ്ങനെയെങ്കിൽ താങ്കൾക്കു് ഒരു വൈദികനെ കാണണ്ടായോ?"

"ആവശ്യമില്ലെന്നു ഞാൻ പറഞ്ഞില്ലേ?"—ഉഗ്രസ്വരത്തിൽ അയാൾ നൽകി മറുപടി.

ഒരു സുപ്രസിദ്ധ ഗ്രന്ഥകാരനായ അദ്ദേഹത്തിന്റെ സെക്രട്ടറിയായി ഞാൻ ജോലിയിൽ പ്രവേശിച്ചിട്ടു് കൊല്ലം രണ്ടു കഴിഞ്ഞു. പുസ്തകരചനയ്ക്കു പുറമേ വിവിധജോലികളാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. ഫാദർ മാർട്ടിൻ ജനറൽ ആശുപത്രിയിലെ ചാപ്ലയിനുമായിരുന്നു. ദിവസവും വൈകുന്നേരം അദ്ദേഹം ആശുപത്രി സന്ദർശിക്കുവാൻ പോകുക പതിവാണു്. അങ്ങോട്ടുള്ള യാത്രയിൽ ഞാനും ചില ദിവസങ്ങളിൽ അദ്ദേഹത്തെ അനുഗമിക്കാറുണ്ടായിരുന്നു.

ചില വാർഡുകളിൽനിന്നും ദീനരോദനങ്ങൾ. ഒരു മൃതശരീരം പുറത്തേക്കു കൊണ്ടുവരുന്ന സമയമായിരുന്നു അതു്. സുമുഖിയായ ഒരു യുവതി. 21 വയസ്സു് പ്രായംകാണും. ആശാപാശരഹിതയായി നിലവിളിച്ചുകൊണ്ടിരുന്നു അവളുടെ അമ്മ. ഭർത്താവിന്റെ കണ്ണുകളിൽനിന്നും അശ്രുകണങ്ങൾ ഉരുണ്ടുകൂടി അടർന്നുവീണുകൊണ്ടിരുന്നു. ശോകാകുലമായ ആ രംഗം കണ്ടപ്പോൾ ഞങ്ങളിരുവരുടെയും കണ്ണുകൾ നിറഞ്ഞുപോയി. യൗവനചൈതന്യം തുളുമ്പിനിന്നിരുന്ന ഒരു തരുണീമണിയായിരുന്നു അവൾ, ഇന്നലെ. ഇന്നു് അവളുടെ ശരീരം തണുത്തുമരവിച്ചിരിക്കുന്നു. കാഴ്ചയില്ലാത്ത കണ്ണുകൾ, സ്പന്ദനമില്ലാത്ത ഹൃദയം. അവളെ ലോകം തിരസ്കരിച്ചിരിക്കുന്നു. എന്റെ നേരെതിരിഞ്ഞു ചോദിച്ചു ഫാദർ മാർട്ടിൻ: ലൗകികസുഖങ്ങൾ എത്ര ക്ഷണഭംഗുരങ്ങളാണെന്നു നാം വല്ലപ്പോഴും ചിന്തിക്കാറുണ്ടോ?" ഉണ്ടെന്നു പറയുവാൻ എനിക്കു ധൈര്യം തോന്നിയില്ല. എങ്കിലും ഞാൻ പറഞ്ഞു, വി. കൊച്ചുത്രേസ്യയുടെ സ്വയംകൃതചരിതം രണ്ടാം അദ്ധ്യായത്തിലെ ഒരു ഭാഗം ഞാനോർക്കുന്നുണ്ടെന്നു്. അദ്ദേഹം കൗതുകത്തോടുകൂടി എന്റെ നേരേ തിരിഞ്ഞു ഒരു ചോദ്യവുമായി. "എന്താണു് ആ ഭാഗം? ഓർമ്മയുണ്ടെങ്കിൽ ഒന്നു പറയണം." ആ ഭാഗം എനിക്കു നല്ല ഓർമ്മയുണ്ടായിരുന്നു അപ്പോൾ. അതുകൊണ്ടു ഞാൻ തുടങ്ങി: ഇങ്ങനെയാണെന്നു തോന്നുന്നു: "സായാഹ്നസമയം ഇങ്ങനെ വ്യയംചെയ്തു വീട്ടിലേക്കു മടങ്ങുവാൻ ഭാണ്ഡം മുറുക്കുന്നതിനുമുമ്പു് എന്റെ ചെറിയ പെട്ടിയിൽ കൊണ്ടുവന്നിട്ടുള്ള ലഘുഭക്ഷണം കഴിക്കും. നിങ്ങൾ തന്നയച്ചിട്ടുള്ള അല്പഭക്ഷണവും ജാമും വ്യത്യസ്തപ്പെട്ടുകാണും. കാലത്തു് അവയെല്ലാം പുതിയതായിരുന്നു. ഇപ്പോഴതു് അശേഷം രുചിയില്ലാത്തതായിത്തോന്നും. നിസ്സാരങ്ങളായ ഈ സംഗതികൾപോലും ഇഹലോകജീവിതത്തെ കുറെക്കൂടി ക്ലേശകരമാക്കിത്തീർത്തു. നിർമ്മലമായ സന്തോഷം സ്വർഗ്ഗത്തിൽമാത്രമേ ഉണ്ടാകയുള്ളു എന്നു ഞാൻ തികവായി ഗ്രഹിച്ചു.—"

"കൊള്ളാം, കൊള്ളാം;" പുഞ്ചിരിതൂകിക്കൊണ്ടു് അദ്ദേഹം പ്രതിവചിച്ചു, "വിശുദ്ധ കൊച്ചുത്രേസ്യയുടേതുപോലുള്ള ചിന്താഗതി നമുക്കെല്ലാവർക്കും ലഭിച്ചിരുന്നെങ്കിൽ!" ആ വാചകം അദ്ദേഹത്തിന്റെ അധരങ്ങളിൽ പകച്ചുനിന്നുപോയി സിസ്റ്റർ അസൂന്തായുടെ ധൃതിയിലുള്ള വരവു കണ്ടപ്പോൾ.

"എന്താണു സിസ്റ്റർ, അത്യാഹിതം വല്ലതുമുണ്ടോ?"

"അല്പം ഇല്ലായ്കയില്ല. 17-ാം നമ്പർ ബെഡ്ഡിൽ ഒരാൾ ആസന്നമരണനായി കിടക്കുന്നു."

"ഒരു കത്തോലിക്കനോ?"

"അതെ, കത്തോലിക്കൻതന്നെ അച്ചോ; പക്ഷേ........അയാളെപ്പററി എന്തുപറയട്ടെ ഞാൻ. അച്ചൻപോയി ഒന്നു ശ്രമിച്ചുനോക്കുക; വളരെ കുഴഞ്ഞ ഒരു കേസാണതു്."

ഏതു കുഴഞ്ഞകേസും ശസ്ത്രക്രിയനടത്തി ശരിപ്പെടുത്തി തഴമ്പിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനാണു ഫാദർ മാർട്ടിൻ. ഒരാംഗ്യം നല്കി അദ്ദേഹം; ഞാൻ അനുഗമിച്ചു. അദ്ദേഹം ചെന്നുനിന്നതു 17-ാം നമ്പറിന്റെ അടുക്കൽ. അലക്ഷ്യഭാവത്തിലാണു് അയാൾ അവിടെ കിടന്നിരുന്നതു്. ഒരുപചാരം പറയുവാൻപോലും അയാൾ സന്നദ്ധനായില്ല. സ്നേഹമസൃണമായ സ്വരത്തിൽ ഫാദർ മാർട്ടിൻ ചോദിച്ചു: "സഹോദരാ, സുഖക്കേടു് എങ്ങനെ ഇരിക്കുന്നു?" തുറിച്ച രണ്ടു കണ്ണുകളായിരുന്നു അതിനുത്തരം. അസഹ്യത പ്രദർശിപ്പിച്ചുകൊണ്ടുള്ള ഒരു മൂളൽ പിറകെയും.

"ഞാൻ ഒരു കത്തോലിക്കാ വൈദികനാണു്. സഹോദരനെ കാണുവാൻ വന്നിരിക്കയുമാണു്." അതും കടുത്തപാറയിൽ അലച്ചുവീണതേയുള്ളു. "താങ്കളെ എനിക്കു കാണേണ്ട ആവശ്യമില്ല." അതായിരുന്നു രോഗിയുടെ പ്രതിവചനം. പ്രതിഷേധം പ്രകടിപ്പിക്കുവാൻ അയാൾ തലതിരിഞ്ഞു കിടക്കയും ചെയ്തു. ഫാദർ മാർട്ടിൻ ധൈര്യം വെടിഞ്ഞില്ല. "എന്റെ സഹോദരാ, താങ്കൾ ഇപ്പോൾ ഏതുസ്ഥിതിയിൽ എത്തിയിരിക്കുന്നു എന്നു് അറിയുന്നുണ്ടോ? ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ. ഇനി അധികം മണിക്കൂറുകൾ ഇല്ല. കുഴിമാടത്തിനപ്പുറത്തുള്ള ജീവിതത്തെപ്പററി ഗാഢമായി ചിന്തിക്കേണ്ട അവസരം."

യാതൊരു ഭാവഭേദവും കൂടാതെ ഉഗ്രസ്വരത്തിൽ അയാൾ പറഞ്ഞു: "എനിക്കാവശ്യമുള്ളപ്പോൾ ഞാൻ താങ്കൾക്കു് ആളയച്ചുകൊള്ളാം." അപ്പോഴാണു് ഒരു വൈദികന്റെ ക്ഷമയും വിനയവും എത്ര അഗാധമാണെന്നു ഞാൻ കണ്ടതു്. അദ്ദേഹം അതു കേട്ടഭാവമേ നടിച്ചില്ല. "പ്രിയ സഹോദരാ, താങ്കളുടെ മരണം സമീപിച്ചിരിക്കുന്നു എന്നു ഞാൻ അറിയിച്ചുകൊള്ളട്ടെ. അതിനാൽ സമയം നഷ്ടപ്പെടുത്താതെ ഒരു നല്ല കുമ്പസാരം കഴിച്ചു് ദൈവവുമായി രമ്യപ്പെടുവാൻ ഒരുങ്ങിക്കൊൾക." ഇത്രയും പറഞ്ഞുതീർന്ന ക്ഷണത്തിൽ അദ്ദേഹം പോക്കററിൽനിന്നും സർപ്ലെസും ഉറാലയും എടുത്തു ധരിച്ചുകഴിഞ്ഞു. ചാറൽസ് അല്പം ശാന്തനായതുപോലെ കാണപ്പെട്ടു അപ്പോൾ. പക്ഷേ പറഞ്ഞതു്: "അച്ചോ, ഞാൻ അച്ചന്റെ സദുദ്ദേശത്തെപ്പററി സംശയിക്കുന്നില്ല. എങ്കിലും ഇതൊന്നും എനിക്കാവശ്യമില്ല എന്നുതന്നെ ഞാൻ പറഞ്ഞുകൊള്ളുന്നു. മതകർമ്മങ്ങളെപ്പററി എനിക്കു നന്നായി അറിയാം. എനിക്കതൊന്നും വേണ്ട. ദിവസവും പള്ളിയിൽപോയിട്ടു തിരിച്ചുവന്നു് പരദൂഷണത്തിലും, വഞ്ചനയിലും, പരദ്രോഹത്തിലും ഏർപ്പെടുന്ന അനേകംപേരെ ഞാൻ കണ്ടിട്ടുണ്ടു്. പള്ളിയിൽ പോകയും കൂദാശകൾ സ്വീകരിക്കയും ചെയ്യാത്തവരെക്കാൾ മോശമായിട്ടാണു് അവരുടെ പെരുമാററം. അതിനാൽ താങ്കളുടെ സേവനങ്ങൾ ഒന്നുംകൂടാതെ ഞാൻ മരിച്ചുകൊള്ളാം. എന്നെ അലട്ടാതിരിക്കണം" എന്നായിരുന്നു.

അതുകൊണ്ടും ഫാദർ മാർട്ടിൻ പരാജിതനായില്ല. അദ്ദേഹം തന്റെ കുരിശുരൂപം എടുത്തു് അയാളുടെ നേരേ നീട്ടി: "ഇതാ നമ്മുടെ കർത്താവുതന്നെയാണു താങ്കളുടെ അടുക്കലേക്കു വരുന്നതു്. ഞാൻ അവിടുത്തെ ഒരു പ്രതിനിധിമാത്രം. കർത്താവിൽനിന്നും മുഖംതിരിച്ചുകളയുവാൻ താങ്കൾ വിചാരിക്കുന്നോ?" വളരെ ഉൽക്കണ്ഠയോടുകൂടിയാണു് ഞാൻ ആ രംഗം നോക്കിനിന്നതു്. സുപ്രസിദ്ധനായ ഫാദർ മാർട്ടിൻ ഒരജ്ഞനായ രോഗിയുടെ മുമ്പിൽ നടത്തുന്ന യാചനകൾ എന്നെ പുളകംകൊള്ളിക്കതന്നെ ചെയ്തു. അയാളിൽനിന്നും യാതൊരു മറുപടിയും ഉണ്ടായില്ല. പൊയ്ക്കൊള്ളുവാൻ ഒരാംഗ്യംമാത്രം കാണിച്ചു. ഫാദർ മാർട്ടിൻ ക്ഷീണഹൃദയനായി, ഖേദത്തോടുകൂടി അവിടെ നിന്നും പിന്തിരിഞ്ഞുപോരികയും ചെയ്തു. അദ്ദേഹത്തിന്റെ കൂട്ടത്തിൽ ഞാനും.

ഞങ്ങൾ സംസാരിച്ചുകൊണ്ടാണു നടന്നതു്. അദ്ദേഹം പറഞ്ഞു: "നോക്കണം, മി. ബെനഡിക്ററു്, എത്ര യുക്തിഹീനമായി ആ രോഗി സംസാരിച്ചുകളഞ്ഞു എന്നു്! അയാൾ ഒരു കത്തോലിക്കനായിരുന്നു. ചില കത്തോലിക്കരുടെ തെററായ ജീവിതമാണു് അയാളെ കത്തോലിക്കാസഭയിൽനിന്നും അകററിക്കളഞ്ഞതു്. ചിലരുടെ തെററുകൾക്കു് കത്തോലിക്കാസഭ ഉത്തരവാദിയാണെന്നു് അയാൾ കരുതുന്നുണ്ടാകണം. അയാളെപ്പോലെ പലർക്കും പററുന്ന ഒരബദ്ധമാണിതു്."

ഞാൻ പറഞ്ഞു:- അയാൾ പറഞ്ഞതിൽ അല്പം കാര്യമുണ്ടു്. വ്യക്തികളുടെ തെററുകൾക്കു് ഒരു സ്ഥാപനത്തെ ഉത്തരവാദിയാക്കുന്നതു ശരിയല്ലായിരിക്കാം. അറിവുള്ളവർ അങ്ങനെ ചെയ്കയുമില്ല. പക്ഷേ അറിവില്ലാത്തവരാണു് നമ്മുടെ ഇടയിൽ അധികം. അവർ ഒരു പുസ്തകമേ വായിക്കുകയുള്ളു. ജിജ്ഞാസയോടുകൂടി അദ്ദേഹം ചോദിച്ചു: "ഏതാണു് ആ പുസ്തകം?" ഞാൻ തുടർന്നു: അച്ചടിച്ചപുസ്തകമല്ലതു്. കത്തോലിക്കരുടെ ജീവിതം. നമ്മുടെ ജീവിതമാണു സാധാരണക്കാരന്റെ ശ്രദ്ധയ്ക്കു വിഷയമാകുന്നതു്. നല്ല ജീവിതം കാണുമ്പോൾ ആ മതം നന്നെന്നു് അവർ വിധിക്കും. ചീത്ത ജീവിതംകാണുമ്പോൾ മതം ചീത്തയാണെന്നും. ഇതിനെ കവച്ചുവയ്ക്കുന്ന ഒരു യുക്തി അവർക്കുണ്ടാകുവാൻ വിഷമം. "പറഞ്ഞതു ശരി. ഞാൻ സമ്മതിക്കുന്നു. എത്ര ഗുരുതരമായ ഒരു ചുമതലയാണു് കത്തോലിക്കർക്കുള്ളതെന്നു് അവർ പലപ്പോഴും മനസ്സിലാക്കാറില്ല. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയ ശിശുക്കളിൽ ഒന്നിനു് ആരു പാപകാരണമായിരിക്കുന്നുവോ, അവന്റെ കഴുത്തിൽ ഒരു വലിയ തിരികല്ലു കെട്ടിത്തൂക്കി സമുദ്രത്തിന്റെ അഗാധതയിൽ താഴ്ത്തപ്പെടുന്നതു് അവനു് നന്നായിരുന്നു. ഉതപ്പുകാരണം ലോകത്തിനു നാശം! ഉതപ്പുകൾ ഉണ്ടായിത്തീരേണ്ടതു് ആവശ്യമാണു്. പക്ഷേ, അതു് ആരുമൂലമാണോ ആവിർഭവിക്കുന്നതു് ആ മനുഷ്യനു ദുരിതം. എന്നാണെല്ലാം വി. മത്തായിയുടെ സുവിശേഷം 18-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നതു്."

വളരെ ഇരുട്ടുന്നതുവരെ ഞങ്ങൾ ഇങ്ങനെ പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. അർദ്ധരാത്രി കഴിഞ്ഞിട്ടാണു് കിടന്നതു്. ഉറക്കം സുഖമായിരുന്നു. എന്നാൽ ഞെട്ടി ഉണർന്നുപോയി ആ മുട്ടു കേട്ടപ്പോൾ. ടപ് ടപ് ടപ് അങ്ങനെ അല്പനേരം ദീർഘിച്ചു. ഞാൻ കതകു തുറന്നു നോക്കി ആരാണെന്നു്. ആശുപത്രിയിൽനിന്നും ഒരാൾ. "എന്താണു വിശേഷം?" എന്റെ ചോദ്യം. "അത്യാസന്നനായി

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജോസഫ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 || ERNAKULAM. AUGUST 23, 1950 || No. 2


# തിരുനാൾമംഗളം

സത്യദീപത്തിന്റെ ജനയിതാവും സംരക്ഷകനുമായ എറണാകുളം മെത്രാപ്പോലീത്ത മഹാവന്ദ്യദിവ്യശ്രീ കണ്ടത്തിൽ മാർ ആഗുസ്തീനോസു തിരുമനസ്സിലെ നാമഹേതുകനായ വിശുദ്ധ ആഗുസ്തീനോസിന്റെ തിരുനാൾ അടുത്ത തിങ്കളാഴ്ചയാണല്ലോ തിരുസ്സഭ കൊണ്ടാടുന്നത്. തിരുമനസ്സിലെ പൈതൃകമായ പരിപാലനത്തിനു വിഷയമായിരിക്കുന്ന ഈ പത്രശിശു ആനന്ദനിർഭരവും കൃതജ്ഞതാപൂർണ്ണവുമായ ഒരു ഹൃദയത്തോടെയാണ് തിരുമേനിക്കു മംഗളങ്ങൾ ആശംസിക്കുന്നതിനും ഭാവുകങ്ങൾ നേരുന്നതിനും മുതിരുന്നത്. തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെയും മതതീക്ഷ്ണതയുടേയും പ്രത്യക്ഷലക്ഷ്യമായി പരിലസിക്കുന്ന ഒന്നാണ് സത്യദീപമെന്ന വസ്തുത പ്രത്യേകം സ്മർത്തവ്യമത്രെ. കേരളത്തിലെ കത്തോലിക്കരുടെ മതബോധവും സന്മാർഗ്ഗനിഷ്ഠയും സംരക്ഷിച്ചുകൊണ്ടുപോകുവാനും ഇതരമതസ്ഥരുടെ മുമ്പിൽ കത്തോലിക്കാമതതത്വങ്ങളും സാമൂഹികസിദ്ധാന്തങ്ങളും യുക്തിപൂർവ്വം അവതരിപ്പാനും പര്യാപ്തമായ ഒരു പ്രസിദ്ധീകരണം തുടങ്ങുവാൻ തിരുമേനിക്കുണ്ടായ ആഗ്രഹത്തിന്റെ പരിണതഫലമായിട്ടാണ് സത്യദീപം രൂപം പ്രാപിച്ചത്. പ്രസ്തുതാഗ്രഹം എത്ര അഭിനന്ദനീയമായിരുന്നെന്നു കഴിഞ്ഞ 23 വർഷക്കാലം സത്യദീപം നിർവ്വഹിച്ചിട്ടുള്ളതും ഇപ്പോഴും നിർവ്വഹിച്ചുവരുന്നതുമായ വിനീതസേവനം സുതരാം വ്യക്തമാക്കിയിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. സത്യദീപത്തെപ്പററി ഇത്രയുമെഴുതിയത് ആത്മപ്രശംസ ചെയ്തു കൃതാർത്ഥരാകുന്നതിനുവേണ്ടിയല്ല, പ്രത്യുത ഇതു വാരികതന്നെ തിരുമനസ്സിലെ ഭരണകാലത്തെ ഒരു വമ്പിച്ച നേട്ടമാണെന്നും, അതിനു എല്ലാവരും തിരുമേനിയോടു കൃതജ്ഞരായിരിക്കണമെന്നും ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി മാത്രമാണ്. തിരുമേനിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥന്റെ തിരുനാളാഘോഷിക്കുന്ന ഈ സുവർണ്ണാവസരത്തിൽ, സത്യദീപത്തിനു പ്രചുരപ്രചാരം ലഭിക്കുന്നതിനുവേണ്ടി അക്ഷീണം യത്നിക്കുന്നതാണെന്ന അവിടുത്തെ അജഗണങ്ങളും ഗുണകാംക്ഷികളും നല്ലൊരു പ്രതിജ്ഞ ചെയ്താൽത്തന്നെ തിരുമേനിക്ക് അതു അത്യന്തം ആനന്ദദായകമായിരിക്കും. സഭയുടേയും സമുദായത്തിന്റെയും നന്മയ്ക്കുവേണ്ടി അശ്രാന്തം യത്നിച്ചുവരുന്ന വന്ദ്യപിതാവു് ആയുരാരോഗ്യവാനായി അതിദീർഘകാലം ഇനിയും ഭരണം തുടർന്നുകൊണ്ടുപോകുന്നതിനും അവിടുന്നു സമാരംഭിച്ചിട്ടുള്ള സൽപ്രസ്ഥാനങ്ങളെല്ലാം വിജയമകുടം ചൂടുന്നതിനും ജഗദീശൻ കടാക്ഷിക്കുമാറാകട്ടെ.

## പൂർണ്ണസമത്വം ബൈബിളിൽ
## അപൂർണ്ണസമത്വം ഭരണഘടനയിൽ

ഇൻഡ്യൻ ഭരണഘടനയിലെ ഏററവും വിശിഷ്ടമായ വ്യവസ്ഥകൾ ഇൻഡ്യയിലെ പൗരന്മാരുടെ സമത്വത്തേയും സ്വാതന്ത്ര്യത്തേയും പരാമർശിച്ചുള്ളവയാണ്. പരമാധികാര ഡെമൊക്രാററിക് റിപ്പബ്ലിക്കിനു അനുയോജ്യമായ വിധത്തിൽ പ്രസ്തുത വ്യവസ്ഥകൾ ഭരണഘടനയിൽ കൊള്ളിച്ചിരിക്കുന്നു. ജാതിവ്യത്യാസം പരമ്പരയാ നിലവിലിരിക്കുന്നതും മനുഷ്യനെ മനുഷ്യനിൽനിന്നു ഏററവും ഗർഹണീയമായ വിധത്തിൽ വേർതിരിക്കുന്ന മനോഭാവം രൂഢമൂലമായിരിക്കുന്നതുമായ ഭാരതത്തിന്റെ കാര്യത്തിൽ പ്രസ്തുത വ്യവസ്ഥകൾ ഭാരതീയരിലാകമാനം ഒരു വലിയ ഹൃദയപരിവർത്തനം ഉളവാക്കുവാൻ പര്യാപ്തങ്ങളത്രെ.

### പൗരസമത്വം

ഇൻഡ്യയിലെ പൗരന്മാരിൽ ഉണ്ടായിരിക്കണമെന്നു ഭരണഘടന നിശ്ചയിച്ചിട്ടുള്ള സമത്വം III-ാം ഭാഗത്തിൽ 14-ാം വകുപ്പിൽ ചേർത്തിരിക്കുന്നതിങ്ങനെയാണ്: — "രാഷ്ട്രം ഇൻഡ്യൻ പ്രദേശത്തു യാതൊരാൾക്കും നിയമത്തിന്റെ മുമ്പിലുള്ള സമത്വമോ നിയമങ്ങൾ പ്രദാനം ചെയ്യുന്ന സംരക്ഷണത്തിലുള്ള സമത്വമോ നിഷേധിക്കുവാൻ പാടുള്ളതല്ല." തുടർന്നുള്ള 15-ാം വകുപ്പിൽ ഈ സമത്വത്തെ ഇങ്ങനെ വിശദീകരിക്കുന്നു:- "1) മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയേയോ അവയിൽ ഏതെങ്കിലുമൊന്നിനേയോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനേയും മററു പൗരന്മാരെ അപേക്ഷിച്ചു വ്യത്യസ്തമായി രാഷ്ട്രം ഗണിച്ചുകൂടാ." ഹോട്ടലുകൾ, കിണറുകൾ, കുളങ്ങൾ, റോഡുകൾ മുതലായി സർക്കാർ മരാമത്തായിത്തന്നെയും ചെലവു ചെയ്തോ പബ്ലിക്കിന്റെ ഉപയോഗത്തിനായി ഉദ്ദേശിച്ചിട്ടുള്ളതോ ആയ സ്ഥലങ്ങളിലും മററും സകല പൗരന്മാർക്കും സമമായ പ്രവേശനമുണ്ടായിരിക്കണമെന്നു് അടുത്തു തുടർന്നുള്ള ഉപവകുപ്പുകളിൽ വിശദമായി പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു.

### അസ്പൃശ്യതയും നിരോധിച്ചിരിക്കുന്നു

ഇൻഡ്യയിലെ ജാതിവ്യത്യാസത്തിന്റെ പ്രായോഗികമായ ഒരുവശം തീണ്ടലും തൊടീലും സംബന്ധിച്ചുള്ളതാണല്ലോ. ഏററവും ഗർഹണീയമായ ഈ ദുരാചാരത്തേയും 17-ാം വകുപ്പിൽ നിരോധിച്ചിട്ടുണ്ട്. "അസ്പൃശ്യത നിർത്തലാക്കിയിരിക്കുന്നു; ഏതു രൂപത്തിലുമുള്ള അതിന്റെ പ്രയോഗം നിരോധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അസ്പൃശ്യതയിൽനിന്നുളവാകുന്ന ഏതെങ്കിലും അയോഗ്യതയെ പ്രയോഗത്തിൽ വരുത്തുന്നതു നിയമാനുസൃതം ശിക്ഷാർഹമായ ഒരു കുററമായിരിക്കും." അസ്പൃശ്യതയെന്നാൽ എന്താണെന്നു ഭരണഘടനയിൽ നിർവ്വചിച്ചിട്ടില്ല. ഓക്സ്ഫോർഡ് ഡിക്ഷ്ണറി അതിനു നൽകിയിരിക്കുന്ന നിർവചനം ഇങ്ങനെയാണ്: "ഒരു സവർണ്ണഹിന്ദുവിനു തൊടാൻ പാടില്ലാത്ത ഒരു അവർണ്ണഹിന്ദുവാണ് അസ്പൃശ്യൻ." ഈ അർത്ഥമനുസരിച്ച് അസ്പൃശ്യത സാമുദായികനിലപാടിലുള്ള ഒരു കാര്യമാകുന്നു. അതിന്റെ നിരോധനം സാമുദായികനീതിയിലാണ് ഉൾപ്പെടുന്നത്. ഭരണഘടനയിലെ പ്രസ്തുത വ്യവസ്ഥയിൽ അസ്പൃശ്യതയുടെ പ്രയോഗം നിരോധിക്കുക മാത്രമല്ല, നിയമദൃഷ്ടിയിൽ അതൊരു ശിക്ഷാർഹമായ കുററവുമാക്കിയിട്ടുണ്ട്. ഈ കുററം അടങ്ങിയിരിക്കുന്നത് അസ്പൃശ്യതയിൽനിന്നുളവാകുന്ന ഏതെങ്കിലും അയോഗ്യതയെ പ്രവൃത്തിയിൽ വരുത്തുന്നതിലാണ്. ഈ അയോഗ്യത സിവിൽ അയോഗ്യതയെ, അതായതു് നിയമാനുസൃതമായ അവകാശത്തിന്റെ നിഷേധത്തെ, പരാമർശിച്ചുള്ളതായിരിക്കണം. യാതൊരാൾ മററൊരാൾക്ക് അസ്പൃശ്യതയെ അടിസ്ഥാനമാക്കി നിയമാനുസൃതമായ അവകാശം നിഷേധിച്ചാൽ, നിഷേധിക്കുന്നയാൾ ക്രിമിനൽ പ്രോസിക്യൂഷനു തന്നെത്തന്നെ വിധേയനാക്കുന്നു.

### മനുഷ്യസമത്വം

ഭരണഘടനയിലെ പ്രസ്തുത വകുപ്പുകൾ—14, 15, 17—ഇൻഡ്യയിലെ സകല പൗരന്മാർക്കും പൗരസമത്വം പ്രദാനം ചെയ്യുവാൻ വളരെയധികം സഹായകങ്ങളാണെന്നു സസന്തോഷം സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ സമത്വം നിയമാനുസൃതമായ നീതിയിൽ (Legal Justice) ഉൾപ്പെട്ടതാണ്, അല്ലാതെ സാമുദായികനീതിയിൽ (Social Justice) ഉൾപ്പെടുന്നതല്ല. പൗരന്മാർതമ്മിൽ സാമുദായികമായ സംസർഗ്ഗം നിർബാധം, യാതൊരു വ്യത്യസ്തതയുംകൂടാതെ, പുലർത്തിക്കൊണ്ടുപോകുവാൻ പ്രസ്തുത വ്യവസ്ഥകൾ പര്യാപ്തങ്ങളാണോ എന്നൊരു പ്രശ്നം ഉദിക്കുന്നുണ്ട്. സാമുദായികങ്ങളായ ചടങ്ങുകളിൽ സംബന്ധിപ്പിക്കാതെ ഒരു അസ്പൃശ്യനെ ഒഴിച്ചുനിർത്തുന്ന പ്രവൃത്തി പ്രസ്തുത വകുപ്പുകളുടെ നിരോധനത്തിൽ വരുന്നില്ല. ഒരു അസ്പൃശ്യൻ തൊട്ടതുമൂലം അശുദ്ധമായെന്നു വിചാരിക്കപ്പെടുന്ന ഒരു സവർണ്ണഹിന്ദു ഈ അശുദ്ധി കഴുകിക്കളയുവാൻ വേണ്ടി കുളിക്കുന്നുണ്ടല്ലോ; അസ്പൃശ്യൻ തൊട്ടതാണെന്നുള്ള കാരണത്താൽ ആഹാരസാധനങ്ങൾ സവർണ്ണഹിന്ദുക്കൾ ഉപയോഗിക്കാതെ കളയുന്നുണ്ടല്ലോ. ഈ ആചാരങ്ങളും പ്രസ്തുത വകുപ്പുകളുടെ നിരോധനത്തിൽ ഉൾപ്പെടുന്നില്ല.

സമത്വം രണ്ടുതരമുണ്ട്. ഒന്നു പൗരസമത്വം; മറേറതു മനുഷ്യസമത്വം. പൗരനെന്ന നിലയിൽ നിയമദൃഷ്ടിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ് പൗരസമത്വം. ഈ സമത്വമാണ് ഭരണഘടനയിലെ പ്രസ്തുത വ്യവസ്ഥകൾ ഇൻഡ്യയിലെ എല്ലാ പൗരനും പ്രദാനം ചെയ്യുന്നത്. എന്നാൽ മനുഷ്യസമത്വം ഇതിനെക്കാൾ വിസ്തൃതിയുള്ളതാണ്. അതിന്റെ അടിസ്ഥാനം രാജ്യനിയമമല്ല, പ്രത്യുത മനുഷ്യപ്രകൃതിതന്നെയാണ്. മനുഷ്യനായ ഓരോ വ്യക്തിയും, മനുഷ്യപ്രകൃതിയുള്ളവനെന്ന കാരണത്താൽത്തന്നെ മറേറതൊരു വ്യക്തിക്കും സമനാണ്. മനുഷ്യപ്രകൃതിയുടെ സഹജമായ മാഹാത്മ്യമാണ് ഇതിൽ പരിഗണിക്കപ്പെടുന്നത്. പ്രസ്തുത മാഹാത്മ്യം സകല വ്യക്തികൾക്കും ഉള്ളതിനാൽ മനുഷ്യസമുദായത്തിലെ സകല വ്യക്തികളും സമന്മാരാണ്. ഈ സമത്വമാണ് ശരിയായ സാമുദായികനീതി ആവശ്യപ്പെടുന്നത്. ഈ സമത്വത്തെ പുരസ്കരിച്ചാണ് മുതലാളിയും തൊഴിലാളിയും, ജന്മിയും കുടിയാനും, യജമാനനും ഭൃത്യനും സാക്ഷാൽ സമന്മാരായിരിക്കുന്നത്. എന്നാൽ മനുഷ്യരെ എല്ലാവരേയും സാമുദായികമായ ഒരേ നിലപാടിൽ, സാമുദായിക സോപാനത്തിന്റെ ഒരേപടിയിൽ, നിർത്തണമെന്ന് ഈ സമത്വം ആവശ്യപ്പെടുന്നില്ല. കാരണം, അതു മനുഷ്യപ്രകൃതിക്കുതന്നെ വിരുദ്ധമായിരിക്കും. മനുഷ്യപ്രകൃതിയുള്ളവരെന്ന നിലയിൽ സകല വ്യക്തികളും തുല്യമാഹാത്മ്യമുള്ളവരാണെങ്കിലും, പ്രകൃതിതന്നെ അവർക്കു പ്രദാനം ചെയ്തിരിക്കുന്ന അപദാനങ്ങൾ—ശാരീരികങ്ങളും മാനസികങ്ങളും, ധാർമ്മികങ്ങളും, ആദ്ധ്യാത്മികങ്ങളും—തുല്യങ്ങളല്ല. ഈ അതുല്യത പ്രകൃതിദത്തമായതുകൊണ്ട് അതിന്റെ പ്രവർത്തനഫലമായുണ്ടാകുന്ന അതുല്യങ്ങളായ സാമുദായികനിലപാടുകളും പ്രകൃതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളവയാണെന്നു വേണം യുക്തിപൂർവ്വം വിചാരിക്കുവാൻ. മനുഷ്യസമത്വത്തിന്റെ ശരിയായ സ്വഭാവത്തിൽ ഇപ്രകാരമുള്ള അതുല്യത അനിവാര്യമാണെന്നും, തന്നിമിത്തം അംഗീകരിക്കേണ്ടതാണെന്നും മദ്രാസ് ഹൈക്കോടതിയിലെ ഈയിടെയുണ്ടായ ഒരു ജഡ്ജ്മെന്റിൽ പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്.

### മനുഷ്യസമത്വം ഹൈക്കോർട്ടു ജഡ്ജി വിശദീകരിക്കുന്നു

മദ്രാസ് ഗവൺമെന്റിൽനിന്നു് ഒരു "കമ്മ്യൂണൽ ജി. ഒ." പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. അതിലെ വ്യവസ്ഥകൾ അനുസരിക്കുവാൻ വേണ്ടി മദ്രാസിലെ ചില കോളേജുകളിൽ ചില വിദ്യാർത്ഥികൾക്കു പ്രവേശനം നിഷേധിച്ചു. പ്രസ്തുതനിഷേധവും അതിനടിസ്ഥാനമായ ഗവൺമെന്റുത്തരവും ഭരണഘടനയിൽ പൗരസമത്വം നല്കുന്ന വ്യവസ്ഥകൾക്കു വിപരീതമാണെന്നും മററും കാണിച്ചു്, പ്രവേശനം നിഷേധിക്കപ്പെട്ട വിദ്യാർത്ഥികളിൽ രണ്ടുപേർ മദ്രാസ് ഹൈക്കോടതിയിൽ ഹർജി ബോധിപ്പിച്ചു. ഹർജിക്കാരുടേയും ഗവൺമെന്റിന്റെയും വാദങ്ങൾ സുദീർഘമായ വിചാരണവഴിയായി കേട്ടശേഷം കോടതി ഹർജിക്കാരുടെ വാദം ശരിവച്ചു വിധിപ്രസ്താവിച്ചു. ജസ്റ്റിസ് വിശ്വനാഥശാസ്ത്രി അവർകൾ ഭരണഘടനയിലെ 14-ാം വകുപ്പിലെ വ്യവസ്ഥയുടെ പരാമർശനത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:—

"അസമത്വം യഥാർത്ഥത്തിലുള്ള ജീവിതത്തിലെ ഭൗതികമോ അടിസ്ഥാനപരമോ ആയ വസ്തുതയാണെന്നുള്ള സംഗതിയുടെനേരെ ഒരുത്തനും കണ്ണടയ്ക്കാൻ സാദ്ധ്യമല്ല. മനുഷ്യജീവികളുടെയിടയിൽ നിരുപാധികമായ സമത്വം സ്ഥിതിചെയ്യുന്നില്ലതന്നെ. പ്രായപൂർത്തിവന്നവനേയും ശിശുവിനേയും, സുബോധമുള്ളവനേയും ഭ്രാന്തനേയും, കോടീശ്വരനേയും നിർദ്ധനനേയും, ജയിൽവാസിയേയും നിരപരാധിയേയും, പണ്ഡിതനേയും പാമരനേയും, എൻജിനീയരേയും കല്പണിക്കാരനേയും, അംഗീകൃതവൈദ്യനേയും മുറിവൈദ്യനേയും യഥാർത്ഥത്തിലുള്ള ജീവിതത്തിൽ ഒരേതരമോ സമമോ ആയ നില സ്വീകരിച്ചിരിക്കുന്നവരായി നിങ്ങൾക്കു പരിഗണിക്കാൻ പാടില്ലെന്നുള്ളതു സാമാന്യബുദ്ധിയിൽപ്പെട്ട സംഗതിയാകുന്നു. 14-ാം വകുപ്പിൽ സാമാന്യമോ ഭരണഘടനാപരമോ ആയ സമത്വം സകല മനുഷ്യജീവികളുടെയിടയിലും അംഗീകരിച്ചിട്ടുണ്ടെങ്കിലും, നിയമസംബന്ധമായ പ്രയോഗത്തിലോ അനുമതിനമുള്ള ഭരണകാര്യങ്ങളിലോ ചില വ്യത്യാസവും, ചില തരംതിരിക്കലും, ചില പക്ഷഭേദവും ഉണ്ടായിരിക്കുക അനിവാര്യമാണ്. ഇതു സമ്മതിച്ചാൽമാത്രമേ ഭരണഘടനാപരമോ നിയമപരമോ ആയ സമത്വത്തെ ജീവിതത്തിലെ വസ്തുതകളോടും പബ്ലിക് ഭരണത്തിന്റെ ആവശ്യങ്ങളോടും സംയോജിപ്പിക്കുവാൻ സാധിക്കുകയുള്ളു."

ജീവിതത്തിലെ യഥാർത്ഥ്യങ്ങളെ അംഗീകരിച്ചു മനുഷ്യസമത്വത്തെ വീക്ഷിക്കേണ്ടതാണെന്നും, അങ്ങനെ വീക്ഷിക്കുമ്പോൾ സാമുദായികനിലപാടുകളിലുള്ള സ്ഥിതിവ്യത്യാസങ്ങൾ, സാമുദായികസോപാനത്തിലുള്ള വിവിധ പടികൾ, പൗരസമത്വത്തിനെന്നല്ല, മനുഷ്യസമത്വത്തിനുംകൂടെയും അനുയോജ്യങ്ങളാണെന്നുമാണല്ലോ പ്രസ്തുത വാക്കുകളുടെ അർത്ഥം. ഇത്തരത്തിലുള്ള മനുഷ്യസമത്വം, നിയമനീതിയനുസരിച്ചുള്ള പൗരസമത്വം മാത്രമല്ല സാമുദായികനീതിയനുസരിച്ചുള്ള മനുഷ്യസമത്വം, ഇന്ത്യൻ ഭരണഘടനയിൽ അസ്പൃശ്യതയ്ക്കും മററുമെതിരായി ഉൾക്കൊള്ളിച്ചിട്ടില്ലാത്ത മനുഷ്യസമത്വം, ബൈബിളിൽ സുവ്യക്തമായി അനുശാസിച്ചിട്ടുണ്ട്.

### ബൈബിളിലെ മനുഷ്യസമത്വം

ദൈവം സകല മനുഷ്യരുടെയും പിതാവാണെന്നും, സകല മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്നും തന്മൂലം സകല മനുഷ്യരും പരസ്പരം സഹോദരങ്ങളാണെന്നുമുള്ള തത്വങ്ങൾ ക്രിസ്തു സുവ്യക്തം പഠിപ്പിച്ചിട്ടുണ്ടെന്നു പ്രസിദ്ധമാണല്ലോ. ക്രിസ്തുതന്നെ പറഞ്ഞുകൊടുത്തു പഠിപ്പിച്ചതും സകല ക്രിസ്ത്യാനികളും അനുദിനമെന്നോണം ചൊല്ലിക്കൊണ്ടിരിക്കുന്നതുമായ "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന തന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ക്രിസ്ത്യാനികളുടെ ഇപ്പറയുന്ന ദൈവപുത്രത്വവും പരസ്പരമുള്ള സഹോദരത്വവും ഒന്നു വേറെയാണ്; അതു ഇതരമതസ്ഥർ സ്വീകരിക്കുന്ന അർത്ഥത്തിൽ നിന്നു വ്യത്യസ്തവും അതിനെക്കാൾ ഉന്നതവും ഉദാത്തവുമാണ്. ക്രിസ്തു തന്റെ ദൈവസ്വഭാവത്തിൽ ദൈവത്തിന്റെ അനാദിമുതൽക്കുള്ള പുത്രനാണ്. ദൈവപുത്രനായ അവിടുന്നു് അനാദിമുതൽക്കുള്ള തന്റെ ദൈവസ്വഭാവത്തോടു മനുഷ്യസ്വഭാവം കാലത്തിന്റെ പൂർണ്ണതയിൽ സംയോജിപ്പിച്ചു. സ്വാഭാവികമായ

വപുത്രനായ അവിടുന്നു മനുഷ്യസ്വഭാവം സ്വീകരിച്ചു സകലമനുഷ്യരേയും തന്റെ സഹോദരരും അതുവഴിയായി ദൈവത്തിന്റെ മക്കളും ആക്കുന്നതിനു വേണ്ടിയാണ്. ക്രിസ്തുവിനോടു വിശ്വാസത്താലും സ്നേഹത്താലും സ്വയം ബന്ധിക്കുന്നവർ ദൈവമക്കളുടേയും ക്രിസ്തുവിന്റെ സഹോദരന്മാരുടേയും നിലയിലേക്കുയർത്തപ്പെടുന്നു. അപ്രകാരം സ്വയം ബന്ധിക്കപ്പെടാത്ത മനുഷ്യർ, സാക്ഷാൽ ക്രിസ്ത്യാനികളല്ലാത്തവർ, പ്രസ്തുതബന്ധംവഴിയായി ദൈവത്തിന്റെ മക്കളും ക്രിസ്തുവിന്റെ സഹോദരന്മാരും ആയി ഉയർത്തപ്പെടുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവരാണ്. ആകയാൽ ക്രിസ്തുവിന്റെ മനുഷ്യാവതാരത്താലും കുരിശുമരണത്താലും സകല മനുഷ്യരും യഥാർത്ഥത്തിൽ, കുറഞ്ഞപക്ഷം ഉദ്ദേശത്തിൽ, ദൈവത്തിന്റെ മക്കളും ക്രിസ്തുവിന്റെ സഹോദരന്മാരുമാണ്.

ക്രിസ്തുമതത്തിലെ ഏറ്റവും മൗലികവും അനന്യസാധാരണവുമായ ഈ മഹാതത്വം വിശുദ്ധ പൗലോസ് ശ്ലീഹാ തന്റെ ജീവിതസർവ്വസ്വവുമായി സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ഈ തത്വം പ്രസ്പഷ്ടമായോ അസ്പഷ്ടമായോ ആദ്യന്തം വ്യാപിച്ചിരിക്കുകയും ചെയ്യുന്നു. ഏക ദൈവത്തിൽ വിശ്വസിച്ചിരുന്ന, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്ന, യഹൂദന്മാരുടെ ഇടയിൽത്തന്നെയും സകല മനുഷ്യരും സാക്ഷാൽ സഹോദരന്മാരും തന്മൂലം സമത്വമുള്ളവരുമായി ഗണിക്കപ്പെട്ടിരുന്നില്ല. പുറജാതികളെ ഏതാണ്ട് അധഃകൃതരായിട്ടാണ് അവർ ഗണിച്ചിരുന്നത്. യഹൂദന്മാരിൽത്തന്നെയും ഏതാണ്ട് ശിഷ്ടന്മാരെപ്പോലെയിരുന്ന സമരായക്കാരുമായിപ്പോലും അവർ തൊട്ടു തീണ്ടിയിരുന്നില്ല. സമരായക്കാരിൽപ്പെട്ട ഒരു സ്ത്രീയോടു ക്രിസ്തു കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ "ഒരു യഹൂദനായ അങ്ങ് സമരായക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നതെങ്ങനെ" എന്നാശ്ചര്യപ്പെട്ട് അവൾ ചോദിക്കുകയുണ്ടായല്ലോ. ക്രിസ്തു വെളിപ്പെടുത്തിയ മേൽപ്പറഞ്ഞ തത്വങ്ങൾ മനസ്സിലാക്കിയശേഷം ഏറ്റവും കടുത്ത യഹൂദന്മാരിലൊരാളായിരുന്ന വിശുദ്ധ പൗലോസ് യഹൂദന്മാരേയും പുറജാതികളേയും ഒരുപോലെ സംബോധന ചെയ്തുകൊണ്ടു പറയുന്നു; "ഇനിമേൽ യഹൂദനെന്നോ യവനായനെന്നോ, സ്വതന്ത്രനെന്നോ അടിമയെന്നോ, എന്നുവേണ്ട പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസം നിങ്ങളിൽ സ്ഥിതിചെയ്യുന്നില്ല— നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒരാൾതന്നെയാണ്." ക്രിസ്തുവിൽ സകല മനുഷ്യരും സമന്മാരാണെന്നുള്ള ഈ തത്വം അവിടുന്നുതന്നെ മനോഹരമായ അലങ്കാരഭാഷയിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു." മൂലച്ചെടിയായ ക്രിസ്തുവിനോടു വിശ്വാസത്താലും സ്നേഹത്താലും യഥാർത്ഥത്തിൽ യോജിച്ചിരിക്കുന്നവർ, യോജിച്ചിരിക്കുവാൻ കുറഞ്ഞപക്ഷം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നവർ, ആയ സകല മനുഷ്യരും ശിഖരങ്ങളെന്ന നിലയിൽ ശരിയായ സമത്വമുള്ളവരാണെന്നാണല്ലോ ഈ വാക്കുകളുടെ അർത്ഥം. വി. പൗലോസ് ഈ തത്വംതന്നെ മറ്റൊരലങ്കാരമുപയോഗിച്ച് പ്രകാശിപ്പിക്കുന്നു. ക്രിസ്തു ശിരസ്സും, സകലമനുഷ്യരും ഒന്നെങ്കിൽ യഥാർത്ഥത്തിൽ അവിടുത്തെ അവയവങ്ങൾ, അല്ലെങ്കിൽ അവിടുത്തെ അവയവങ്ങളാകുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവരും, ആണെന്നാണ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. ശിരസ്സായ ക്രിസ്തുവിനോട് ഇപ്രകാരം യഥാർത്ഥത്തിലോ ഉദ്ദേശത്തിലോ ബന്ധപ്പെട്ടിരിക്കുന്ന അവയവങ്ങളെന്ന നിലയിൽ സകല മനുഷ്യരും ശരിയായ സമത്വമുള്ളവരാണെന്നാണ് വിവക്ഷ. ശരീരത്തിലെ അവയവങ്ങൾ ഭിന്നങ്ങളാണെങ്കിലും, ഭിന്നങ്ങളായ ധർമ്മങ്ങളോടുകൂടിയവയാണെങ്കിലും, അവയവങ്ങളെന്ന നിലയിൽ അവയെല്ലാം സമത്വമുള്ളവയാണല്ലോ. ഇതുപോലെ സകല മനുഷ്യരും ജീവിതത്തിൽ ഭിന്നങ്ങളായ നിലപാടുകളുള്ളവരാണെങ്കിലും, തരാനുസരണം സ്ഥിതിഭേദങ്ങളുള്ളവരാണെങ്കിലും, അവരെല്ലാം സാക്ഷാൽ സമത്വമുള്ളവരാണെന്നാണ് ബൈബിളിൽ പഠിപ്പിക്കുന്നത്. ഈ മനുഷ്യസമത്വം ഒന്നുവേറെ, ഇന്ത്യൻ ഭരണഘടനയിലെ പൗരസമത്വം ഒന്നുവേറെ. ബൈബിളിലെ സമത്വം ഭരണഘടനയിലെ സമത്വത്തെക്കാൾ എത്രയോ വിസ്തൃതവും വിശാലവും!!

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | ,, | 6—8—0 |
| ഇൻഡ്യക്കു പുറമെ | ,, | 8—0—0 |
| ഒററപ്രതി | | 0—2—0 |

## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

27 ഞാ: പന്തക്കുസ്താ 13-ാം ഞായർ ജോസഫ് കലാസാൻസ്
28 തി: ആഗുസ്തീനോസ്
29 ചൊ: യോഹന്നാൻ മാംദാനയുടെ ശിരച്ഛേദം
30 ബു: റോസ ലീമ
31 വ്യാ: റെമണ്ട്

സെപ്റ്റംബർ

1 വെ: എജിദിയൂസ്
2 ശ: സ്തേപ്പാനോസ്

## അറിയിപ്പ്

സത്യദീപത്തിന്റെ അറക്കുളം ഏജന്റ് മി. പി. യു. ജോസഫിന്റെ സബ് ഏജന്റായിരുന്ന മി. എം. എ. ജോസഫി (ഞണ്ടുകുന്നേൽ) നെ അറക്കുളം വലിയപള്ളി ഇടവകയിലെ ഏജന്റായി നിയമിച്ചിരിക്കുന്നു.

മാനേജർ

IN LOVING MEMORY
OF



Mr. N. A. VARKEY B. A., B. L.
NEDUNGAD
Born on 7th August 1898
Died on 25th August 1946
"Oh Lord, grant him eternal peace"

## അഭ്യർത്ഥന

ഞാൻ അവിചാരിതമായി സ്ഥലം വിടുന്നതിനാൽ സത്യദീപത്തിന്റെ സകല ഉത്തരവാദിത്വവും മി. ഗിൽബെർട്ട് പെരേരയെ ഏല്പിച്ചിട്ടുണ്ട്. ഇനിയും കുടിശിക തീർത്തിട്ടില്ലാത്ത വരിക്കാർ ആ സംഖ്യ ദയവുചെയ്തു ഞങ്ങളുടെ അടുത്ത ഏജന്റായ മി. ഗിൽബെർട്ട പെരേരയെ ഏല്പിക്കണമെന്നപേക്ഷിക്കുന്നു.

എന്നു,

ജെ. സി. വെയിസൽ,
സത്യദീപം ഏജന്റ്,
വലിയവീട്, മുരുക്കുംപുഴ

അൽഫോൻസമ്മയുടെ സഹായത്താൽ എന്റെ കുട്ടിയുടെ സുഖക്കേടു മാറിയതിനു നന്ദി

എന്നു
ടി. കെ. പൗലോസ്

## നാഗപ്പുഴ പള്ളിയിൽ എട്ടുനോമ്പ്

സെപ്റ്റംബർ 1-ാംനു / ചിങ്ങം 16-ാംനു വെള്ളിയാഴ്ച കാലത്തു ആരംഭിക്കും.

പതിവുപോലെ ആദ്യദിവസം മുതൽ ധ്യാനവും ഉണ്ടായിരിക്കുന്നതാണ്.

# മരിയൻ കോൺഗ്രസ്

മരിയൻ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്നു നിശ്ചയിച്ചിരിക്കുന്ന പ്രത്യേകയോഗങ്ങളിൽ പ്രതിപാദിക്കേണ്ട വിഷയങ്ങളുടെ ഒരു ആസൂത്രണം വാഗ്ദാനംചെയ്തിരുന്നതിനെ ആസ്പദമാക്കി ഇതാ തൽപരചിന്തയ്ക്കായി സംക്ഷേപിച്ചുകൊള്ളുന്നു.

മാതൃകാപുരുഷന്മാർ

1) അവരുടെ സ്ഥാനം. ഈ അഭിധാനംകൊണ്ടു വിവക്ഷിക്കപ്പെട്ടിരിക്കുന്നത് ഓരോരോ ഇടവകകളിലെ കുടുംബനാഥന്മാർ ആണ്. നന്മയും തിന്മയും ഉള്ള അവരുടെ സ്ഥാനം വലുതാകുന്നു. അവരാകുന്നു തങ്ങളുടെ ഇടവകയിലുള്ളവരുടെ മുന്നണിയിൽ എപ്പോഴും നില്ക്കേണ്ടവർ. ആകയാൽ അവർ ആകുന്നു അവരവരുടെ ഇടവകയിൽ കത്തോലിക്കാവിശ്വാസത്തിന്റെ പ്രഖ്യാപകന്മാർ. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അവർക്കു കത്തോലിക്കാജീവിതത്തെ അന്യരുടെ മുമ്പിൽ പ്രദർശിപ്പിക്കാം. അതുകൊണ്ടുതന്നേ അവരവരുടെ ഇടവകയിലെ സന്മാർഗ്ഗികതയെ ഉയർത്തുകയും ചെയ്യാം. ബുദ്ധിമതികളും വിവേകികളുമായ കുടുംബനാഥന്മാർ തങ്ങളുടെ സ്ഥാനത്തെയും ശക്തിയേയും കർത്തവ്യത്തേയും അനുസ്മരിക്കേണ്ടതുണ്ട്. ഓസ്സാനാം, കോൺട്രാഡോ, ഗ്രാസിയാ ഫെരീനി, ബെല്ലക്, മാരിറ്റെൻ മുതലായവരെപ്പോലുള്ള ആദർശപുരുഷന്മാർ നമ്മുടെ ഓരോ ഇടവകയിലും ഉണ്ടായിരുന്നെങ്കിൽ!

2) ഉൽകൃഷ്ടമായ പ്രസ്തുത ധർമ്മബോധം കുടുംബനാഥന്മാരിൽ ഉളവാക്കുവാൻ എങ്ങനെ സാധിക്കും? ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിന്റെ അർത്ഥമെന്തെന്നും ക്രിസ്തുവിനും സഹസൃഷ്ടികൾക്കുംവേണ്ടി തനിക്ക് എന്തു ചെയ്വാൻ സാധിക്കുമെന്നും ഒരു വിചിന്തനമാണ് അതിനു ഏറ്റവും പറ്റിയമാർഗ്ഗം. ജ്ഞാനസ്നാനംമൂലം ക്രിസ്തുവിന്റെ നിഗൂഢശരീരത്തിന്റെ അംഗമായി ഭവിച്ചതിന്റെശേഷം ക്രിസ്തുവിന്റെ അനുയായിക്ക് സ്വസ്ഥമായിരിക്കുവാൻ സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനിവഴിയായി തന്റെ രക്ഷാകൃത്യം തുടരണമെന്നാണ് ക്രിസ്തുവിന്റെ അഭിലാഷം. ആകയാൽ ഈ യാഥാർത്ഥ്യത്തിന്റെ വിചിന്തനത്തിനു സഹായിക്കുന്ന ഒരു ധ്യാനപ്രസ്ഥാനം കേരളത്തിൽ ആവിർഭവിക്കേണ്ടിയിരിക്കുന്നു.

3) തങ്ങളുടെ കർത്തവ്യനിർവ്വഹണത്തിനുവേണ്ട ശക്തി ഒരു കുടുംബനാഥന് എവിടെനിന്നു സംഭരിക്കാം? ഉത്തമക്രിസ്ത്യാനികളായി ജീവിതം നയിച്ച മഹാന്മാരുടെ ജീവചരിത്രങ്ങളിൽനിന്നു. അവയുടെ വായനക്കാരെ അനുകരണത്തിന് സമാകർഷിക്കയും അനുഷ്ഠാനത്തിനു പ്രേരിപ്പിക്കയും ചെയ്യാതിരിക്കയില്ല. രണ്ടാമതായി നിർദ്ദേശിക്കുവാനുള്ളത് കഴിയുന്നിടത്തോളം അടുപ്പിച്ചു വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതും അതിനെ ഉൾക്കൊള്ളുന്നതും അത്രേ. ജീവജാലങ്ങൾക്കു വെളിച്ചവും ചൂടും ആരോഗ്യവും വളർച്ചയും പ്രദാനംചെയ്യുന്ന സൂര്യനോടാകുന്നു ക്രിസ്ത്യാനികൾ ദിവ്യകാരുണ്യത്തെ ഉപമിക്കുവാനുള്ളത്. വിശുദ്ധ കുർബാനയുടെ മാഹാത്മ്യവും ഫലങ്ങളും.

4) കുടുംബനാഥന്മാർ ആചരിക്കേണ്ട ഏതാനും നിയമങ്ങൾ.

എ. അവർ തങ്ങളുടെ ഗൃഹങ്ങളെ ദൈവത്തിന്റെ ഭവനങ്ങളാക്കിച്ചമയ്ക്കണം. ക്രിസ്തുവായിരിക്കണം അവയുടെ അധിനാഥൻ. സന്ധ്യാജപങ്ങളും കൊന്തനമസ്കാരവും പ്രതിദിനം കുടുംബാംഗങ്ങളൊടൊന്നിച്ചു എത്തിക്കുന്നതുകൊണ്ടുള്ള പ്രയോജനം അവർണ്ണനീയമെന്നല്ലാതെന്തു പറയേണ്ടൂ?

ബി. കത്തോലിക്കാഭവനങ്ങളെ വിദ്യാലയങ്ങളായി കരുതണം. വിശുദ്ധന്മാരുടെ ജീവചരിത്രപാരായണമാണ് അവയിൽ അഭ്യസിക്കയും അഭ്യസിപ്പിക്കപ്പെടുകയും ചെയ്യേണ്ട ഒരു വിഷയം.

സി. ഭക്തി പ്രചരിപ്പിക്കുന്നതിനും പരോപകാരം ചെയ്യുന്നതിനും വേണ്ടി തങ്ങളുടെ ഇടവകപ്പള്ളികളിലും സമീപസ്ഥലങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള സഖ്യങ്ങളിലും സംഘടനകളിലും അംഗങ്ങളായിച്ചേരുകയും അവയെ പ്രോത്സാഹിപ്പിക്കയും ചെയ്യണം. നൈറ്റ്സ് ഓഫ് കൊളംബസിന്റെ നയം.

ഡി. വർദ്ധിച്ചുവരുന്ന നാസ്തികതയേയും മതനിഷ്പക്ഷതയേയും തടയണമെങ്കിൽ കുടുംബനാഥന്മാർ തങ്ങളുടെ അധീനതയിലുള്ള ശക്തിയെ പ്രയോഗിക്കയല്ലാതെ വേറൊരു പ്രതിവിധിയും നിർദ്ദേശിക്കുവാൻ കാണുന്നില്ല.

ഇ. നമ്മുടെ ഇടവകകളിൽ ഒരു ക്രൈസ്തവാന്തരീക്ഷം സൃഷ്ടിക്കുവാൻ കുടുംബനാഥന്മാർ വിചാരിച്ചാൽ സാധിക്കും. അങ്ങനെ സംഭവിക്കണമെങ്കിൽ ദൈവത്തിന്റെ പ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും കാത്തുകൊണ്ടുമാത്രം തൃപ്തിപ്പെട്ടാൽപോരാ. പിന്നെയോ കൃഷിസ്ഥലങ്ങളിലും വ്യവസായശാലകളിലും കച്ചവടപ്പീടികകളിലും വണ്ടിയിലും വള്ളത്തിലും എല്ലായിടത്തും പാപത്തോടുള്ള വെറുപ്പും പുണ്യത്തോടുള്ള പ്രതിപത്തിയും പ്രകടിപ്പിക്കുവാനുള്ള നേതൃത്വം സ്വീകരിക്കുകയും. അവർ സത്യത്തിന്റേയും നീതിയുടേയും ധർമ്മത്തിന്റേയും ദൂതന്മാരാണെങ്കിൽ സമുദായവും രാഷ്ട്രവും പരിശുദ്ധീകരിക്കപ്പെടുകതന്നേ ചെയ്യും.

എഫ്. പ്രസ്തുതങ്ങളായ എല്ലാം കാര്യങ്ങളും സാധിക്കുന്നതിനും പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിനും പറ്റിയ ഒരു ഉപാധിയാകുന്നു പാരിഷ് യൂണിയൻ എന്ന പേരിൽ അറിയപ്പെടുന്ന ഇടവകസംഘടന. ഇതു സന്നിഷ്ഠം നടത്തുകയും മാസന്തോറും ഒന്നുരണ്ടു തവണ അതതു ഇടവകകളിലെ പ്രമുഖന്മാർ ഒന്നിച്ചുകൂടി അപ്പഴപ്പോൾ നേരിടുന്ന കാര്യങ്ങളെക്കുറിച്ചു ചർച്ചചെയ്കയും സമുചിതമായ നടപടികൾ സ്വീകരിക്കയും ചെയ്താൽ സത്ഫലം പ്രതീക്ഷിക്കാം.

വിജ്ഞാപനം. ഈ ആസൂത്രണത്തിൽ കൊള്ളിച്ചിരിക്കുന്ന പ്രതിപാദ്യകോടികളെ കേന്ദ്രീകരിച്ചു രചിക്കപ്പെടുന്ന പ്രബന്ധം ഒരു പ്രമേയരൂപേണ അവതരിപ്പിച്ചു അംഗങ്ങൾ നേരത്തേ പ്രതിപാദിക്കയും അഭിപ്രായപ്രകടനങ്ങൾക്കും നിശ്ചിതമായ അനുമാനത്തിനും വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

പ്രസിദ്ധീകരണകമ്മിറ്റി

## അറിയിപ്പ്

വഴിത്തല, മാറിക, വെങ്ങല്ലൂർ എന്നീ സ്ഥലങ്ങളിലെ ഏജന്റായി മി. ജോസ് സി. കള്ളപ്പുരയിലിനെ നിയമിച്ചിരിക്കുന്നു.

മാനേജർ

## കൊച്ചി-തിരുവിതാംകൂർ വാർത്തകൾ

ചിങ്ങം 1 (ആഗസ്റ്റ് 17)-ാംനു മുതൽ കൊടുങ്ങല്ലൂർ, പത്തനംപുരം എന്നീ രണ്ടു താലൂക്കുകളിലും മദ്യനിരോധനം നടപ്പിലാക്കിയിരിക്കുന്നു. ഇതുമൂലം, ഗവൺമെൻറിലേക്കുള്ള ആദായത്തിൽ 5 ലക്ഷം ക. കുറവുവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

—തിരു-കൊച്ചി ഗവൺമെൻറ് പുതുതായി ഏർപ്പെടുത്തിട്ടുള്ള ഡെപ്യൂട്ടി വിദ്യാഭ്യാസഡയറക്ടറുടെ തസ്തികയിലേക്ക് സ്കൂൾ ഡിവിഷൻ ഇൻസ്പെക്ടർ മി. എം. കെ. രാമനെ നിയമിച്ചിരിക്കുന്നു.

—ആഗസ്റ്റ് 20-ാംനു മുതൽ നടപ്പിലാക്കിയിരിക്കുന്ന പുതിയ റേഷൻതോതനുസരിച്ച് ഒരാൾക്ക് ആഴ്ചയിൽ 5 തിരുവിതാംകൂർനാഴിയോ 5½ കൊച്ചിനാഴിയോ അരിയും (അഥവാ അതിൻെറ ഇരട്ടി നെല്ല്) മൂന്നു നാഴി ഗോതമ്പുമായിരിക്കും. ഇതിൽ 2 നാഴി ഗോതമ്പു നിർബന്ധിതമായിരിക്കും. കാർഡുകാർക്ക് റേഷൻ മുഴുവനായോ ഭാഗികമായോ വാങ്ങാവുന്നതാണ്.

—നെയ്യാററുങ്കര നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പ് ആഗസ്റ്റ് 22-ാംനു നടന്നിരിക്കുന്നു. തിരഞ്ഞെടുപ്പുഫലം 25-ാംനു പ്രസിദ്ധപ്പെടുത്തുന്നതാണെന്നറിയുന്നു. നെടുമങ്ങാട്ടെ ഉപതിരഞ്ഞെടുപ്പ് ആഗസ്റ്റ് 31-ാംനു നടക്കുന്നതാണ്.

—കൊച്ചിയിലെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു നിർദ്ദിഷ്ടമായ കോഴ്സ് കഴിച്ചിട്ടില്ലാത്തവരും 20 വയസ്സു കഴിഞ്ഞവരുമായ വിദ്യാർത്ഥികൾക്ക് നവംബർ ആദ്യവാരത്തിൽ തൃശ്ശൂർ സർക്കാർ ഹൈസ്കൂളിൽവച്ചു നടത്താൻ പോകുന്ന സിലക്ഷൻ പരീക്ഷയിൽ പാസാകുന്നപക്ഷം അടുത്ത മാർച്ച്മാസത്തിലെ കൊച്ചി എസ്. എസ്. എൽ. സി. പരീക്ഷയിൽ ചേരാവുന്നതാണ്.

—കൊച്ചി വിഭാഗത്തിൽ മൂന്നുകൊല്ലം മുമ്പ് ഏർപ്പെടുത്തിയ വില്ലേജുകോടതികളുടെ കാലാവധി ഈ മാസത്തിൽ അവസാനിക്കേണ്ടതാണെങ്കിലും 1951 മാർച്ചുവരെ നീട്ടിയിരിക്കുന്നു.

## ഇന്ത്യാവാർത്തകൾ

ഭക്ഷ്യവിഷയത്തിൽ കമ്മിപ്രദേശങ്ങളായ തിരു-കൊച്ചി, മദ്രാസ്, മൈസൂർ, ഹൈദ്രബാദ് എന്നീ നാലു സംസ്ഥാനങ്ങൾ ഉൾപ്പെടുത്തി ഒരു ദക്ഷിണേന്ത്യാ ഭക്ഷ്യാലോചനബോർഡു രൂപീകരിച്ച് ഈ സംസ്ഥാനങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിനു് ഇന്ത്യാഗവൺമെൻറ് നിർദ്ദേശം നൽകിയിരിക്കുന്നു.

—വിദേശങ്ങളിലേക്ക് പണം അയക്കുന്നതിന് റിസർവ്വ് ബാങ്കിൻെറ അനുമതി ആവശ്യമാണെന്ന് ധനകാര്യവകുപ്പിൻെറ ഒരു കമ്മ്യൂണിക്കെയിൽ പറഞ്ഞിരിക്കുന്നു.

—അടുത്ത ജൂൺ 30-ാംനു-കുമുമ്പായി 170,000 ടൺ ബർമ്മാ അരി ഇന്ത്യാഗവൺമെൻറു വാങ്ങുന്നതാണെന്നു കൃഷികാര്യമന്ത്രി അറിയിച്ചിരിക്കുന്നു.

—കഴിഞ്ഞ രണ്ടാഴ്ചയായി ബോംബെയിലെ ടെക്സ്റ്റൈൽ തൊഴിലാളികളിൽ 90 ശതമാനവും പണിമുടക്കിലേർപ്പെട്ടിരിക്കയാണ്. അവിടെയുള്ള 62 ടെക്സ്റ്റൈൽ മില്ലുകളിൽ 59-നേയും പണിമുടക്കു ബാധിച്ചിട്ടുണ്ട്.

## വിദേശവാർത്തകൾ

കത്തോലിക്കർമാത്രം അംഗങ്ങളായുള്ള ഒരു പുതിയ മന്ത്രിസഭ ബെൽജിയത്തിൽ രൂപം പ്രാപിച്ചിരിക്കുന്നു. സെനറർ ജോസഫ് പോളിയൻ അവർകളാണു് പ്രധാനമന്ത്രി.

—ഗ്രീക്കുഗവൺമെൻറ് ആഗസ്റ്റ് 18-ാംനു രാജിവച്ചിരിക്കുന്നതായി പ്രധാനമന്ത്രി നിക്കൊളാസ് പ്ളാസ്റ്റിറാസ് പ്രഖ്യാപിച്ചിരിക്കുന്നു.

—കഴിഞ്ഞയാഴ്ചയിൽ ദക്ഷിണകൊറിയക്ക് ടെയ്ഗൂനഗരം നഷ്ടപ്പെട്ടതിനാൽ അവരുടെ ആസ്ഥാനം പൂസാനിലേക്കു മാററിസ്ഥാപിക്കേണ്ടതായി വന്നു. എങ്കിലും പിന്നീടു എത്തിച്ചേർന്ന ഐക്യരാഷ്ട്രസേനാവിഭാഗങ്ങൾ എല്ലാ രംഗങ്ങളിലും വിജയകരമായ പ്രത്യാക്രമണങ്ങൾ നടത്തിവരുന്നു. കൊറിയൻ സമരരംഗത്തേക്കു ഉടനടി ഒരു സേനാവിഭാഗത്തെ അയക്കുവാൻ ബ്രിട്ടൻ തീരുമാനിച്ചിരിക്കുന്നു.

## പാക്കിസ്ഥാനിലെ
### ഡെലിഗററ് അപ്പസ്തോലിക്ക

മോസ്റ്റ് റവ. ലോറൻസ് ഗ്രാനർ തിരുമേനിയെ ഡക്കാ ആർച്ചുബിഷപ്പായി തിരുസിംഹാസനത്തിൽനിന്നും ഉയർത്തിയിരിക്കുന്നു. ഡക്കാരൂപതയെ അതിരൂപതയാക്കിയതുകൂടാതെ ചിററഗോംഗിലും ദിനാജ്പൂരിലും സാമന്തരൂപതകളുണ്ടായിരിക്കുന്നതാണ്. മോസ്റ്റ് റവ. അൽസുയിൻവാൻ മിൽററർ ബർഗ് തിരുമേനിയെ കറാച്ചി ആർച്ചുബിഷപ്പായും പാക്കിസ്ഥാനിലെ ഡലിഗാററ് അപ്പസ്തോലിക്കാ ആയും പരിശുദ്ധപിതാവു നിയമിച്ചിരിക്കുന്നു.

---

### ഒരു കത്തോലിക്കനായിരുന്നു
(5-ാം പേജ് തുടർച്ച)

...രാൾ കിടക്കുന്നു. അച്ചൻ വേഗം അങ്ങോട്ടു ഒന്നു വരണം." ഫാദർ മാർട്ടിൻ ഉടൻ പുറത്തിറങ്ങി. ഞങ്ങൾ മൂവരും കൂടി നടന്നു.

അവിടെയെല്ലാം നിശ്ശബ്ദം. എങ്കിലും ഒരു മുറിയിൽ വൈദ്യുതദീപങ്ങൾ പ്രകാശിച്ചിരുന്നു. ഞങ്ങൾ അങ്ങോട്ടാണു പോയതു്. 17-ാം നമ്പറിൻെറ അടുത്തു കിടക്കുന്ന രോഗി. ഒരു കാറപകടത്തിൽപെട്ടു ദേഹം മുഴുവനും ഒടിഞ്ഞു നുറുങ്ങിയിരിക്കയാണ്. അതിതീവ്രമായ വേദന അനുഭവിക്കുന്നു അയാൾ. ഫാദർ മാർട്ടിനെ കണ്ടയുടൻ അയാളുടെ മുഖം വികസിച്ചു. സന്തോഷത്തിൻെറ കണ്ണുനീർ അയാളുടെ കവിൾത്തടങ്ങളിലൂടെ ഒഴുകി. അയാൾ പറഞ്ഞു: "ഈശോയ്ക്കു സ്തുതിയുണ്ടായിരിക്കട്ടെ അച്ചാ. അച്ചൻ ഇവിടെ വന്നെത്തുന്നതുവരെ എൻെറ ആയുസ്സിനെ ദീർഘിപ്പിക്കണമേ എന്നു ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. ഇപ്പോൾ എനിക്കു സന്തോഷമായി. ഇനി എപ്പോൾ മരിച്ചാലും എനിക്കു സങ്കടമില്ല." ഒരുത്തമകത്തോലിക്കൻ മരണത്തെ എത്ര പ്രശാന്തനായി അഭിമുഖീകരിക്കുന്നു എന്നു ഞാൻ കണ്ടു. വൈദികനും അന്ത്യലേപനവും അയാൾക്കു നൽകുന്ന ആശ്വാസം എത്ര അഭികാമ്യം! ഫാദർ മാർട്ടിൻ അയാളുടെ കുമ്പസാരം കേട്ടു. ദിവ്യകാരുണ്യ ഈശോയെ അയാൾ സ്വീകരിച്ചു. അന്ത്യലേപനവും പിന്നീടു്. അന്ത്യയാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ അയാൾ പൂർത്തിയാക്കി. ഒരു കുരിശുരൂപം ചുംബിച്ചുകൊണ്ടു് ഒരു പൈതലിനെപ്പോലെ അയാൾ അവിടെ കിടന്നു, തൻെറ കളിത്തോഴനെ പ്രതീക്ഷിക്കുന്ന രീതിയിൽ. വേദനകൾക്കിടയിൽ അയാൾ വിളിച്ചുപറയും "എൻെറ ഈശോയെ സകലവും അങ്ങേ സ്നേഹത്തെപ്രതി." അരമണിക്കൂർ കഴിഞ്ഞപ്പോൾ അയാളുടെ അന്ത്യംവന്നു. സമാധാനത്തിൽ അയാൾ നിശ്ചലനായി.

ആ രംഗം അത്യുൽകണ്ഠയോടുകൂടി വീക്ഷിച്ചുകൊണ്ടിരുന്ന രണ്ടു കണ്ണുകൾ അവിടെ അടുത്തുണ്ടായിരുന്നു—മി. ചാറത്സ്. ഏതോ വികാരം അയാളുടെ ഹൃദയത്തെ കവർന്നുകളഞ്ഞു. വല്ലാതെ ദയനീയമായി മാർട്ടിൻെറ നേരെ നോക്കി അയാൾ. അദ്ദേഹം അയാളുടെ കട്ടിലിനടുക്കലേക്കു നീങ്ങി "ഇതാ കർത്താവു വീണ്ടും താങ്കളുടെ അടുക്കലേക്കു വന്നിരിക്കുന്നു. ഇത്തവണയും അദ്ദേഹത്തെ ഓടിച്ചുവിടുവാൻ വിചാരിക്കുന്നോ?" മധുരപൂർണ്ണമായ ആ ചോദ്യത്തിൻെറ ഭാരം താങ്ങുവാൻ ചാറത്സിൻെറ ഹൃദയത്തിനു ത്രാണിയുണ്ടായില്ല. അയാളുടെ കണ്ണുകളിൽനിന്നും കണ്ണുനീർ ധാരധാരയായി പ്രവഹിച്ചു. വരണ്ട കണ്ണുകളോടുകൂടി ആ രംഗം നോക്കിനിൽക്കുവാൻ ഞങ്ങൾക്കും കഴിഞ്ഞില്ല. അയാളുടെ സ്വരം ദൃഢമായിരുന്നില്ല ദുഃഖത്തിൻെറ ആധിക്യത്താൽ. ഓരോ വാക്കിനും ഓരോ വിനാഴിക വിരാമമിട്ടു അയാൾ ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു: "എന്നോടു ക്ഷമിക്കണമേ അച്ചാ; ദൈവവും എന്നോടു പൊറുക്കട്ടെ."

വി. ലൂക്കായുടെ സുവിശേഷം ഞാൻ പലവട്ടം വായിച്ചിട്ടുണ്ട്. 15-ാം അദ്ധ്യായം 7-ാംവാക്യത്തിലൂടെ ഞാൻ പലതവണ കടന്നുപോയിട്ടുണ്ട്. എങ്കിലും അന്നാണു ചുഴിഞ്ഞിറങ്ങിയതു് ആ വാക്യം എൻെറ ഹൃദയത്തിൽ. ദിവ്യരക്ഷകൻ പറയുന്നു: "ഇപ്രകാരംതന്നെ, മനസ്തപിക്കുന്ന ഒരു പാപിയെക്കുറിച്ച്, മനസ്താപത്തിൻെറ ആവശ്യമില്ലാത്ത തൊണ്ണൂററൊൻപതു നീതിമാന്മാരെക്കാൾ, കൂടുതൽ ആനന്ദം സ്വർഗ്ഗത്തിലുണ്ടാകുമെന്നു നിങ്ങളോടു ഞാൻ പറയുന്നു." സിസ്റ്റർ അസൂന്തായുടെയും ഫാദർ മാർട്ടിൻെറയും സന്തോഷം അപ്പോൾ കാണേണ്ടതുതന്നെയായിരുന്നു. അദ്ദേഹം ചാറത്സിൻെറ കുമ്പസാരം കേട്ടു് അന്ത്യകൂദാശകൾ നൽകി. പിതാവിൻെറ വീട്ടിലേക്കു പിന്തിരിഞ്ഞുവന്ന ഒരു ധൂർത്തപുത്രൻെറ മനസ്ഥിതിയാണു് അപ്പോൾ അയാൾക്കുണ്ടായിരുന്നതു്. ഒരു പുതിയ ആനന്ദം അയാൾക്കനുഭവപ്പെട്ടു. പിറേറദിവസം ചാറത്സ് നിത്യതയിലേക്കു യാത്രയായി.

രണ്ടു മരണങ്ങൾക്കും ദൃക്സാക്ഷിയായിരുന്ന ഒരു പ്രൊട്ടസ്റ്റൻറുകാരൻ എന്നോടു പറഞ്ഞു: "മരിക്കാൻ നല്ലതു് കത്തോലിക്കാമതമാണെന്നു് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു." "അതല്ലാ, ഉത്തമനായി ജീവിക്കുവാനും നല്ലതു കത്തോലിക്കാസഭയാണു്"—എൻെറ മറുപടി.

## ഇടവകവാർത്തകൾ

വരാപ്പുഴ അതിരൂപതാ കത്തോലിക്കാ സംഘത്തിൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കാത്തലിക് സമ്മർസ്കൂൾ മത്സരപ്പരീക്ഷയിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും ഡിപ്ലോമകളും ആഗസ്റ്റ് 15-ാംനു മൊററ് റവ. മോൺ. ഫ്രാൻസിസ് ഫിഗരെദൊ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് പ്രദാനം ചെയ്തിരിക്കുന്നു. ആവസരത്തിൽ റവ. ഫാ. തോമസ് നെടുങ്കല്ലേൽ എം. എ, പ്രൊഫസർ പി. ടി. തോമസ് എം. എ എന്നിവർ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി.

—കറുകററി: ഉത്തരായജൂബിലി പ്രമാണിച്ച് ആഗസ്റ്റ് 6-ാംനു റവ. ഫാ. പോൾ എളങ്കുന്നപ്പുഴ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും റവ. ഫാ. സെബാസ്റ്റ്യൻ ടി ഒ സി ഡി പ്രസംഗിക്കുകയും ചെയ്തു.

—ചാത്തമ്മ എം. പി എസ്. കാത്തലിക്കാ യുവജനസംഘത്തിൻെറ ദ്വിതീയവാർഷികം ആഗസ്റ്റ് 27-ാംനു റവ. ഫാ. തിയോഡിഷ്യസ് എം എ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതാണ്.

—മരങ്ങാട്ടുപിള്ളി ചെറുപുഷ്പമിഷൻ ലീഗിൻെറ ഒരു പൊതുയോഗം ആഗസ്റ്റ് 13-ാംനു ഡിറക്ടർ റവ. ഫാ. ജോസഫ് മ്യാലിൽപറമ്പിലിൻെറ അദ്ധ്യക്ഷതയിൽ കൂടി അടുത്തകൊല്ലത്തേക്കുള്ള ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തിരിക്കുന്നു. പ്രസിഡണ്ട്: ബ്രദർ കുര്യൻ പ്ലാത്തോട്ടു; ജനറൽ സെക്രട്ടറി: ബ്രദർ ഇ. സി. ജോസഫ്; ഫൊറോനാ കൗൺസിൽ പ്രതിനിധികൾ: ബ്രദേഴ്സ് എം. എ. ചാണ്ടി, സി. ജോസഫ്, പി. സി. എബ്രാഹം.

(സ്ഥലച്ചുരുക്കത്താൽ ശേഷം ഇടവകവാർത്തകൾ അടുത്ത ലക്കത്തിലേക്കു മാററിവച്ചിരിക്കുന്നു.)

## ചരമം


തോട്ടയ്ക്കാട്ടു പടിഞ്ഞാറേ വാടയിൽ കൊച്ചുകുഞ്ഞു വറുഗീസ് 80-ാമത്തെ വയസ്സിൽ ആഗസ്റ്റ് 8-ാംനു നിര്യാതനായിരിക്കുന്നു. R. I. P.

## മെത്രാന്മാരുടെ സംയുക്തപ്രസ്താവന

സർക്കാർവകയല്ലാത്ത സെക്കണ്ടറിസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും ഉദ്യോഗവ്യവസ്ഥകളും സംബന്ധിച്ച് തിരു-കൊച്ചി ഗവൺമെൻറിൽനിന്നു അവതരിപ്പിച്ചിട്ടുള്ള പദ്ധതിയെപ്പററി ആഗസ്റ്റ് 20-ാംനു എറണാകുളത്തുവച്ചുകൂടിയ കേരളകത്തോലിക്കാ ബിഷപ്സ് കോൺഫറൻസ് പര്യാലോചിക്കുകയും തൽസംബന്ധമായി ഒരു സംയുക്തപ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു. അദ്ധ്യാപകന്മാരുടെ ശമ്പളനിരക്കു വർദ്ധിപ്പിച്ചുകൊണ്ടു് അവരുടെ അവശതകൾ പരിഹരിക്കേണ്ടതാണെന്നും, അധികച്ചെലവു വരുന്ന സംഖ്യ ഗവൺമെൻറു വഹിക്കേണ്ടതാണെന്നും, വിദ്യാലയങ്ങളിലെ അധികച്ചെലവു ഗവൺമെൻറു വഹിക്കുവാൻ വിസമ്മതിക്കുകയോ സ്കൂൾഫീസു സർക്കാരിൽ അടയ്ക്കണമെന്നു ശഠിക്കുകയോ ചെയ്യുന്നെങ്കിൽ അതു മൗലികാവകാശങ്ങളുടെ ലംഘനവും ക്രൈസ്തവവിദ്യാലയങ്ങളിന്മേൽ ക്രൈസ്തവർക്കുള്ള അവകാശത്തിൻെറ നിഷേധവുമായിരിക്കുമെന്നും, അദ്ധ്യാപകന്മാരെയും ഹെഡ്മാസ്റ്ററെയും നിയമിക്കുവാൻ മാനേജർക്കു പൂർണ്ണാധികാരമുണ്ടായിരിക്കണമെന്നും ചൂണ്ടിക്കാണിക്കുകയും, മേൽപ്പറഞ്ഞ തത്വങ്ങൾക്കനുസൃതമായ വ്യവസ്ഥകൾ ഗവൺമെൻറ ഏർപ്പെടുത്തുമെന്നു പ്രത്യാശിക്കുകയും, ഗവൺമെൻറുമായി കൂടിയാലോചിച്ചു പ്രായോഗികമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു് കത്തോലിക്കാ മാനേജർമാരുടെ സംഘടനയെ ഉപദേശിക്കുകയും ചെയ്തുകൊണ്ടു് പ്രസ്താവന ഉപസംഹരിച്ചിരിക്കുന്നു.

വല്ലാർപാടത്തമ്മയുടെ സഹായത്താൽ എൻെറ മകൾക്കു ജോലി കിട്ടിയതിനു കൃതജ്ഞത

മിസിസ് ജോസഫ്




തോമസ്: "ഇപ്പോൾ എട്ടാംമ്പതുമണി രാത്രിയായല്ലോ നീ വീട്ടിൽചെല്ലുമ്പോഴേക്കും അത്താഴമെല്ലാം കഴിഞ്ഞിരിക്കയില്ലേ?"

സ്നേഹിതൻ: "അതൊന്നും പേടിക്കാനില്ല. റേഷൻ ടിക്കററു് എൻെറ കൈയിലാണ്."

* * *

പ്രൊഫസർ: "തോമസ്, ഇന്നെന്താ ഇത്ര താമസിച്ചതു്?"

വിദ്യാർത്ഥി: "ഞാനിന്നു ഉറങ്ങി എഴുന്നേററപ്പോൾ കുറച്ചു താമസിച്ചുപോയി സാർ."

പ്രൊഫസർ: "അപ്പോൾ താൻ വീട്ടിൽവച്ചു ഉറങ്ങാറുണ്ടോ?"

* * *

വൃദ്ധനായ വിറകുവെട്ടുകാരൻ: "എൻെറ ഈ കോടാലിയാണു ഈ നാട്ടിലുള്ളതിൽവച്ച് ഏററവും പഴക്കമുള്ള കോടാലി. ഞാനിതു ഉപയോഗിച്ചുതുടങ്ങിയിട്ടു് ഒരു നാല്പതു കൊല്ലമായിക്കാണും."

കൂട്ടുകാരൻ: "ഒരു കോടാലികൊണ്ടു് ഇത്ര കൊല്ലം കഴിച്ചതു അത്ഭുതമാണല്ലോ."

വിറകുവെട്ടുകാരൻ: "പിന്നെപ്പറയാനുണ്ടോ! ഇതിനിടയ്ക്കു ഏഴുപ്രാവശ്യം ഇതിൻെറ പിടിയും അഞ്ചുപ്രാവശ്യം ഇരുമ്പു മാറി! എന്നിട്ടിപ്പഴും ഇതിനോടുപറയുന്ന ഒരു കോടാലി ഈ നാട്ടിലില്ല."

* * *

സന്ദർശകൻ: "നിങ്ങൾക്കു വളരെയധികം നല്ല പുസ്തകങ്ങളുണ്ടല്ലോ. ഇവ വയ്ക്കാൻ ഒരലമാര കൂടി വേണം."

പണ്ഡിതമ്മന്യൻ: "ശരിയാണ്, പക്ഷെ അലമാരകൂടി കടം വാങ്ങിച്ചുവയ്ക്കാൻ എനിക്കു ധൈര്യം വരുന്നില്ല."

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# ത്യാഗകൃത്യങ്ങൾ

പ്രിയ കുഞ്ഞുങ്ങളേ,

സമിതിയംഗങ്ങളുടെ പ്രധാനമായ ചുമതലകളിൽ മറെറാന്നു ത്യാഗകൃത്യങ്ങൾ ചെയ്തു കാഴ്ചവയ്ക്കുക എന്നതാണ്. ഇതിനു "പ്രായോഗികമായ ചില മാർഗ്ഗങ്ങൾ വല്യച്ചൻ ഞങ്ങൾക്കു പറഞ്ഞുതരണ"മെന്നു നിങ്ങളിൽ, ഒരുപക്ഷേ, പലരും ആവശ്യപ്പെട്ടേക്കാം. ഫാത്തിമായിലെ കുട്ടികൾക്കു മാതാവു പറഞ്ഞുകൊടുത്തതും, അവർ സ്വയമേ കണ്ടുപിടിച്ചവയുമായ മാർഗ്ഗങ്ങളെക്കുറിച്ച് ആദ്യമേ പ്രതിപാദിക്കാം. അതിനുശേഷം നിങ്ങളുടെ അനുദിനജീവിതത്തിൽ നിങ്ങൾക്കു ചെയ്യാവുന്ന വേറെ ചില ത്യാഗകൃത്യങ്ങളെക്കുറിച്ചും പറയാം.

മാതാവു ഫാത്തിമായിലെ കുട്ടികൾക്കു പ്രത്യക്ഷപ്പെട്ട അവസരങ്ങളിലെല്ലാം പാപികൾക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും പ്രാർത്ഥിക്കണമെന്നു പറകയുണ്ടായല്ലോ. ഇതു സംബന്ധിച്ചു തനിക്കുണ്ടായ അനുഭവത്തെക്കുറിച്ചു ലൂസി വിനയപൂർവ്വം പ്രസ്താവിക്കുന്നതു ഇപ്രകാരമാണ്: "ഭക്തിഭവിച്ച എന്റെ തീക്ഷ്ണതയെ വർദ്ധിപ്പിക്കുന്നതിനു ദൈവജനനി ഒരിക്കൽ ഇപ്രകാരം പറഞ്ഞു: "പാപികൾക്കുവേണ്ടി നിന്നെത്തന്നെ ബലിയായി അർപ്പിക്കുക. പലപ്പോഴും, പ്രത്യേകിച്ചു ത്യാഗകൃത്യങ്ങൾ ചെയ്യുമ്പോൾ, നീ ഇപ്രകാരം ചൊല്ലണം: ഓ എന്റെ ഈശോ, ഇതു നിന്നോടുള്ള സ്നേഹത്തെപ്രതിയാകുന്നു. പാപികളുടെ മാനസാന്തരത്തിനുവേണ്ടിയും, പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തോടു ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായും, ഇതു ഞാൻ കാഴ്ചവയ്ക്കുന്നു." ദൈവമാതാവിൽനിന്നും കുട്ടികൾ പഠിച്ച ഈ പാഠം അവരുടെ ബോധത്തിൽ നല്ലപോലെ പതിഞ്ഞു. അവസരം കിട്ടിയപ്പോഴെല്ലാം ത്യാഗകൃത്യങ്ങൾ ചെയ്യുന്നതിനു അതു അവരെ പ്രേരിപ്പിച്ചു. സ്വന്തം ആശകളേയും താല്പര്യങ്ങളേയും സുഖസൗകര്യങ്ങളേയും ഉപേക്ഷിക്കുന്നതിനും ബുദ്ധിമുട്ടുകളും ക്ലേശങ്ങളും കഷ്ടപ്പാടുകളും സ്വമനസ്സാ സ്വീകരിക്കുന്നതിനും അവർ ഉത്സുകരായിത്തീർന്നു. അവരുടെ ഓരോരുത്തരുടേയും അനന്തരജീവിതം ഇതിനെല്ലാം സാക്ഷിയാണ്. ഇതിനെ ഉദാഹരിക്കുന്ന ചില സംഭവങ്ങൾ മാത്രം വല്യച്ചൻ പറയാം.

മാതാവു പ്രത്യക്ഷപ്പെട്ടതിന്റെ പിറേറദിവസവും പതിവുപോലെ ആടുകളുമായി അവർ മേച്ചിൽസ്ഥലത്തെത്തി. അവിടെ ചെന്നയുടനെ ജസീന്താ ഏതോ വിചാരങ്ങളിൽ നിമഗ്നയായി ഒരു പാറയുടെ പുറത്തു സ്ഥലംപിടിച്ചു. കളിക്കുവാൻ തയ്യാറെടുത്ത ലൂസിയും ഫ്രാൻസിസും "ജസീന്താ, കളിക്കാൻ വരൂ" എന്നു പറഞ്ഞ് അവളെ ക്ഷണിച്ചു എന്നാൽ "ഇന്നു ഞാൻ കളിക്കുവാൻ വരുന്നില്ല. എന്നായിരുന്നു അവളുടെ പ്രത്യുത്തരം. "എന്തുകൊണ്ടു?" അവർ ആശ്ചര്യത്തോടെ ചോദിച്ചു. "നമ്മുടെ നാഥ നമ്മോടു പറഞ്ഞ കാര്യങ്ങളെക്കുറിച്ചു ഞാൻ ചിന്തിക്കുകയാണ്. നാം ജപമാല ജപിക്കണമെന്നും പരിത്യാഗപ്രവൃത്തികൾ ചെയ്യണമെന്നുമല്ലേ മാതാവു പറഞ്ഞിട്ടുള്ളതു? കൊന്ത എത്തിക്കുവാൻ നമുക്കറിയാം. എന്നാൽ പരിത്യാഗപ്രവൃത്തികൾ— അവ എങ്ങനെയാണു നാം ചെയ്യുക?" ഈ ചോദ്യത്തിനു സമാധാനം നൽകുവാൻ ആർക്കും കഴിയാതെ എല്ലാവരും കുറേനേരം ചിന്താമഗ്നരായി നിന്നുപോയി. പ്രായശ്ചിത്തം, പരിത്യാഗം എന്നെല്ലാം അവർ കേട്ടിട്ടുണ്ടായിരുന്നു എന്നല്ലാതെ അവ ചെയ്യേണ്ടതു എങ്ങനെ എന്നു അവർക്കു അറിഞ്ഞുകൂടായിരുന്നു. ഒടുവിൽ ഫ്രാൻസിസ് ഒരു മാർഗ്ഗം കണ്ടുപിടിച്ചു. അവൻ പറഞ്ഞു: "നമ്മുടെ പൊതിക്കകത്തുള്ള ഭക്ഷണസാധനങ്ങൾ ആടുകൾക്കു കൊടുത്തുകളയാം. എന്താ, ഇതൊരു നല്ല ത്യാഗമല്ലേ?" രാവിലെ ഏതാണ്ടു പത്തുമണി മുതൽ ഉച്ചകഴിഞ്ഞു സന്ധ്യാസമയംവരെ ആടുകളുടെ പുറകെ ഓടിനടന്നു ക്ഷീണിച്ചിരുന്ന ആ കുഞ്ഞുങ്ങൾക്കു അവരുടെ ക്ഷീണം അല്പമൊന്നു തീർക്കുവാൻവേണ്ടി അവർ കൊണ്ടുവന്നിരുന്ന ലഘുഭക്ഷണമായിരുന്നു അതു. ഫ്രാൻസിസിന്റെ അഭിപ്രായത്തോടു എല്ലാവരും യോജിച്ചു. ഫ്രാൻസിസ് അവൻ കണ്ടുപിടിച്ചമാർഗ്ഗം പറഞ്ഞുതീർന്നതും ജസീന്ത പൊതി അഴിച്ചു ആടുകളുടെ മുൻപിൽ ഇട്ടുകൊടുത്തതും ഒരുമിച്ചുകഴിഞ്ഞു. അടുത്ത ദിവസവും അവരുടെ ഈ പരിത്യാഗം അവർ ആവർത്തിച്ചു. എന്നാൽ ഇത്തവണ അവർ അവരുടെ ലഘുഭക്ഷണം ആടുകൾക്കല്ല കൊടുത്തതു, വഴിയിൽക്കൂടി ഭക്ഷണം ലഭിക്കാതെ അലഞ്ഞുതിരിഞ്ഞു കഷ്ടപ്പെട്ടുനടന്ന രണ്ടു കുട്ടികൾക്കാണ്. മൂന്നാംദിവസവും തുടർന്നുള്ള എല്ലാ ദിവസവും അവരുടെ ഈ ത്യാഗം അവർ മുടക്കാതെ ആവർത്തിച്ചുപോന്നു. ഭക്ഷണം ഉപേക്ഷിച്ചുകഴിഞ്ഞാൽ ഒന്നു രണ്ടു മണിക്കൂറുസമയത്തേക്കു ഇപ്രകാരമൊരു ത്യാഗം പാപികൾക്കുവേണ്ടി ചെയ്യുവാൻ സാധിച്ചതിലുള്ള ചാരിതാർത്ഥ്യം അവരെ സന്തോഷിപ്പിച്ചിരുന്നു. എങ്കിലും വിശപ്പുകൊണ്ടു അവരുടെ ദേഹം പലപ്പോഴും തളർന്നുപോയിരുന്നു. അതുകൊണ്ടു ക്ഷീണം തീർക്കുന്നതിനു കാട്ടുപേരകളും കൊട്ടിരങ്ങളും മററും അന്വേഷിച്ചു പുറപ്പെടുവാൻ അവർ നിർബന്ധിതരായി. പക്ഷെ പലപ്പോഴും അവരുടെ വിശപ്പടക്കാൻ മാത്രം ഫലമൂലാദികൾ സമ്പാദിക്കുന്നതിനു അവർക്കു കഴിഞ്ഞിരുന്നില്ല. ഈ അവസരങ്ങളിൽ അവർക്കു സഹിക്കേണ്ടിവന്ന ക്ലേശങ്ങളും ക്ഷീണവുമെല്ലാം മാതാവിന്റെ നിർദ്ദേശപ്രകാരം ഈശോയോടുള്ള സ്നേഹത്തെപ്രതിയും പാപികളുടെ മാനസാന്തരത്തിനുവേണ്ടിയും അവർ കാഴ്ചവച്ചു.

പ്രിയകുഞ്ഞുങ്ങളേ, ഫാത്തിമാബാലകരുടെ ഈ ത്യാഗപ്രവൃത്തി നിങ്ങളെ അത്ഭുതപ്പെടുത്തുന്നുണ്ടാവാം. എന്നാൽ അത്ഭുതപ്പെട്ടതുകൊണ്ടു മാത്രമായില്ല; അവരെ അനുകരിക്കുവാനും ശ്രമിക്കണം. നിങ്ങളുടെ ഉച്ചഭക്ഷണമോ മറേറതെങ്കിലും ഭക്ഷണമോ മുഴുവനായി നിങ്ങൾ ഉപേക്ഷിക്കണമെന്നല്ല വല്യച്ചൻ പറയുന്നതു. ഭക്ഷണം കൃത്യസമയത്തു കഴിക്കുവാൻ, അല്ലെങ്കിൽ വിശപ്പുണ്ടാകുന്ന ഉടനെ കഴിക്കുവാൻ പലപ്പോഴും സാധിച്ചില്ല എന്നുവരാം. കറി അഥവാ പലഹാരങ്ങൾ നിങ്ങളുടെ ഇഷ്ടംപോലെ രുചികരമായില്ല എന്നുവരാം. മാത്രമല്ല അവ നിങ്ങളുടെ ആഗ്രഹംപോലെ എല്ലായ്പോഴും ലഭിച്ചില്ല എന്നുംവരാം. ഒരു ദിവസത്തിൽതന്നെ ഈ വിധ അനുഭവങ്ങൾ പല പ്രാവശ്യം നിങ്ങൾക്കുണ്ടാകാം. അവയെല്ലാം നല്ലമനസ്സോടുകൂടി സഹിച്ചു ഫാത്തിമാബാലകർ ചെയ്തതുപോലെ ബലിയായി ദൈവത്തിനു സമർപ്പിക്കുന്നതിനു എന്താണു പ്രയാസം? ഭക്ഷണമില്ലാതെ കഷ്ടപ്പെടുന്ന നിങ്ങളുടെ കൂട്ടുകാർക്കു അല്ലെങ്കിൽ സാധുക്കൾക്കു നിങ്ങളുടെ ഭക്ഷണത്തിന്റെ ഒരംശമെങ്കിലും കൊടുക്കുന്നതു വലിയ ഒരു ത്യാഗപ്രവൃത്തിയാണ്. അവസരം ഉണ്ടാകുമ്പോൾ അങ്ങനെയും ചെയ്യുന്നതിനു നിങ്ങൾ സന്നദ്ധരാകണം.


## അനുഭവസാക്ഷ്യം No. 59.

My Dear Ouseph Vaidyar,

എനിക്കു തലവേദന, ശ്വാസ്ട്രബ്ൾ, അഗ്നിമാന്ദ്യം, വയറുവേദന, ശോധനക്കുറവു്, നേരിയ പനി, കഫക്കെട്ടു് തുടങ്ങിയ രോഗലക്ഷണങ്ങൾ തുടങ്ങിയിട്ടു് ഏതാണ്ടു് മൂന്നു കൊല്ലത്തോളമായി. ഇതിനു പലവിധത്തിലുള്ള ചികിത്സകൾ ചെയ്തിട്ടും ഭേദമില്ലാതിരിക്കുമ്പോഴാണു് നിങ്ങളുടെ **നിംബാസവം, ദ്രാക്ഷാഘ്റതം, ശാരിബാതൈലം** എന്നി മൂന്നു ഔഷധങ്ങളും ഉപയോഗിക്കുവാൻ തുടങ്ങിയതു്.

രണ്ടുമാസം പ്രസ്തുത ഔഷധങ്ങൾ ഉപയോഗിച്ചതിന്റെ ഫലമായി എന്റെ രോഗലക്ഷണങ്ങൾ നിശ്ശേഷം മാറിയിരിക്കുന്നു എന്നു നിങ്ങളെ അറിയിക്കുന്നതിൽ എനിക്കു അനല്പമായ സന്തോഷമുണ്ടു്.

G. KUTTAN PILLAI (Sd)

ANCHAL 21—4—'50 | Karothu Puthen Veedu, Aeram Anchal A. O. Via, PUNALUR—TRAVANCORE.

തലവേദന, ശ്വാസ്ട്രബ്ൾ, ശോധനക്കുറവു്, നേരിയ പനി തുടങ്ങിയ ലക്ഷണങ്ങൾ ആരംഭിക്കുന്നതു് പഞ്ചഭൂതാത്മകമായ മനുഷ്യശരീരത്തിലെ സൗമ്യാംശം ക്ഷയിക്കു (ആഗ്നേയാംശം വർദ്ധിക്കു)ന്നതുകൊണ്ടാകുന്നു. ഈ ഘട്ടത്തിൽ നിംബാസവം, ദ്രാക്ഷാഘ്റതം, ശാരിബാതൈലം എന്നി ഔഷധങ്ങൾ ഉപയോഗിക്കുമ്പോൾ ദേഹത്തിലെ പഞ്ചഭൂതാംശങ്ങൾക്കു സാമ്യതവരുന്നതുകൊണ്ടാണു് ആരോഗ്യം സിദ്ധിക്കുന്നതു്. വിവിധങ്ങളായ അനേകം രോഗങ്ങളെ ഈ ഔഷധങ്ങൾ സുഖപ്പെടുത്തിക്കൊണ്ടിരിക്കുന്നതിന്റെ രഹസ്യം മറെറാന്നുമല്ല. ദേഹത്തിൽനിന്നു ക്ഷയിച്ചുപോയ പ്രകൃതിശക്തിയെ വർദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രമാകുന്നു

ഔഷധങ്ങളുടെ വില തുടങ്ങിയ കൂടുതൽ വിവരങ്ങൾക്കു ഈ ആഗസ്റ്റ് 9-ം 16-ം തിയതികളിലെ സത്യദീപത്തിൽ 5-ം 14-ം പേജുകൾ നോക്കുക.

Pro: കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യൻ,

കാളൻ ആയുർവ്വേദിക്കു് ഫാർമസി

(റെയിൽവെസ്റ്റേഷനു സമീപം) നെല്ലായി P. O.

We have the pleasure to inform the public that our Telegraphic Address has been registered as

"KALAN", TRICHUR

KALAN AYURVEDIC PHARMACY, NELLAYI P. O.


## കത്തിനു മറുപടി

മേരി, ഏലിക്കുട്ടി, വാഴക്കുളം

"പ്രിയ വല്യച്ചാ,... ഫാത്തിമാമാതാവിന്റെ രൂപം ഞങ്ങളുടെ നാട്ടിൽ വന്നുപോയതിന്റെ ശേഷം ഞങ്ങൾ വീട്ടിൽ ചൊല്ലുന്ന കൊന്ത കൂടാതെ ദിവസവും ഒരു മുഴുവൻ കൊന്ത ചൊല്ലുന്നുണ്ടു. വീട്ടിൽനിന്നു സ്കൂളിലേക്കു രണ്ടു ഫർലോംഗു് ദൂരമുണ്ടു. സ്കൂളിലേക്കു പോകുമ്പോഴും തിരിച്ചുവരുമ്പോഴും, പിന്നെ സ്കൂളിൽവച്ചു സമയം കിട്ടുമ്പോഴും ഞങ്ങൾ കൊന്ത ചൊല്ലിവരുന്നു. കൂടാതെ ദിവസംതോറും 10 ത്യാഗപ്രവൃത്തികൾ ചെയ്കയും 200 സുകൃതജപങ്ങൾ ചൊല്ലുകയും ചെയ്യുന്നുണ്ടു...പുണ്യവതികൾ ആകാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്."

പ്രിയമക്കളേ, വലിയ സന്തോഷത്തോടെയാണു വല്യച്ചൻ നിങ്ങളുടെ ഈ കത്തു വായിച്ചതു. വാഴക്കുളത്തേ വേറെയും ചില കുട്ടികളും ഇപ്രകാരം വീട്ടിൽ ചൊല്ലുന്ന കൊന്തകൂടാതെ ഓരോ കൊന്തകൂടി ചൊല്ലുന്നുണ്ടെന്നു അവരുടെ എഴുത്തുകളിൽനിന്നു മനസ്സിലാക്കുന്നു. ഫാത്തിമാബാലസമിതിയംഗങ്ങളെല്ലാം വിശേഷാലൊരു കൊന്ത ചൊല്ലണമെന്നു നിർബന്ധമില്ല. എന്നുവരികിലും അങ്ങനെ ചെയ്യുന്നതു വളരെ നന്നായിരിക്കും. സ്കൂളിൽപോകുകയും വരുകയും മററും ചെയ്യുമ്പോൾ വെറുതെ വർത്തമാനം പറഞ്ഞു സമയം കളയാതെ മിതമായ സ്വരത്തിൽ ജപമാലയോ മറേറാ ചൊല്ലിക്കൊണ്ടുപോകയാണെങ്കിൽ അതെത്രയോ നന്നായിരിക്കും. മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ സമിതിയംഗങ്ങൾ ത്യാഗകൃത്യങ്ങൾ ചെയ്യുവാനും ഉത്സാഹിക്കുവിൻ.

### പ്രാർത്ഥനാനിയോഗങ്ങൾ

ബാലസമിതിയംഗങ്ങളിൽ രണ്ടുപേർ മരിച്ചുപോയതായറിഞ്ഞു ഖേദിക്കുന്നു. ഒന്നു, പ്രവിത്താനം ഹൈസ്കൂളിലെ ഒ

ാ വിദ്യാർത്ഥിയായിരുന്ന വി. സി. ജോസഫാണ്. ഇ. എസ്. എൽ. സി. പരീക്ഷ പാസായശേഷം പാലാ കോളെജിൽ ചേരാൻ ആലോചിച്ചുവരവേയാണ് ഈ ബാലൻ അകാലനിര്യാണം പ്രാപിച്ചതു. നമ്മിൽനിന്നു വേർപിരിഞ്ഞുപോയിരിക്കുന്ന മറെറാരു സമിതിയംഗം കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് മിഡിൽസ്കൂളിൽ പഠിച്ചിരുന്ന പയസ് ഫിലിപ്പ്സ് ആയില്ലുക്കുന്നേൽ അവർകളാണ്. രണ്ടുപേരേയും വല്യച്ചൻ കുർബാനയിൽ പ്രത്യേകം സ്മരിക്കുന്നതാണ്. സമിതിയംഗങ്ങളെല്ലാവരും അവർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ. വിശിഷ്യ, അടുത്ത ബുധനാഴ്ച ചൊല്ലുന്ന കൊന്ത എല്ലാവരും അവർക്കുവേണ്ടി കാഴ്ചവയ്ക്കണം. പരേതരുടെ കുടുംബാംഗങ്ങളോടുള്ള അനുശോചനവും രേഖപ്പെടുത്തിക്കൊള്ളട്ടെ.

R. I. P.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

ഐക്യരാഷ്ട്രസംഘടനയുടെ കീഴിലുള്ള ജനറൽ അസംബ്ളിയുടെ സ്വഭാവം വിശദമാക്കുക.

ഉത്തരം

ഇതൊരു ലോകപാർലമെന്റാണെന്നു പറയാം. ഐക്യരാഷ്ട്രസംഘടന (യു.എൻ.ഒ.)യിൽ അംഗത്വം സ്വീകരിച്ചിട്ടുള്ള എല്ലാ രാജ്യങ്ങൾക്കും ഇതിൽ പ്രാതിനിധ്യമുണ്ടു. ഒരു രാജ്യത്തിനു 5 പ്രതിനിധികളെ വിതമയക്കാം. എങ്കിലും ഒരു വോട്ടേയുള്ളു. ഈ അസംബ്ളി കൊല്ലത്തിലൊരിക്കൽ സെപ്തംബറിൽ സമ്മേളിച്ചുവരുന്നു. പ്രധാന സംഗതികൾ തീരുമാനിക്കുന്നതിനു മൂന്നിൽ രണ്ടുഭാഗം വോട്ടു ലഭിക്കേണ്ടിയിരിക്കുന്നു. മററു സംഗതികൾ വെറും ഭൂരിപക്ഷംകൊണ്ടുമാത്രം തീരുമാനിക്കാവുന്നതാണ്.

# സാഹിത്യത്തിലൂടെ
## ജീവിതത്തിന്റെ ഇരുണ്ട വശങ്ങൾ

(ഫാദർ ജോൺ കുന്നപ്പള്ളി, വിദ്വാൻ)

(തുടർച്ച)

വൈദഗ്ദ്ധ്യപൂർവ്വം രചിക്കപ്പെടുന്ന ഒരു നോവലോ ചെറുകഥയോ ഖണ്ഡകാവ്യമോ വായനക്കാരിൽ ചെലുത്തുന്ന പ്രേരണാശക്തി കുറച്ചൊന്നുമല്ല. നമ്മുടെ സ്നേഹാദരങ്ങൾക്കു വിഷയമായിക്കഴിഞ്ഞ കഥാപാത്രങ്ങളിൽ കാണുന്ന വൈകല്യങ്ങൾ ക്ഷമിക്കുവാനും വിസ്മരിക്കുവാനും നാം പ്രേരിതരാകുന്നു. അവരുടെ ആദർശങ്ങൾ അധമങ്ങളും അധർമ്മ്യങ്ങളും ആയിരുന്നാലും, അവരോടുള്ള സ്നേഹാദരങ്ങൾനിമിത്തം അവയെ സാധൂകരിക്കുവാൻ നമുക്കു മടിതോന്നുകയില്ല. ഈ സാധൂകരണം ക്രമേണ അനുകരണമായും രൂപാന്തരപ്പെടുവാൻ എളുപ്പമുണ്ട്.

മഹാകവി കുമാരനാശാന്റെ "ലീല"യിലെ നായികാനായകന്മാർ രേവാനദിയിൽ ചാടി ആത്മഹത്യ ചെയ്യുന്നു. ഈ നായികാനായകന്മാരുടെ ദയനീയാവസ്ഥയിൽ അനുകമ്പാർദ്രരായ അനുവാചകർക്ക് അവരുടെ ആത്മഹത്യ സ്വാഭാവികമായ ഒരു അനന്തരകരണീയമായിട്ടല്ലേ തോന്നുക?

"ഹാ! സിക്താംഗര, തിവസുന്ദരർ, യുവ
സ്ത്രീപുംസമിഥുനം പരം,
ഭാസിക്കും, പരിവേഷമാർന്ന വദനാ-
ശ്രീപൂണ്ട, രണ്ടാളുകൾ" ആയിട്ടാണു നായികാനായകന്മാർ മരണാനന്തരം തോഴിക്കു ദർശനമരുളുന്നത്. അവൾക്കു ലഭിക്കുന്ന സാന്ത്വനമോ?

"ആരും തോഴി! ഭുവിയിൽ മറയുന്നില്ല;
മാംസം വെടിഞ്ഞാൽ
തീരുന്നില്ലിപ്രണയജടിലം
ദേഹിതൻ ദേഹബന്ധം;
പോരും ഖേദം; പ്രിയസഖി, ചിരം
വാഴ്ക മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ; വിരതഗതി-
യായില്ല സംസാരചക്രം." എന്നും.

തീർച്ചയായും ആത്മഹത്യ ഒരു നിഷിദ്ധകർമ്മമായിട്ടല്ല ഇവിടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.

ഒരു യുവകവി പ്രണയനൈരാശ്യത്താൽ ആത്മഹത്യ ചെയ്യുന്നതും ഈ ആത്മഹത്യയെ ശാശ്വതീകരിക്കുവാൻ "രമണൻ" രംഗപ്രവേശം ചെയ്തതും പ്രസിദ്ധമാണല്ലോ. "മനുഷ്യന്റെ വികാരാംശത്തെപ്പോലെതന്നെ, വിചാരാംശത്തെയും ഉജ്ജീവിപ്പിക്കുന്ന സാംസ്കാരികമായൊരു സിദ്ധൗഷധമല്ലായിരിക്കാം രമണൻ" എന്നു അവതാരികാകർത്താവു വളരെ മയത്തിൽ ഒരു താക്കീതു നല്കിയിട്ടുണ്ടെങ്കിലും, ഇന്നത്തെ യുവജനങ്ങൾ ആവേശത്തോടുകൂടെ വായിച്ചു രസിക്കുന്ന ഒരു ഖണ്ഡകാവ്യമാണിതു്. ഈ കൃതിയിൽ രമണന്റെ ആത്മഹത്യക്കുള്ള ഉത്തരവാദിത്വം സമുദായത്തിന്റെ തലയിൽ കെട്ടിവയ്ക്കുവാനും നായകന്റെ ആ സാഹസത്തെ സാധൂകരിക്കുവാനുമുള്ള ശ്രമമല്ലേ നാം കാണുന്നതു്? അല്ലെങ്കിൽ,

"നോക്കൂ ജഗത്തേ ഞെരിച്ചുഞെക്കിക്കൊന്നു,
പേക്കൂത്തിൽ നിയാക്കളുകോകിച്ചതിനെ"

എന്നു മദനനെക്കൊണ്ടു പറയിക്കുന്നതും, രമണന്റെ മൃതശരീരം ആദ്യം "മന്നിനോടൊരു ചോദ്യചിഹ്നംപോൽ സ്വയം ചമഞ്ഞതും", "അന്ത്യമൊരു ഗ്രാമമാശ്ചര്യചിഹ്നമായ്" മരവിച്ചതും എന്തിനായിട്ടാണ്?

ഗിഥേയുടെ കാവ്യം ഫ്രാൻസിലും ജർമ്മനിയിലും വരുത്തിക്കൂട്ടിയ ദുരനുഭവങ്ങൾ ചില രമണൻ പ്രവൃത്തികൾ കേരളത്തിൽ സംജാതമാകുന്നുണ്ടോ എന്നറിയണമെങ്കിൽ പ്രണയനൈരാശ്യഫലമായി ഇന്നു നടക്കുന്ന ആത്മഹത്യകളുടെ ചരിത്രം പരിശോധിക്കുകതന്നെ വേണം. എന്തായാലും ഒന്നു തീർച്ചയാണ്—റിയലിസ്റ്റിക്ക് പ്രസ്ഥാനക്കാരുടെ കൃതികളിൽ വിഷാദാത്മകത്വവും, ആത്മഹത്യയും പ്രമുഖസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ഈ കൃതികൾ ചിലപ്പോഴൊക്കെ തൽകർത്താക്കളുടെ ജീവിതത്തിന്റെ പ്രതിഫലനമാണെന്നു അനുഭവം വിളിച്ചുപറയുകയും ചെയ്യുന്നു. റിയലിസ്റ്റുകളുടെ ആരാധ്യപുരുഷനായ മോപ്പസാങ്ങുതന്നെ ഒരു പ്രണയകുരുക്കിൽ കുടുങ്ങിയതും ആത്മഹത്യചെയ്യുവാൻ കഴുത്തിനു കത്തിവച്ചതും മററും പ്രസിദ്ധമാണല്ലോ.

പുരോഗമനവാദികൾ ജീവിതത്തിന്റെ ഇരുണ്ട വശങ്ങൾക്കു പ്രാമുഖ്യം നല്കുന്നതിൽനിന്നു ഒരു പടികൂടെ കടന്നു, ഇരുളിനു വെളിച്ചത്തിനെന്നതിനെക്കാൾ മാന്യത നല്കുവാൻ ബദ്ധപ്പെടുന്നു. വിഷയലമ്പടത്വം സൗഭാഗ്യകരമായും വ്യഭിചാരം ധീരകൃത്യമായും, നീതി, നിർമ്മലത, സത്യസന്ധത മുതലായവ ഭീരുത്വത്തിന്റേയും ദുർബ്ബലതയുടേയും ലക്ഷണങ്ങളായും പ്രദർശിപ്പിക്കുന്ന ഗ്രന്ഥകാരന്മാർ ഇന്നു കുറവല്ല.

ഓസ്കാർ വൈൽഡിന്റെ സന്മാർഗ്ഗികമായ വ്യതിചലനങ്ങളും പ്രകൃതിവിരുദ്ധമായ പ്രവൃത്തികളും കലാപരമായ നേട്ടങ്ങളാണെന്നു സ്ഥാപിക്കുവാൻ ഒരു ഗ്രന്ഥകാരൻ ഈയിടെ ഉദ്യമിച്ചിട്ടുണ്ട്. അതേസമയം സ്വന്തം ദുഷ്കൃതങ്ങൾ നിമിത്തം ആ കലാപ്രേമി സമുദായഭ്രഷ്ടനും കാരാഗൃഹബദ്ധനുമായതും ദുർമ്മാർഗ്ഗപ്രസക്തിനിമിത്തമുണ്ടായ മാരകവും ജുഗുപ്സാവഹവുമായ രോഗം അദ്ദേഹത്തെ അതിശീഘ്രം മരണവക്ത്രത്തിലേക്കു വലിച്ചെടുപ്പിച്ചതുമായ സംഗതികൾ മറച്ചുവയ്ക്കുകയും ചെയ്തിരിക്കുന്നു. ഇത്തരം ചിത്രീകരണങ്ങളുടെ ഉദ്ദേശ്യവും അവമൂലമുണ്ടാകാവുന്ന ഭവിഷ്യൽഫലങ്ങളും എന്തെന്നു വിശദമാക്കുക ആവശ്യകമെന്നു തോന്നുന്നില്ല.

മേൽപ്രസ്താവിച്ചവിധമുള്ള ചിത്രീകരണങ്ങൾ മർത്ത്യജീവിതഗാത്രത്തിലെ "നീർക്കെട്ടുകളും വ്രണങ്ങളും" സുഖപ്പെടുത്തുവാൻ എത്രകണ്ടു പര്യാപ്തമാണെന്നു അടുത്തതായി പരിശോധിക്കേണ്ടിയിരിക്കുന്നു. സമുദായത്തിന്റെ മാലിന്യങ്ങൾ നീക്കുവാൻ ഉപദേശമന്ത്രത്തിനു ശക്തിയില്ലെന്നും അവയെ വെളിച്ചത്തുതന്നെ പരിശോധിക്കുകയും, ശസ്ത്രക്രിയചെയ്യുവാൻ തക്കബോധവും ബലവും വായനക്കാർക്കു നല്കുകയുമാണു വേണ്ടതെന്നും പുരോഗമനവാദികൾ അഭിപ്രായപ്പെടുന്നു.

സമുദായത്തെ പല തിന്മകളും ബാധിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. അവ പരിഹരിക്കപ്പെടേണ്ടതാണെന്നു ആരും സമ്മതിക്കും. എന്നാൽ, അവയെ വെളിച്ചത്തുതന്നെ പരിശോധിക്കുന്നതും വായനക്കാരെക്കൊണ്ടു ചികിത്സിപ്പിക്കുന്നതും ഉദ്ദേശ്യസിദ്ധിക്കു ഒട്ടുംതന്നെ പര്യാപ്തമല്ല.

ദുർഗ്ഗന്ധം വമിക്കുന്നതും സാംക്രമികവിഷാണുക്കളുള്ളതുമായ വ്രണങ്ങൾ കീറിമുറിക്കുന്നതും ചികിത്സിക്കുന്നതും എല്ലാവരും കാൺകെ, പബ്ലിക്ക് സ്ഥലങ്ങളിൽ വച്ചായിരിക്കണമെന്നു ആരും കരുതുകയില്ല. പൊതുജനങ്ങൾക്കു ഉപദ്രവകരമാകാതിരിക്കുവാൻ, രോഗം അന്യരിലേക്കു പകരാതിരിക്കുവാൻ, കഴിയുന്നതും ജനസമ്പർക്കമില്ലാത്തതും രോഗസംക്രമണത്തെ പ്രതിരോധിക്കുവാൻ പ്രത്യേകപ്രതിവിധികൾ ചെയ്തിട്ടുള്ളതുമായ മുറികളിലേക്കാണു രോഗികളെ കൊണ്ടുപോകുന്നതു്.

ഈ നയംതന്നെയല്ലേ, സാമുദായികരോഗങ്ങളെ സംബന്ധിച്ചും അനുവർത്തിക്കേണ്ടതു്? ചില സാമുദായികരോഗങ്ങൾ ദുർഗ്ഗന്ധം വമിക്കുന്നവയാണു്; മററു ചിലതു് അതിവേഗം സംക്രമിക്കുന്നവയുമാണു്. ഇവയോടു സാധാരണജനങ്ങൾക്കു സമ്പർക്കമുണ്ടാകുന്നതു ആപൽകരമാകാനേ ഇടയുള്ളു.

തങ്ങളുടെ കൃതികൾ ജനകീയമാണെന്നാത്രേ ഇന്നത്തെ സാഹിത്യകാരന്മാർ ഭാവിക്കുന്നതു്. സാധാരണജനങ്ങൾക്കു വേണ്ടിയാണു് അവർ ഗ്രന്ഥങ്ങൾ രചിക്കുന്നതു്. ഒരു ആധുനികസാഹിത്യകാരന്റെ അഭിപ്രായത്തിൽ, "ഇന്നു രക്ഷാകാരനുപോലും വായിക്കുവാനാഗ്രഹമുണ്ടു്, കഴിവുമുണ്ടു്. കൊട്ടാരംതൊട്ടു കുടിൽവരെ സാഹിത്യത്തിനു പ്രചാരം സിദ്ധിച്ചിരിക്കുന്നു. അപ്പോൾ സാമാന്യക്കാരുടെ ജീവിതവുമായിട്ടാണു് ആധുനികസാഹിത്യത്തിനു കൂടുതൽ ബന്ധമുണ്ടാകേണ്ടതു്."

ഈ "സാമാന്യക്കാർക്കു" വേണ്ടിയാണു്, ജീവിതത്തിന്റെ ഇരുണ്ടവശങ്ങളെ വെളിച്ചത്തുതന്നെ പരിശോധിക്കുന്ന സംഭാവ്യമായ സകല ദുർമ്മാർഗ്ഗങ്ങളേയും ഊഹ്യമായ സകല രതിവൈകൃതങ്ങളേയും വെട്ടിത്തുറന്നു വിവരിക്കുന്ന ചെറുകഥകളും ഏകാങ്കങ്ങളും വിരചിതമാകുന്നതു്. ഇവരാണു് ഈ നീർക്കെട്ടുകളെ ശസ്ത്രക്രിയചെയ്തു പൊറുപ്പിക്കേണ്ടവർ.

എന്നാൽ, ഈ സാമാന്യക്കാരിൽ, വിശിഷ്യാ അസംതൃപ്തകാമന്മാരായ യുവജനങ്ങളിൽ, ലൈംഗികവിഷയങ്ങളിലേക്കുള്ള അനിയന്ത്രിതമായ ആസക്തിയെ ഉത്തേജിപ്പിക്കുന്നതിനും, അങ്ങനെ, ആ വക കാര്യങ്ങളിലേക്കു അവരെ പ്രോത്സാഹിപ്പിക്കുന്നതിനും മാത്രമേ ഈദൃശചിത്രീകരണങ്ങൾ ഉപകരിക്കുകയുള്ളുവെന്നു മനുഷ്യപ്രകൃതിയെപ്പററി അല്പമെങ്കിലും ജ്ഞാനമുള്ളവർ സമ്മതിക്കാതിരിക്കുകയില്ല.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു, സാഹിത്യത്തിൽ ജീവിതത്തിന്റെ ഇരുണ്ടവശങ്ങളെക്കുറിച്ചു പ്രതിപാദിച്ചുകൂടാ എന്നു വാദിക്കുന്നതായി അനുമിക്കേണ്ടതില്ല. സാഹിത്യത്തിന്റെ നിസ്തുലമായ പ്രേരകശക്തിയെക്കുറിച്ചു ചിന്തിക്കുമ്പോൾ, സാമുദായികന്യൂനതകളുടെ പരിഹരണത്തിനു് അതിനെ വിനിയോഗിക്കുകതന്നെ വേണമെന്നു സ്പഷ്ടമാണു്. എന്നാൽ, സാഹിത്യത്തിന്റെ ധർമ്മത്തെ വിസ്മരിക്കാതെ, മനുഷ്യപുരോഗതി എന്ന ലക്ഷ്യത്തെ അവഗണിക്കാതെ വേണം അങ്ങനെ ചെയ്യുവാൻ എന്നുമാത്രം. എന്നുവച്ചാൽ, നന്മയെ നന്മയായും തിന്മയെ തിന്മയായും, പോരാ, നന്മയെ സമാകർഷകവും അഭിലഷണീയവുമായും തിന്മയെ ഭയാനകവും പരിവർജ്ജ്യവുമായും കാണിക്കണമെന്നു സാരം.

പക്ഷേ, ഇന്നത്തെ പുരോഗമനത്തിന്റെ പോക്കു വേറെവഴിക്കാണു്. "സുന്ദരകലാസൃഷ്ടിക്കും സന്മാർഗ്ഗതത്വങ്ങൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുള്ള" ഫ്രഞ്ചുറിയലിസ്റ്റുകാരുടെ അഭിപ്രായമാണു് ഇന്നു പലരും സ്വീകരിച്ചിരിക്കുന്നതു്. സന്മാർഗ്ഗദുർമ്മാർഗ്ഗവ്യവച്ഛേദം അവർക്കില്ലെന്നു മാത്രമല്ല, ദുർമ്മാർഗ്ഗത്തെ പ്രകീർത്തിക്കുവാൻകൂടി അവർ മുതിരുന്നു.

എന്നാൽ, ധർമ്മാധർമ്മവിവേകം കൂടാതെ, സന്മാർഗ്ഗതത്വങ്ങളെ അവഗണിച്ചുകൊണ്ടുള്ള സുന്ദരകലാസൃഷ്ടി—സാഹിത്യനിർമ്മിതി—മനുഷ്യനെ ഒരിക്കലും പുരോഗമിപ്പിക്കുകയില്ലെന്നു അവർ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

"പരിശുദ്ധമായ മനോഭാവങ്ങളെ മനുഷ്യഹൃദയത്തിൽ ഉണർത്തുകയാണു കലയുടെ പ്രത്യേക ധർമ്മം. സ്നേഹം, സഹതാപം, കാരുണ്യം മുതലായ സാത്വികഭാവങ്ങൾവഴിക്കു ജനസമുദായത്തിനുണ്ടാകുന്ന സമത്വബുദ്ധിയും തന്മൂലകമായ സൗഹാർദ്ദബന്ധവുമാകുന്നു കലയുടെ മുഖ്യമായ പ്രയോജനം. ഹൃദയാന്തർഭാഗത്തു വാസനാരൂപത്തിൽ നിർലീനമായിക്കിടക്കുന്ന മൃഗീയത പ്രകാശിക്കാതെ, വിലയം പ്രാപിക്കുമാറു് ഉൽകൃഷ്ടമായ മനുഷ്യത്വത്തെ വികസിപ്പിക്കുന്നതിലാണു കലയുടെ കാന്താസമ്മിതത്വം അഥവാ സുഭഗത്വം സ്ഥിതിചെയ്യുന്നതു്. തൽഫലം സന്മാർഗ്ഗബോധമല്ലാതെ മൃഗീയമായ ആഹ്ലാദമോ ആനന്ദമോ ആവുകയില്ല" (കാവ്യജീവിതവൃത്തി) എന്നുള്ള ടാൾസ്റ്റോയിയുടെ അഭിമതം ഇന്നത്തെ സാഹിത്യകാരന്മാർ ആദരിച്ചിരുന്നെങ്കിൽ!

## വിമർശനവീഥി

(3-ാം പേജ് തുടർച്ച)

രുന്ന അടയാളം അദ്ദേഹത്തെ കാണിക്കുക. നിങ്ങളെപ്പററി സമസ്തവും അദ്ദേഹത്തിനറിയാം. മനസ്സിലായോ?"

"ശരിക്കു മനസ്സിലായി."

"ഒന്നുകൂടി; നിങ്ങൾ പുറരാജ്യങ്ങളിലേക്കു പോകുകയാണെന്നുള്ള വാർത്ത പുറത്തുവിടരുത്. രാഷ്ട്രീയമായി വിശ്വസിക്കുവാൻ കൊള്ളുന്നവരെന്നു നിങ്ങൾക്കു ബോദ്ധ്യമുള്ള സ്നേഹിതന്മാരോടുമാത്രം അതു പറയാൻ വിരോധമില്ല."

* * *

അമേരിക്കയിലേക്കു നിയോഗിക്കപ്പെട്ടിരുന്ന ഈ കമ്മ്യൂണിസ്റ്റ്പാർട്ടി അംഗത്തിനു സോവ്യററുഷ്യയിലെ ഉന്നതാധികാരികൾ നല്കിയതും, അനുഭവസ്ഥന്റെ വാക്കുകളിൽത്തന്നെ ഇപ്പോൾ വായിച്ചതുമായ ഉപദേശങ്ങളിലും, അഭിപ്രായങ്ങളിലും നിന്നറിയാം, സോവ്യററുഷ്യ കമ്മ്യൂണിസം സ്വീകരിക്കാത്ത രാജ്യങ്ങളോടു സന്ധിയില്ലാസമരം വ്രതംചെയ്തിരിക്കുകയാണെന്നു്. തന്മൂലം ലോകസമാധാനത്തിൽ റഷ്യ തല്പരയാണെന്നുള്ള ഭാവം എത്ര വഞ്ചനാപരം! റഷ്യയുടെ വിദേശാക്രമണങ്ങളെ തടുക്കുവാൻ പാശ്ചാത്യരാജ്യങ്ങൾ സംഘടിച്ചു സായുധീകരണം നടത്തുന്നതിൽ ആശ്ചര്യപ്പെടാനുണ്ടോ?

## 1951-ൽ

പത്താം പീയൂസ് മാർപ്പാപ്പായെ ധന്യൻ എന്നു നാമകരണം ചെയ്യുന്ന കാര്യം ഇപ്പോൾ "റീത്തുകളുടെ തിരുസംഘം" പര്യാലോചിച്ചുവരികയാണു്. 1951-ൽ തിരുമനസ്സുകൊണ്ടു ധന്യൻ എന്നു പ്രഖ്യാപിക്കപ്പെടുവാൻ ഇടയുണ്ടെന്നു "ഒസ്സർവത്തോരെ റൊമാനൊ" എന്ന വത്തിക്കാൻ പത്രം പ്രസ്താവിച്ചിരിക്കുന്നു.

## തൊഴിലാളികളെ റോമിലേക്കയക്കുന്നു

വിശുദ്ധവത്സരം പ്രമാണിച്ചു് കൊളംബിയായിലെ 100 തൊഴിലാളികളെ അവർ ജോലി ചെയ്യുന്ന വ്യവസായശാലകളുടെ ചെലവിൽ റോമിലേക്കയക്കാൻ തദധികൃതർ തീരുമാനിച്ചിരിക്കുന്നു. "കൈത്തൊഴിൽക്കാരുടെ ദേശീയസംഘം" എന്ന സംഘടനയുടെ നേതൃത്വത്തിലാണു തീർത്ഥയാത്രയ്ക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുവരുന്നതു്.

## 36 മണിക്കൂർനേരം ജപമാല

ന്യൂയോർക്കിലെ കർമ്മലനാഥയുടെ പള്ളിയിൽ, കഴിഞ്ഞമാസം 36 മണിക്കൂർനേരം തുടർച്ചയായി ജപമാല ചൊല്ലിയിരിക്കുന്നു. ലോകസമാധാനം, റഷ്യയുടെ മാനസാന്തരം, രാജ്യത്തിന്റെ രക്ഷ എന്നിവയെ ലക്ഷ്യമാക്കിയാണു പ്രസ്തുത ഭക്തികൃത്യം നടത്തപ്പെട്ടതു്.

## പുതിയ കത്തോലിക്കാ സർവ്വകലാശാല

ജപ്പാനിലെ യൂക്കോസൂക്കായിൽ, മുമ്പു നാവികത്താവളമായിരുന്ന സ്ഥലത്തു്, യുവതികൾക്കായുള്ള ഒരു പുതിയ കത്തോലിക്കാസർവ്വകലാശാല ഉൽഘാടനം ചെയ്തിരിക്കുന്നു. തദവസരത്തിൽ ജാപ്പനീസ് പ്രധാനമന്ത്രി, വിദ്യാഭ്യാസമന്ത്രി, ചീഫ്ജസ്റ്റീസ് എന്നിവർ ഉൾപ്പെടെ പല പ്രമുഖവ്യക്തികളും സന്നിഹിതരായിരുന്നു. "തിരുഹൃദയദാസിമാർ" എന്ന സന്യാസിനീസമൂഹമാണു സർവ്വകലാശാലയുടെ മേൽനോട്ടം വഹിക്കുന്നതു്. പ്രസ്തുതസ്ഥാപനം ഇക്കഴിഞ്ഞ യുദ്ധത്തിനുശേഷം ജപ്പാനിൽ സമാരബ്ധമായ നാലാമത്തെ സർവ്വകലാശാലയാണത്രെ.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# തീർത്ഥകസ്മരണകൾ

V

ഓർക്കാം വിമാനയാത്രയുടെ ആരംഭത്തിൽ പൊതുവിലൊരു ലഘുപ്രാർത്ഥന നടത്തണമെന്നായിരുന്നു തീർത്ഥകക്കമ്മിററിയദ്ധ്യക്ഷൻ തിരുമേനിയുടെ നിർദ്ദേശം. അതനുസരിച്ചു വിമാനത്തിൽക്കയറിയ ഉടനെ ഞങ്ങളെല്ലാവരുമൊന്നിച്ചു ഫാത്തിമാനാഥയുടെ സ്തുതിക്കായി ഒരു കൂട്ടക്കൊന്തയെത്തിച്ചു ഞങ്ങളുടെ തീർത്ഥയാത്ര ഈശോയുടെ തിരുഹൃദയത്തിന്റേയും, പ. കന്യകയുടെ വിമലഹൃദയത്തിന്റേയും, വി. യൗസേപ്പിന്റേയും, വി. റപ്പായേൽ മാലാഖയുടെയും, വി. ക്രിസ്റ്റഫറിന്റേയും, കാവൽമാലാഖമാരുടെയും സവിശേഷ സംരക്ഷണയിൽ ഭരമേല്പിച്ചുകൊണ്ട് അവരോരോരുത്തരുടേയും ഓരോ സുകൃതജപവും ചൊല്ലി. ഉടനീളം നിക്കപ്പോക്കില്ലാതെ ആചരിക്കുവാനുള്ള ഒരു പ്രാർത്ഥനാപദ്ധതിയായിരുന്നു ഇത്. എപ്പോഴെങ്കിലും സംഗതിവശാൽ പ്രാർത്ഥനയ്ക്കടയാളം നല്കുവാൻ ഞാനല്പം താമസിച്ചാൽ പല ഭാഗത്തുനിന്നും, "അച്ചാ, പ്രാർത്ഥന" എന്ന മുറവിളി മുഴങ്ങി കേൾക്കാം. എന്റെ സഹസഞ്ചാരികളിൽ പ്രത്യക്ഷപ്പെട്ട ഈ പ്രാർത്ഥനാപ്രതിപത്തി എന്നെ പലപ്പോഴും ചിന്താധീനനാക്കാതിരുന്നില്ല. അനന്തമായ ആകാശത്തിലൂടെ മിന്നൽവേഗത്തിൽ പറന്നുപോകുമ്പോൾ ഈശ്വരതൃക്കരങ്ങളല്ലാതെ യാത്രക്കാർക്ക് വേറെ ഒരു താങ്ങും തണലുമില്ല. ആരുമില്ലാത്തവർക്കു ദൈവം തുണ. ഈ പഴമൊഴിയുടെ അർത്ഥം മിക്കവാറും പ്രകടമായി പ്രത്യക്ഷപ്പെടുന്നതു വ്യോമസഞ്ചാരവേളയിലാണ്. യന്ത്രങ്ങൾക്കെന്തെങ്കിലും കുഴപ്പം നേരിട്ടാൽ, ചുഴലിക്കാറേറാ, കൊടുങ്കാറേറാ ആഞ്ഞടിക്കാൻ തുടങ്ങിയാൽ, വല്ലതുമൊരു തടയിടുവാനൊ സഹായമരുളുവാനൊ ഉദ്യോഗസ്ഥന്മാരെക്കൊണ്ടാവില്ല. സഹായികളുടെ കാര്യം പറയുകയും വേണ്ട. ആകയാൽ വിമാനത്തിനൊരു തകരാറു പററാതിരിപ്പാനും, അന്തരീക്ഷപ്രകൃതി അനുകൂലമായി തുടരുവാനും ഞങ്ങൾ ഉൽക്കണ്ഠയോടും ഉണർവോടും കൂടി പ്രാർത്ഥിച്ചുവെങ്കിൽ അതു കേവലം സ്വാഭാവികമാണല്ലോ. ഞാനും സഹവാസികളും നിരന്തരം ഉരുവിട്ടുകൊണ്ടിരുന്ന "ഈശോ രക്ഷിക്കൂ" എന്ന ചെറുജപത്തിന്റെ ഹാർദ്ദതയും ആത്മാർത്ഥതയും അഖിലേശ്വരനു മാത്രമറിയാം. ദൈവപരിപാലനയിലുള്ള ആശ്രയബോധത്തെ അരക്കിട്ടുറപ്പിക്കാൻ ഒരു വിമാനയാത്രയെപ്പോലെ ഉപകരിക്കുന്ന ഒരു സാഹചര്യം ആരുടെയും ജീവിതത്തിലുണ്ടാകുമെന്നു തോന്നുന്നില്ല.

എന്നാൽ ഈ തീർത്ഥയാത്രയെക്കാൾ ഉത്സാഹത്തെക്കവിയുന്ന വിധം പ്രാധാന്യമർഹിക്കുന്നതും, ആജീവനാന്തം തുടർന്നു നടത്തുവാനുള്ളതുമായ വേറൊരു തീർത്ഥയാത്ര കഴിച്ചുകൊണ്ടിരിക്കുന്നവരാണു ഞങ്ങളെല്ലാം, അതിന്റെ പര്യവസാനം ഞങ്ങളുടെ നിത്യതാല്പര്യങ്ങളെ ശാശ്വതമായി സ്പർശിക്കുന്നതാണെന്നും വിചാരമുള്ളവരും, അതിന്റെ വിജയകരമായ പരിസമാപ്തിയിൽ ഉൽക്കണ്ഠയും ഉത്സാഹവുമുള്ളവരും, തദർത്ഥം ആകാശസഞ്ചാരത്തിലെന്നോണം തന്നെയെങ്കിലും, ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവരും അക്കൂട്ടത്തിൽ എത്ര പേരുണ്ടാകും? അനുദിനാനുഭവം വെച്ചു ഇതു നോക്കുമ്പോൾ അത്രമാത്രധികമുണ്ടാകുമെന്നൂഹിപ്പാൻ വകകാണുകയില്ല. ലോകത്തിൽ സുഖമായി കഴിയുവാനാകുന്ന സമ്പത്തുണ്ടാക്കണം; ലൗകികകാര്യങ്ങൾ ഭംഗിയിൽ നടക്കണം; സ്ഥാനമാനങ്ങൾ നേടണം; ശാരീരികമായ ആപത്തുകളൊന്നും നേരിടാതെ നോക്കണം—എന്നിത്യാദിവ്യഗ്രതകളിൽ മുഴുകിക്കഴിയുന്ന മനുഷ്യനുണ്ടോ, കള്ളന്മാർ കൊള്ളയടിക്കാത്തതും, ചിതൽതിന്നു തീർക്കാത്തതുമായ നിക്ഷേപങ്ങൾ പരലോകത്തിൽ ശേഖരിക്കുന്നതിലും, ആത്മാവിനെ അപകടപ്പെടുത്താതെ നോക്കുന്നതിലും അത്രതന്നെയെന്നല്ല അല്പംപോലും ഔത്സുക്യമോ ആകാംക്ഷയോ കാണിക്കുന്നു! ശവക്കുഴിക്കപ്പുറത്തുള്ള നിത്യജീവിതത്തിൽ വിശ്വസിക്കുന്നവരെന്നഭിമാനിക്കുന്ന ആളുകളുടെ ഈ നിലപാടു വ്യാഖ്യാനിക്കാനാവാത്ത ഒരു വിരോധാഭാസമല്ലേ?

ഇത്തരം തത്വചിന്തകളിൽ അധികനേരം ലയിച്ചിരിക്കുവാൻ കഴിഞ്ഞില്ല. വിമാനത്തിന്റെ അമരചക്രങ്ങൾ കർണ്ണകഠോരമായ സ്വരത്തിൽ അതിശീഘ്രം കറങ്ങുവാൻ തുടങ്ങി. അപ്പോൾ ഒരു "ബെൽററ് മുറുക്കുക; പുകവലി നിറുത്തുക" എന്ന ചുവപ്പുവർണ്ണത്തിലുള്ള ഒരു വൈദ്യുതപരസ്യവും കണ്മുമ്പിൽ പ്രകാശിച്ചു. പറന്നുയരുമ്പോഴും കീഴോട്ടിറങ്ങുമ്പോഴും ഈ നോട്ടീസ് കാണാം. വിമാനം പതിവുള്ള ഉയരത്തിലെത്തിയാൽ ആയതു മാഞ്ഞുപോകയും ചെയ്യും. വിമാനത്താവളത്തിൽനിന്നു അടയാളം നല്കിയാലുടൻ വിമാനം മന്ദംമന്ദം മുന്നോട്ടു നീങ്ങിത്തുടങ്ങും; പുറപ്പെടുവാനുള്ള അതിർത്തിയിലെത്തിയാൽ കുറച്ചുനേരം നിശ്ചലമായി നില്ക്കും. അപ്പോൾ ഭൂമിയുടെ ആകർഷണശക്തിയെ വെല്ലുവിളിച്ചുകൊണ്ടു മുകൾപ്പരപ്പിലേക്കു ചീറിപ്പാഞ്ഞുയരുവാൻ വേണ്ടുന്ന വീര്യം സംഭരിക്കുവാനെന്നോണം എഞ്ചിനുകളുടെ മുമ്പിലുള്ള ചക്രങ്ങൾ പൂർവ്വാധികം വേഗതയിലും കാതുകൾ കൊട്ടിയടയ്ക്കുന്ന ആരവത്തിലും തിരിഞ്ഞുകൊണ്ടിരിക്കും. താവളത്തിൽനിന്നു രണ്ടാമതുമൊരു സിഗ്നൽ കിട്ടിക്കഴിയുമ്പോൾ, പറന്നുകയറുന്നതിനുമുമ്പു വാണംപൊട്ടിച്ചപോലൊരു കുതിച്ചുചാട്ടമുണ്ട്. ആദ്യമാദ്യം ആ സന്ദർഭങ്ങളിൽ എനിക്കു ലഘുവായെങ്കിലും ഞെട്ടലും കോരിത്തരിപ്പും അനുഭവപ്പെടാതിരുന്നില്ല.

എയർ ഇന്ത്യാ കമ്പനിക്കാരുടെ വൈക്കിൻ ഇനത്തിൽപെട്ട ഇരുഎഞ്ചിനുള്ള ഒരു വിമാനമായിരുന്നു അതു. 27 യാത്രക്കാർക്കും 4 ഉദ്യോഗസ്ഥന്മാർക്കും അതിൽ യാത്രാസൗകര്യമുണ്ട്. ട്രെയിഡ് വിങ്ങ്സ് കമ്പനിക്കാരായിരുന്നു ഞങ്ങളുടെ ടൂർ ഏജൻറ്സ്. അവർ അതു വാടകയ്ക്കെടുത്തിരിക്കയായിരുന്നു. അരലക്ഷം രൂപയാണു ഒരു മാസത്തെ വാടക. പെട്രോൾ, ശമ്പളം, വിമാനത്താവളഫീസ് മുതലായവയെല്ലാം ഇതിൽ ഉൾപ്പെടും. കപ്പിത്താനും, എഞ്ചിനീയർക്കും 1500 ക. വീതവും, കൊപൈലട്ടിനു 1200 ക. യും, കമ്പിയില്ലാക്കമ്പിപ്രവർത്തകനു 750 ക. യുമാണു ശമ്പളം. ചെലവിനങ്ങളെല്ലാം ഒന്നാംക്ലാസ് ഹോട്ടൽ സൗകര്യങ്ങളും കമ്പനിച്ചെലവിലുണ്ടാകും. വിലോഭനീയമായ പ്രതിഫലം! പക്ഷേ, ജീവൻ കൈയിൽപിടിച്ചുകൊണ്ടുള്ള ജോലിയാണെന്നോർക്കണം.

(പി. കാക്കശ്ശേരി)

—


## യാക്കോബായസഭയും റീത്തു പാത്രിയർക്കീസും

ഗ്രന്ഥകർത്താ: ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി

യാക്കോബായ സഹോദരങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തിനു ഏററം പ്രയോജനകരമായിരിക്കുന്ന ഒരു പുതിയ പുസ്തകം.

വില 8 ണ. 5 കോപ്പിക്കു 2 ക. മാത്രം. ഉടൻ ആവശ്യപ്പെടുക.

മാനേജർ, സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവല്ലാ or

റവ. ഫാദർ ഇഞ്ചയ്ക്കലോടി, പന്തളം, A. O. & P. O.


## ഫാദർ മറെറയൊ

കുടുംബപ്രതിഷ്ഠയുടെ പ്രേഷിതനായ ഫാദർ മറേറയൊ ക്രൗളിയെപ്പററി ഫാദർ ഫ്രാൻസിസ് ലാർക്കിൻ എന്ന അമേരിക്കൻ വൈദികൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു വാർത്തയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:- "ഫാദർ മറേറയോയുടെ രോഗം ഗൗരവതരമായിരിക്കുന്നു. ഹൃദ്രോഗസംബന്ധമായ അസ്വാസ്ഥ്യങ്ങൾ കൂടെക്കൂടെ ഉണ്ടാകുന്നുണ്ട്. അദ്ദേഹത്തിന്റെ ശാരീരികശക്തി ക്ഷയിച്ചിരിക്കുന്നെങ്കിലും ദിവസവും ദിവ്യബലി അർപ്പിക്കുന്നുണ്ട്. മരണംവരെ ദിവ്യബലി മുടക്കാതിരിക്കുന്നതിനുള്ള ഭാഗ്യം തനിക്കു ലഭിക്കുമെന്നാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. അതിദുസ്സഹമായ വേദന അനുഭവിക്കേണ്ടിവരുന്ന അവസരങ്ങളിൽ അദ്ദേഹത്തിനു ആശ്വാസം പ്രദാനംചെയ്യുന്നതും ഈ വസ്തുതയത്രെ.

ഓരോ ദിവസം കഴിയുന്തോറും ഫാദർ മറേറയൊ പരിശുദ്ധകുർബ്ബാനയുടെ പ്രാധാന്യം കൂടുതൽ സ്പഷ്ടമായി കാണുന്നു. നിങ്ങൾക്കായുള്ള അദ്ദേഹത്തിന്റെ അന്തിമസന്ദേശവും ഈ വിഷയത്തെ അധികരിച്ചായിരിക്കണമെന്നത്രെ അദ്ദേഹത്തിന്റെ അഭിലാഷം.

സദാ പരിശുദ്ധകുർബ്ബാനയെപ്പററി പ്രസംഗിക്കുവാനാണ് അദ്ദേഹമെന്നോടു ആവശ്യപ്പെട്ടിരിക്കുന്നതു. നമ്മുടെ പ്രേഷിതവൈദികരെല്ലാം ഇതുതന്നെ ചെയ്യണമെന്നു അദ്ദേഹം അഭ്യർത്ഥിക്കയും ചെയ്യുന്നു. ആരോഗ്യവാനായിരുന്നപ്പോൾ അദ്ദേഹം ചെയ്തിരുന്നതുപോലെ ഇപ്പോഴും പരിശുദ്ധകുർബ്ബാനയെപ്പററി പ്രസംഗിക്കുവാൻ അദ്ദേഹത്തിനു അതിയായ ആഗ്രഹമുണ്ട്. തൽക്കാരണത്താലാണ് അദ്ദേഹം ദിവ്യബലിയെപ്പററിയുള്ള തന്റെ ധ്യാനപുസ്തകം രചിച്ചതു. അദ്ദേഹത്തിന്റെ അവസാനത്തെ ആഗ്രഹം, അദ്ദേഹത്തിന്റേയും ഈശോയുടെ തിരുഹൃദയത്തിന്റേയും സ്നേഹിതന്മാരായ നിങ്ങൾ ആ പുസ്തകം ദിക്കെങ്ങും പ്രചരിപ്പിക്കുന്നതിനു പരമാവധി പരിശ്രമിക്കണമെന്നാണ്.

സഹവൈദികരോടു, അതിലെ തത്വങ്ങളെപ്പററി ധ്യാനിപ്പാനും തദനുസരണം ജീവിപ്പാനും അതിന്റെ പ്രതികൾ മററു വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും അയച്ചുകൊടുപ്പാനും ഫാദർ മറേറയൊ അഭ്യർത്ഥിച്ചിരിക്കുന്നു. സന്യാസസഭകളുടെ അധിപന്മാരും അധിപമാരും പ്രസ്തുത ഗ്രന്ഥത്തിന്റെ പ്രതികൾ വരുത്തിച്ചു തങ്ങളുടെ കീഴുള്ളവർക്കു കൊടുക്കണമെന്നും ധ്യാനത്തിനു ആ പുസ്തകം ഉപയോഗിക്കണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു.... തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ കുടുംബങ്ങളെല്ലാം ആ പുസ്തകം വാങ്ങി ഉപയോഗിക്കയും അതു പ്രചരിപ്പിക്കയും ചെയ്യട്ടെ.

ക്രിസ്തുവിന്റെ സാമൂഹികഭരണം സംസ്ഥാപിതമാകുന്നതിനുവേണ്ടി ഫാദർ മറേറയൊയോടു സഹകരിച്ചു പ്രവർത്തിച്ചിട്ടുള്ളവരോടെല്ലാം അദ്ദേഹം കൃതജ്ഞത പ്രകാശിപ്പിക്കുന്നു... എല്ലാദിവസവും കാലത്തു അദ്ദേഹം നിങ്ങളെ ഓരോരുത്തരെയും തന്റെ കാസയിൽവച്ചുകൊണ്ട്, കുർബ്ബാനയിലെ ബലിവസ്തുവും പുരോഹിതനുമായ ഈശോയുടെ ദിവ്യഹൃദയത്തോടൊന്നിച്ചു പരമപിതാവിനു കാഴ്ചയായി സമർപ്പിക്കുന്നുണ്ട്.

പരിഹാരപ്രസ്ഥാനത്തിന്റെ പുരോഗതിയിൽ അദ്ദേഹം അതീവസന്തുഷ്ടനായിരിക്കുന്നുവെന്നും ആ വിഷയത്തിലും നിങ്ങളോടുള്ള അദ്ദേഹത്തിന്റെ കൃതജ്ഞത അപാരമാണെന്നും നിങ്ങളെ അറിയിക്കുവാൻ അദ്ദേഹം എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്."

—

പുസ്തകാഭിപ്രായം

## ക്രൈസ്തവാന്തരീക്ഷം

(ഗ്രന്ഥകർത്താ: അപ്പി (മാണി മത്തായി) പാറേക്കാട്ട്, പൂവരണി, പക്കം 96 വില 10 ണ. സെൻറ് ജോസഫ്സ് പ്രസ്സ്, പാലാ)

ഒരു കത്തോലിക്കാപ്രവർത്തകനായ ശ്രീ അപ്പി പാറേക്കാട്ട രചിച്ചിട്ടുള്ള ഒരു ലഘുഗ്രന്ഥമാണു ക്രൈസ്തവാന്തരീക്ഷം. ക്രൈസ്തവാദർശം, ധനം, പൈശൂന്യം, സന്മാർഗ്ഗം, സത്യക്രിസ്ത്യാനി എന്ന ശീർഷകങ്ങളിൽ അഞ്ച് അദ്ധ്യായങ്ങളാണു ക്രൈസ്തവാന്തരീക്ഷത്തിലുള്ളതു. ഗ്രന്ഥകാരന്റെ വാക്കുകളിൽത്തന്നെ ക്രൈസ്തവാന്തരീക്ഷം എന്തെന്നു വിശദമാക്കാം: "മനുഷ്യന്റെ യോഗ്യതയുടെ മാനദണ്ഡം സംസ്കാരമുള്ള മനസ്സുമാത്രമാണ്. ഓരോ കത്തോലിക്കനും ഈ യോഗ്യതയാണു സമ്പാദിക്കാനുള്ളതു...ക്രൈസ്തവവീക്ഷണത്തിൽ എല്ലാം ദൈവത്തിന്റേയും എല്ലാവരും ദൈവത്തിന്റെ മക്കളുമായതുകൊണ്ടു ലോകത്തിലുള്ളതെല്ലാം അവനുമുണ്ട്. വിശാലവീക്ഷണവും വിസ്തൃതമനോഭാവവും സിദ്ധിക്കുമ്പോൾ സ്വന്തമെന്നോ അന്യമെന്നോ ഒരു വ്യത്യാസമുണ്ടാകയില്ല. അപ്പോൾ അതൊരുതരത്തിൽ ഒരു പൂർണ്ണതയാണ്. അതിലേക്കു പ്രവേശിക്കാൻ ആവശ്യമായ ഒരുക്കങ്ങളാണു കുരിശടയാളം മുതൽ മുമ്പോട്ടുള്ള മതപഠനം. അല്ലാതെ അന്യമതസ്ഥർ പറയുംപോലെ രാജ്യം പിടിക്കാനോ ധനം കരസ്ഥമാക്കാനോ അല്ല മതാഭ്യസനം നടത്തുന്നതു...സകല മനുഷ്യരുടേയും രക്ഷയും സൗഭാഗ്യവുമാണു കാംക്ഷിക്കുന്നതു. ഒരു ജാതിയേയോ, ഒരു മതത്തേയോ, ഒരു സമുദായത്തേയോ തോല്പിക്കാനോ ഹിംസിക്കാനോ അല്ല പ്രത്യുത സകല മതസ്ഥരേയും ഉൽകൃഷ്ടമാനസരാക്കി പ്രശാന്തതയിലേക്കു നയിക്കാനാണ്. അതാണു ക്രൈസ്തവാദർശം..... ക്രൈസ്തവാദർശത്തിൽനിന്നു വ്യതിചലിക്കുമ്പോൾ ലോകം വഷളായി ചമയുന്നു. ഈ ആദർശത്തിന്റെ അന്തരീക്ഷത്തിൽ സമാധാനവും ശാന്തിയും കളിയാടുകയും ചെയ്യും."

ഈ ഉദ്ദേശത്തോടുകൂടെ ധനസമ്പാദനരീതി, അതിന്റെ വിനിമയം, അസൂയയുടെ ദോഷഫലങ്ങൾ, സിനിമ വരുത്തിക്കൂട്ടുന്ന ദോഷങ്ങൾ, ജഡികപാപങ്ങളുടെ മൂർഖത, സ്ത്രീവസ്ത്രധാരണത്തിലുണ്ടായിരിക്കേണ്ട സന്മാർഗ്ഗബോധം, ഗവൺമെണ്ടുദ്യോഗസ്ഥന്മാരിലുണ്ടായിരിക്കേണ്ട സ്വഭാവഗുണം, നല്ലവരെ ഓരോ കാര്യത്തിനു തിരിഞ്ഞെടുക്കുവാൻ നാം പ്രദർശിപ്പിക്കേണ്ട മനോധൈര്യം, ദാമ്പത്യജീവിതത്തിലുണ്ടായിരിക്കേണ്ട പരിശുദ്ധത എന്നിവ സരസമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ദീർഘമായി മേലുദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽനിന്നു ശ്രീ അപ്പിക്കു ഭാഷാശുദ്ധിയുണ്ടെന്നും ഭാഷയ്ക്കു കൃത്രിമസൗന്ദര്യമില്ലെങ്കിലും സാരള്യമുണ്ടെന്നും വ്യക്തമാണല്ലോ. ഒരു പ്രസംഗകന്റെ മനോഭാവവും ശൈലിയുമാണു ആദ്യന്തം കാണുന്നതു. പ്രസംഗവേദിക്കു അനുയോജ്യമായ അതിശയോക്തിയും ഇല്ലാതില്ല. "പൈശൂന്യം പരിശുദ്ധാത്മാവിനു എതിരായ പാപമാണ്"; "ധനം ന്യായമായി ഉണ്ടാക്കി സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ലോകത്തിൽ വളരെ അപൂർവ്വമായിരിക്കും"; "നീതിക്കൊത്തവണ്ണം പ്രവർത്തിച്ചിട്ടു ധനം സമ്പാദിച്ചുവയ്ക്കാൻ സാധിച്ചവർ എത്ര പേരുണ്ടെന്നു തിരക്കുമ്പോൾ അതിനൊരെണ്ണം തന്നെ കിട്ടുമോ?" ഇത്തരങ്ങളായ അതിശയോക്തിപരമായ പ്രസ്താവനകൾ ധനമെന്ന അദ്ധ്യായത്തിൽ പ്രത്യേകിച്ചും ഉണ്ടെങ്കിലും ശ്രീ അപ്പിയുടെ ഗ്രന്ഥം സദുദ്ദേശപ്രേരിതവും അനുവാചകർക്കു സദാചാരപ്രേരകവുമാണ്.

അന്ത്യത്തിൽ കാണുന്ന ദീർഘമായ ശുദ്ധിപത്രവും അതിൽ ചേരാത്ത മററു അക്ഷരപ്പിശകുകളും കൂടാതെ കഴിക്കേണ്ടതായിരുന്നു. പ്രവർത്തി, ചൊല്ലിക്കേട്ട്, വ്യത്യസ്ഥ, വിശ്വസ്ഥ തുടങ്ങിയ വാക്കുകളിലെ അക്ഷരത്തെററുകൾ ഉദാഹരണങ്ങളാണ്. ഈ കാര്യങ്ങൾ ശ്രീ അപ്പിയുടെ പുസ്തകത്തിന്റെ വിലക്കുറവായി പരിഗണിക്കേണ്ടതില്ല. കേരളത്തിലെ ക്രിസ്ത്യാനികൾ അവരുടെ ആദർശത്തോടടുക്കേണ്ടതെന്നു സ്വയം പരിശോധിക്കുന്നതിനും അവരുടെ കുറവുകൾ നീക്കംചെയ്യുന്നതിനും ഈ ലഘുഗ്രന്ഥം സഹായിക്കട്ടെ എന്നു അവതാരകനായ ഫാദർ ലൂക്ക ചിററൂരിന്റെ ആശംസയാണു ഞങ്ങളുടെതു. യുവഗ്രന്ഥകാരനു സർവ്വവിധ മംഗളങ്ങൾ. ക്രൈസ്തവാന്തരീക്ഷം പ്രസരിക്കട്ടെ.

T. M.

—

# Sathya Deepam

Vol. 24 Ernakulam August 23 1950 No. 2


വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

### XXVIII

### ക്രൂദാശാഫലങ്ങൾ

തക്ക വ്യവസ്ഥകളോടുകൂടി നാം പാപസങ്കീർത്തനം കഴിക്കുമ്പോൾ നമുക്കു പാപപ്പൊറുതി സിദ്ധിക്കുന്നു; പ്രസാദവരമോ, പ്രസാദവരവർദ്ധനവോ കൈവരുന്നു; നിത്യശിക്ഷ മുഴുവനായും റദ്ദാക്കപ്പെടുന്നു; താല്ക്കാലികശിക്ഷ പരിപൂർണ്ണമായോ ഭാഗികമായോ ഇളവു ചെയ്യപ്പെടുന്നു. മാത്രമല്ല, ഗുരുതരമായ പ്രമാണലംഘനംമൂലം വിലപോയതും നിഷ്പ്രയോഗമായതുമായ പുണ്യയോഗ്യതകൾ പുനർജ്ജീവിക്കയും ചെയ്യുന്നു.

പാപസങ്കീർത്തനത്താൽ നീതീകരിക്കപ്പെടുന്ന അനുതാപികൾ വരപ്രസാദത്തോടൊപ്പം ദൈവികസുകൃതങ്ങളും വീണ്ടും ലഭിക്കുന്നു. ത്രിദന്തീനോസ് സൂനഹദോസ് അദ്ധ്യവസാനം ചെയ്തിട്ടുള്ള ഒരു സിദ്ധാന്തമാണിതു്. ഇവ കൃപാവരത്തോടു കാര്യകാരണരീത്യാ ബന്ധപ്പെട്ടിരിക്കയാൽ, കൃപാവരം പുനഃസ്ഥാപിതമാകുന്നതോടുകൂടി ഇവയും ആത്മാവിൽ ആവിർഭവിക്കാതിരിക്കയില്ല. ആന്തരികയോഗ്യതയുടെ തോതനുസരിച്ച് ഇവയുടെ പ്രവർത്തനക്ഷമതയും വർദ്ധിക്കും. എന്നാൽ ചാവുദോഷംമൂലം നിർജ്ജീവമായി ഭവിച്ച സുകൃതസമ്പത്തു പാപവിമോചനത്താൽ സജീവമായി പകരുമോ?

പുണ്യയോഗ്യതയെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രവൃത്തികളെ നാലായി തരംതിരിക്കാം. (1) സജീവപ്രവൃത്തികൾ — പ്രസാദവരാവസ്ഥയിൽ പ്രവർത്തകകൃപാവരത്തിന്റെ പ്രേരണയോടും പിന്തുണയോടുംകൂടി ചെയ്യപ്പെടുന്ന കൃത്യങ്ങൾ; നിത്യജീവിതത്തിനുള്ള അവകാശം സമ്പാദിക്കുന്നവയാണവ. (2) നിർജ്ജീവപ്രവൃത്തികൾ — സ്വയമേവ ഉൽകൃഷ്ടങ്ങളുമായേക്കാം. പക്ഷേ ചാവുദോഷാവസ്ഥയിൽ ചെയ്യപ്പെട്ടാൽ നിത്യജീവിതത്തെയും സ്വർഗ്ഗീയമഹത്വത്തെയും സംബന്ധിച്ചിടത്തോളം അവ ഫലശൂന്യങ്ങളാണ്. (3) മരണകരകർമ്മങ്ങൾ — ആത്മാവിന്റെ ജീവനായ പ്രസാദവരത്തെ നശിപ്പിക്കുന്ന പ്രവൃത്തികൾ — ചാവുദോഷങ്ങൾ. (4) നിർജ്ജീവമായി പകന്ന പ്രവൃത്തികൾ — പ്രസാദവരത്തിൽ നിർവ്വഹിക്കപ്പെട്ടവയും തന്മൂലം പുണ്യയോഗ്യതയുള്ളവയുമാണെങ്കിലും, ചാവുദോഷം കാരണം അവയുടെ ഫലോല്പാദനം തടയപ്പെട്ടുപോകുന്നു; നിത്യജീവിതത്തിലേക്കായിട്ടാൻ അത്തരം യോഗ്യതകൾ ഉപകരിക്കാതെ വരുന്നു. ഇങ്ങനെ വിലയില്ലാതായിപ്പോയ പുണ്യസമ്പത്തു നിവീകരണപ്രാപ്തിയോടെ വീണ്ടും വിലയുള്ളതായിത്തീരുമോ എന്നുള്ളതാണു പ്രശ്നം. ദൈവശാസ്ത്രജ്ഞന്മാർ സമ്മതരൂപത്തിലാണു അതിനു മറുപടി നല്കുന്നതു്; എന്നാൽ പ്രസ്തുത മഹാസിദ്ധിയുടെ സമ്പ്രദായത്തെയും തോതിനേയും കുറിച്ച് അവർ ഭിന്നമതക്കാരാണ്.

വേദപുസ്തകം തപ്പിനോക്കിയാൽ തത്സംബന്ധമായി ഏതാനും ചില സൂചനകൾ കാണാമെന്നല്ലാതെ, പ്രസ്തുത സിദ്ധാന്തത്തെ അനിഷേദ്ധ്യമായി സമർത്ഥിക്കുവാൻ പോന്ന സാക്ഷ്യങ്ങളൊന്നും കാണുകയില്ല. ആകയാൽ പാരമ്പര്യവും ദൈവികയുക്തിയും മാത്രമാണ് ഈ വിഷയത്തിൽ നമ്മുടെ പ്രധാനാവലംബം.

സഭാപിതാക്കന്മാരും വേദശാസ്ത്രികളും എബ്രായക്കാർക്കുള്ള വി. പൗലോസിന്റെ ലേഖനത്തിലെ ഒരു വാക്യത്തിൽ ഈ സിദ്ധാന്തം അന്തർലീനമായി കിടപ്പുണ്ടെന്നു അവകാശപ്പെടുന്നു. (എബ്രാ. 6, 10) "നിങ്ങളുടെ പ്രവൃത്തികളും, വിശുദ്ധന്മാർക്കു നിങ്ങൾ ശുശ്രൂഷചെയ്തതിനാലും, ശുശ്രൂഷചെയ്യുന്നതിനാലും തന്റെ നാമത്തിൽ നിങ്ങൾ കാണിച്ച സ്നേഹവും മറന്നുകളയുവാൻ തക്കവണ്ണം ദൈവം അനീതിയുള്ളവനല്ലല്ലോ" എബ്രായക്കാരിൽ പലരും പാപത്തിൽ വീണുപോയവരായിരുന്നു. പാപവിമോചനം സിദ്ധിച്ചവരുടെ സൽകർമ്മങ്ങളെ ദൈവം വിസ്മരിക്കയില്ലെന്നു പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു, പാപംമൂലം നിർജ്ജീവമായിപ്പോയ പുണ്യകൃത്യങ്ങളെയാണ് അപ്പസ്തോലൻ വിവക്ഷിക്കുന്നതെന്നാണ് അവരുടെ വാദം.

ത്രിദന്തീനോസു സൂനഹദോസ് സൽകൃത്യങ്ങളുടെ പുണ്യയോഗ്യതയെ പരാമർശിച്ചുകൊണ്ടു നല്കുന്ന കത്തോലിക്കാ സിദ്ധാന്തം ഇങ്ങനെ സമാഹരിക്കാം. മൂന്നു വ്യവസ്ഥകളടങ്ങിയ സൽകർമ്മങ്ങൾ നമ്മെ സ്വർഗ്ഗരാജ്യത്തിലേക്കു നയിക്കാൻ സമർത്ഥങ്ങളാണ്. (1) ദൈവികനിയമത്തിനു അവ അനുയോജ്യമാകണം. (2) നീതിമാനാൽ നിർവ്വഹിക്കപ്പെട്ടവയാകണം. (3) നീതിമാൻ പ്രസാദവരത്തിൽ മരണം പ്രാപിക്കണം. പാപംപൊറുക്കപ്പെട്ടുകഴിഞ്ഞാൽ പാപംമൂലം നിർജ്ജീവവും നിഷ്ഫലവുമായി പോയിരുന്ന സുകൃതസമ്പത്തിനെ സംബന്ധിച്ചിടത്തോളം പാപത്തിനു മുമ്പെന്നപോലെ പ്രസ്തുതവ്യവസ്ഥകൾ ബാധകമാണല്ലോ. നീതിമാന്റെ സൽകൃത്യങ്ങൾ, "ആയാൾ പ്രസാദവരത്തോടുകൂടി ഐഹികവാസം വെടിയുന്നുവെങ്കിൽ കൃപാവരവർദ്ധനവും, നിത്യജീവിതപ്രാപ്തിയും അവകാശപ്പെടുന്നു," എന്നാണു സൂനഹദോസ് പഠിപ്പിക്കുന്നതു്. വരപ്രസാദാലംകൃതനായി പരലോകം പ്രാപിക്കണമെന്നല്ലാതെ, പ്രഥമനീതീകരണത്തിനുശേഷം കൃപാവരം ഒരിക്കലും നഷ്ടപ്പെടുത്താതെ നോക്കണമെന്നാവശ്യപ്പെടുന്നില്ല. (ത്രി. സെ. 6, കാ. 2)

ദൈവികയുക്തികളും ഈ സിദ്ധാന്തത്തെ പിന്താങ്ങുവാൻ സർവ്വഥാ സമർത്ഥങ്ങളാണ്. ഈശ്വരമൈത്രിയിൽ വർത്തിക്കുന്ന ഏതൊരാളുടേയും സൽകർമ്മങ്ങൾ സർവ്വേശ്വരസമക്ഷം സദാപി സംപ്രീതിജനകമാണ്. എന്നാൽ ചാവുദോഷത്തിൽ ഉൾപ്പെടുന്ന ഒരാൾ നിത്യജീവിതത്തിനു അനർഹനായിഭവിക്കയാൽ പ്രസ്തുത പുണ്യപ്രവൃത്തികൾ നിഷ്ഫലങ്ങളായി പകരുന്നു. ഈ അർത്ഥത്തിലാണ് അവ നിർജ്ജീവങ്ങളായി പരിണമിക്കുന്നു എന്നു പറയുന്നതു്. അവയുടെ ഫലപ്രാപ്തിക്കു ഒരേ ഒരു തടസ്സം കനപ്പെട്ട പാപമാണ്. ആകയാൽ പ്രസ്തുത പ്രതിബന്ധം പാപസങ്കീർത്തനംമൂലം നീക്കപ്പെടുമ്പോൾ അവയുടെ ഫലപ്രയോജകത്വം പുനരുദയം ചെയ്യാതിരിപ്പാൻ നിവൃത്തിയില്ല; നിത്യജീവിതത്തിലേക്കായിട്ടുള്ള അവയുടെ വിലയും വൈഭവവും വീണ്ടു അവയ്ക്കു കൈവരാതിരിക്കയില്ല.

നീത്യനീതിമാനായ ദൈവം പൊറുക്കപ്പെട്ട ഒരു പാപത്തിനു നിത്യമായ ശിക്ഷ കല്പിക്കുമെന്നു ഊഹിക്കാൻപോലും ചെയ്യാമോ? പാപം വിമോചിക്കപ്പെട്ട, എന്നിരുന്നാലും മുമ്പുള്ള പുണ്യയോഗ്യതകളൊന്നും പരിഗണിക്കയില്ലെന്നു വന്നാൽ അതുതന്നെ ഒരു നിത്യകാലശിക്ഷയല്ലെന്നു വരാതിരിക്കുമോ? ആ സുകൃതസമ്പത്തിനു അവകാശപ്പെട്ട നിത്യമഹത്വം കിട്ടാതെ പോകുന്നതു യഥാർത്ഥമായ ശിക്ഷതന്നെയായിരിക്കും. ആ ശിക്ഷയാകട്ടെ എന്നെന്നേക്കും നിലനില്ക്കുന്നതുമായിരിക്കും.

രാജദ്രോഹക്കുറ്റത്തിനു ശിക്ഷിക്കപ്പെടുന്ന ഒരാളുടെ സ്വത്തുക്കളെല്ലാം രാഷ്ട്രം കണ്ടുകെട്ടും. എന്നാൽ ആ കുറ്റം ശരിയല്ലെന്നു തെളിയുകയോ, രാജകാരുണ്യത്താൽ ആയതിനു മാപ്പു നല്കപ്പെടുകയോ ചെയ്താൽ വസ്തുവകകളെല്ലാം ആയാൾക്കു തിരികെ ലഭിക്കും. രാജാധിരാജനോടുള്ള ദ്രോഹമാണല്ലോ പാപം. തദ്വാരാ പാപിയുടെ നിത്യസമ്പാദ്യങ്ങളെല്ലാം കണ്ടുകെട്ടപ്പെട്ടുപോയെങ്കിലും, ദ്രോഹം ക്ഷമിക്കപ്പെടുമ്പോൾ അതെല്ലാം പരമകാരുണികൻ തിരിച്ചുകൊടുക്കാതിരിക്കയില്ല.

(പി. കെ.)

## Text of the Agreement

### between the Holy See and the Portuguese Republic

The Holy See and the Portuguese Government, recognizing the expediency of adapting to the new situation prevailing in India the terms stipulated in the Concordat signed at Rome on 23rd June, 1886, and also in the Agreement signed on the 15th April 1928, named as Plenipotentiaries: For the Holy See, His Excellency the Right Rev. Mgr. Domenico Tardini, Secretary of the Sacred Congregation of Extraordinary Ecclesiastical Affairs; and for Portugal, His Excellency Dr. Pedro Tovar De Lemos, Conte di Tovar, Extraordinary Ambassador and Plenipotentiary accredited to the Holy See, both of whom, having exchanged Credential Letters, and finding them in order, agreed on the following Articles:

Art. 1: The Portuguese Government renounces the privilege of presentation conferred on the President of the Portuguese Republic for the Provision of the Sees of Mangalore, Quilon, Trichinopoly, Cochin, San Thome of Mylapore, and Bombay.

Art. 2: The Government of Portugal considers the Holy See free from the duty of consulting the President of the Portuguese Republic and of nominating Bishops of Portuguese nationality to the Sees of Cochin and San Thome of Mylapore.

Art. 3: Similarly the Government of Portugal holds the Holy See free from the duty of nominating to the Archiepiscopal See of Bombay an Archbishop of Portuguese nationality alternately with an Archbishop of British nationality.

Art. 4: On the cessation of the privileges referred to in Articles 2 and 3, Portuguese candidates, whether Europeans, Goans or of other origin shall not suffer, as it is obvious, from any disability on account of their nationality in relation to other eventual candidates for the Indian dioceses.

Art. 5: The dispositions of the preceding articles refer only to the provision of the dioceses referred to above, and not to the ownership of goods, of artistic treasures, of schools etc., of the Portuguese Patronage which shall continue to be recognised by the Holy See as property of the entities to which they actually belong.

Art. 6: The Government of Portugal undertakes to give due consideration, in the spirit of this Agreement, to an eventual new demarcation of the Archdiocese of Goa, should the Holy See think this necessary.

Art. 7: Those dispositions however of the Concordat of 1886 and of 1928 will remain in force which have not been expressly modified by the present Agreement, especially with regard to the Metropolitan and Patriarchal Dignity of the See of Goa, and with regard to the nationality of parish priests of specified parishes.

Art. 8: The Government of Portugal is free from the obligation of providing endowment of the dioceses of Cochin and San Thome, Mylapore, as was stipulated in the Concordat of 1886, in Article 6, and from other commitments towards the territories now detached from the Patronage.

Art. 9: The present Agreement shall be duly ratified and the exchange of ratifications held in Lisbon as soon as possible.

Made in duplicate copy
Vatican City, 18th July 1950
(From the "*Osservatore Romano*" of August, 1st 1950)


## വില്പനയ്ക്കുള്ള പുസ്തകങ്ങൾ

| | ക. ണ. പ. |
|---|---|
| ഫാത്തിമായിലെ കുട്ടികൾ | 1-0 -0 |
| ഡാനിയേലിന്റെ പഴങ്കഥകളും കോടതി വിധിയും | 0-8 -0 |
| മാർത്തോമ്മാശ്ലീഹായും മലങ്കരയും | 0-8 -0 |
| മതപാഠം | 1-8 -0 |
| ആധുനികലോകം | 1-8 -0 |
| രക്തസാക്ഷിണി | 0-12-0 |
| കന്യാസ്ത്രീ | 0-8 -0 |
| പൊന്നാംകരിശുമുത്തപ്പൻ | 0-8 -0 |
| മരിയാസവ്യക്തിത്രം | 0-1 -0 |
| സർ തോമസ് മൂർ | 0-10-0 |
| കണ്ണാടി | 0-10-0 |
| കത്തനാർകളി | 0-9 -0 |
| മത്താക്കമ്മാരോട് | 0 4 -0 |
| ചരിത്രചർച്ച | 1 12 0 |
| വി. തിവരേസ് | 0 4 -0 |
| ശത്രുവാണോ പോൾ | 0-1 -6 |
| മിശിഹാചരിത്രം | 0-12-0 |
| ഉജ്ജ്വലതാരങ്ങൾ | 0 4 0 |
| ചെറിയ വേദോപദേശം | 0 4 -0 |
| വേദോപദേശഹാജർ | 0-8 -0 |
| ടി അഡ്മിഷൻ റജിസ്റ്റർ | 2 0 0 |
| പാട്ടുതിട്ടുരുനീട്ട് | 1-12-0 |
| കുടുംബപ്രതിഷ്ഠ | 0-1 -6 |
| Have Confidence | 0 3 0 |
| മതപിഡനങ്ങൾ | 0-5 -0 |
| മരിയാസവ്യഞ്ജനം | 0-1 6 |
| സ്വർണ്ണാകിരണങ്ങൾ | 1-4 -0 |
| വി. ഫിലോമിനാ | 0-2 -0 |
| താർഷ്യാ മെരിനോ | 0-10-0 |

മാനേജർ
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം


(1-ാം പേജ് തുടർച്ച)

ഹംതന്നെ പോയി അമ്മയോടു വിവരമെല്ലാം പറഞ്ഞു. അനേകം നാളായി അകഴിഞ്ഞു ഇതിനുവേണ്ടിത്തന്നെ പ്രാർത്ഥിച്ചിരുന്ന അമ്മ മോനിക്കാപുണ്യവതി ധന്യയായി. സന്തോഷാശ്രുകൾ അമ്മയുടെ നേത്രങ്ങളിൽനിന്നും അനുതാപബാഷ്പധാരകൾ മകന്റെ കണ്ണുകളിൽനിന്നും ധാരയായി ഒഴുകി. പ്രാർത്ഥനയുടെ വിസ്മയാവഹമായ ശക്തി! പ്രസാദവരത്തിന്റെ അത്ഭുതകരമായ വിജയം!

ഇത്ര സാരമായ അത്ഭുതത്തിന്റെ മുമ്പിൽനിന്നു് ഒരാൾക്കു് ആത്മാർത്ഥമായി പോരാടുവാൻ കഴിയുമോ? സുകൃതജീവിതം സാദ്ധ്യമാണോ എന്നു? അഗസ്തീനോസു പുണ്യവാളൻ പിന്നീടു "കൺഫെഷൻസ്" എഴുതിയിരിക്കുന്നു. "അദ്ദേഹം പരിശുദ്ധരിൽ പണ്ഡിതനും പണ്ഡിതരിൽ പരിശുദ്ധനുമാണ്." എന്നാൽ അദ്ദേഹം മുപ്പത്തിരണ്ടു കൊല്ലക്കാലത്തോളം നികൃഷ്ടനായ ഒരു പാപിയുംകൂടെയായിരുന്നു. എന്താണു സംഭവിച്ചതു്? പ്രസാദവരത്തിന്റെ വമ്പിച്ച ഒരു വിജയം. ആകയാൽ അഗസ്തീനോടുകൂടെ പറയൂ: "കർത്താവേ, അങ്ങു കല്പിക്കുന്നതു് അനുസരിക്കുവാൻ വരം തരൂ; അങ്ങേക്കു ഇഷ്ടപ്പെടുന്നതു കല്പിക്കൂ."